KOTTAYAM PUBLIC LIBRARY

Call No. M 900 Acc. No. 19664

Author നാരായണ മേനോൻ

Title കൊച്ചി രാജ്യ ചരിത്രം

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

1167

# കൊച്ചി രാജ്യ ചരിത്രം

ഗ്രന്ഥകർത്താക്കൾ:

ടി. നാരായണമേനോൻ, ബി. ഏ., എൽ. ടി.

വി. ആർ. കൃഷ്ണനെഴുത്തച്ഛൻ, ബി. ഏ., ബി. എൽ.

തൃശ്ശിവപേരൂർ മംഗളോദയം അച്ചുക്കൂടത്തിൽ
അച്ചടിച്ചതു്

1116

[... 6 ണ]

[പകർപ്പവകാശം



നാടുവാണരുളുന്ന മഹാരാജാവു തിരുമനസ്സുകൊണ്ടു്

# മുഖവുര

കൊച്ചി രാജ്യചരിത്രത്തെക്കുറിച്ചുള്ള ഈ ലഘുഗ്രന്ഥം രചിച്ചിട്ടുള്ളതു് 7-ാം ക്ലാസ്സിലേയ്ക്കു നിശ്ചയിച്ചിരിക്കുന്ന പാഠ്യപദ്ധതിയനുസരിച്ചാണു്. പ്രതിപാദനത്തെ കഴിയുന്നത്ര ലളിതമാക്കുവാൻ ശ്രദ്ധിച്ചിട്ടുണ്ടു്. പല ചരിത്രസംഭവങ്ങളേയുംകുറിച്ചു അഭിപ്രായഭിന്നതയുള്ള ഘട്ടങ്ങളിൽ സയുക്തികമാണെന്നു തോന്നിയ ഭാഗത്തെ മാത്രം സ്വീകരിക്കുകയാണു് ചെയ്തിട്ടുള്ളതു്. കൊച്ചിയിലെ വിദ്യാർത്ഥികൾക്കു തങ്ങളുടെ രാജ്യത്തിൻെറ പൂർവ്വചരിത്രത്തെക്കുറിച്ചു് അഭിമാനമുണ്ടാക്കുവാൻ ഈ പരിശ്രമം ഉപകരിക്കുമെന്നു ഞങ്ങൾ വിചാരിക്കുന്നു.

ഗ്രന്ഥകാരന്മാർ

hin – the early chapters
– is a mere repetition of
A.K. Pisharoti' – It does
not follow the Syllabus.
of the Slokas Certain there
~~[illegible]~~, so far as I know
there no records to substantiate
– mere story – or tradition
manufactured

# വിഷയവിവരം


| അദ്ധ്യായം | | ഭാഗം |
|---|---|---|
| 1. | പുരാതനകേരളം | 1 |
| 2. | ആദ്യത്തെ കേരളരാജാക്കന്മാർ | 4 |
| 3. | രക്ഷാപുരുഷഭരണം | 7 |
| 4. | പെരുമാക്കന്മാർ | 11 |
| 5. | ടി (തുടർച്ച) | 13 |
| 6. | പെരുമാക്കന്മാരുടെ കാലത്തെ രാജ്യസ്ഥിതി | 16 |
| 7. | രാജ്യവിഭജനം | 19 |
| 8. | വീരകേരളവംശം | 22 |
| 9. | ടി (തുടർച്ച) | 25 |
| 10. | പെരുമ്പടപ്പുസ്വരൂപം | 28 |
| 11. | കൊച്ചിയും കോഴിക്കോടും ശത്രുക്കളായതു് | 31 |
| 12. | പെരുമ്പടപ്പും സാമൂതിരിയും തമ്മിൽ പിണക്കം മൂക്കുന്നു | 34 |
| 13. | പറങ്കികളുടെ വരവു് | 37 |
| 14. | സാമൂതിരിയും കൊച്ചിയും | 41 |
| 15. | പറങ്കികളുടെ പ്രതാപവർദ്ധന | 43 |
| 16. | പറങ്കികളും കൊച്ചിയും | 46 |
| 17. | പറങ്കികളുടെ അഭിവൃദ്ധി | 49 |
| 18. | പറങ്കികളുടെ പോക്കും ലന്തക്കാരുടെ വരവും | 51 |
| 19. | സാമൂതിരിയും കൊച്ചിയും | 55 |
| 20. | സാമൂതിരിയുടെ ശക്തിക്ഷയം | 58 |
| 21. | കൊച്ചിയും തിരുവിതാംകൂറും | 60 |
| 22. | കൊച്ചിയും മൈസൂരും | 63 |
| 23. | കൊച്ചിയും ബ്രിട്ടീഷുകാരും | 65 |
| 24. | കൊച്ചി, 19-ാംശതകത്തിൽ: പുതിയ ഭരണരീതി | 69 |
| 25. | 19-ാംശതകത്തിലെ രാജാക്കന്മാരും മന്ത്രിമാരും | 71 |
| 26. | ടി (തുടർച്ച) | 74 |
| 27. | കൊച്ചി, 20-ാംനൂററാണ്ടിൽ | 77 |
| 28. | നാടു വാഴുന്ന മഹാരാജാവു് | 80 |

# കൊച്ചിരാജ്യചരിത്രം

## അദ്ധ്യായം 1

### പുരാതനകേരളം

കിഴക്ക സഹ്യാദ്രിയും, പടിഞ്ഞാറ് അറബിക്കടലുമായി, കന്യാകുമാരിമുതൽ ഗോകർണ്ണംവരെയുള്ള പ്രദേശമാണ് പണ്ടത്തെ കേരളം. എന്നാൽ വടക്കുള്ള കർണ്ണാടകദേശത്തെ ഇപ്പോൾ കേരളത്തിൻെറ ഭാഗമായി ഗണിക്കുന്നില്ല. സാക്ഷാൽ മലയാളപ്രദേശങ്ങളായ ബ്രിട്ടീഷുമലബാർ ജില്ലയും, കൊച്ചി, തിരുവിതാംകൂർ എന്നീ നാട്ടുരാജ്യങ്ങളുമാണ് ആധുനികകേരളത്തിൻെറ രാഷ്ട്രീയവിഭാഗങ്ങൾ.

ഇവയിൽ കൊച്ചിരാജ്യം കേരളത്തിൻെറ മദ്ധ്യഭാഗത്ത് സ്ഥിതിചെയ്യുന്നു. കൊച്ചിയുടെ വടക്കും കിഴക്കും മലബാർ, കോയമ്പത്തൂർ എന്നീ ജില്ലകളും; തെക്ക തിരുവിതാംകൂറും; പടിഞ്ഞാറ് കുറെ ഭാഗം ബ്രിട്ടീഷുമലബാറും, ബാക്കി ഭാഗം അറബിക്കടലുമാണ്.

കേരളം പഴക്കം കുറഞ്ഞ ഒരു ഭൂഭാഗമാകുന്നു. അതിൻെറ ഉല്പത്തിയെക്കുറിച്ച ഒരൈതിഹ്യമുണ്ട്. ഒരു വൈഷ്ണവാവതാരമായ പരശുരാമൻ കടലിൽനിന്നു വീ

ണ്ടെടുത്തതാണത്രെ കേരളം. കാൎത്തവീൎയ്യാൎജ്ജുനന്റെ മക്കളോടുള്ള പക നിമിത്തം പരശുരാമൻ ക്ഷത്രിയരാജാക്കന്മാരെ 21 യുദ്ധങ്ങളിൽ തോല്പിച്ചു നശിപ്പിച്ചു. തന്മൂലമുണ്ടായ വീരഹത്യാദോഷം തീരുവാനായി അദ്ദേഹം യുദ്ധത്തിൽ പിടിച്ച രാജ്യങ്ങൾ മുഴുവൻ ബ്രാഹ്മണൎക്കു ദാനം ചെയ്തു. അതുകൊണ്ട് താമസിയ്ക്കുവാൻ ഇടമില്ലാതായ പരശുരാമൻ വരുണനേയും ഭൂമീദേവിയേയും സേവിച്ച് തന്റെ വെണ്മഴു എറിഞ്ഞാൽ എത്തുന്ന ദൂരമുള്ള ഭൂമി കടലിൽനിന്നു വീണ്ടെടുക്കുവാൻ അനുവാദം വാങ്ങി. അപ്രകാരം ഗോകൎണ്ണത്തുനിന്നു മഴു എറിയുകയും അതു കന്യാകുമാരിയിൽ ചെന്നുവീഴുകയും ചെയ്തു. അതോടുകൂടി സമുദ്രം പിൻവാങ്ങി കര ഉയൎന്നുവന്നു.

ഇങ്ങനെയുണ്ടായ കേരളത്തിൽ,—അഥവാ പരശുരാമക്ഷേത്രത്തിൽ,—പരശുരാമൻ പല പ്രദേശങ്ങളിൽനിന്നും ബ്രാഹ്മണരെ കൊണ്ടുവന്നു കുടിപാൎപ്പിച്ചു. കേരളഭൂമിയെ 64 ഗ്രാമങ്ങളായി വിഭജിച്ച് അവൎക്കു ദാനവും ചെയ്തു. എന്നാൽ മുമ്പുതന്നെ ഇവിടെ താമസമുറപ്പിച്ചിരുന്ന നാഗവൎഗ്ഗക്കാരുടെ എതിൎപ്പിനെ അവൎക്കു നേരിടേണ്ടിവന്നു. എതിരാളികളെ സമാധാനപ്പെടുത്തുവാൻ പരശുരാമൻ കുറെ ഭൂമി അവൎക്കു കൊടുത്തു. അദ്ദേഹം ഗ്രാമങ്ങൾതോറും ക്ഷേത്രങ്ങൾ നിൎമ്മിച്ചു. ബ്രാഹ്മണർ കേരളം വിട്ടു മടങ്ങാതിരിയ്ക്കുവാനായി പുതിയ ആചാരക്രമങ്ങളും ഭരണസമ്പ്രദായവും അദ്ദേഹം ഏൎപ്പെടുത്തി. അതിനുശേഷം ബ്രാഹ്മണരെ സേവിയ്ക്കുവാനും രാജ്യാഭിവൃദ്ധിയ്ക്കുള്ള പലതരം തൊഴിലുകൾ ചെയ്യുവാനും പല വ

ർഗ്ഗക്കാരേയും കൊണ്ടുവന്നു. കാര്യങ്ങൾ വേണ്ടപോലെ ശരിപ്പെടുത്തി പരശുരാമൻ തപസ്സു ചെയ്യുവാൻ ഹിമാലയത്തിലേയ്ക്കു പോകയും ചെയ്തു.

ഇതു വെറും ഒരു ഐതിഹ്യമാണെങ്കിലും അതിൽ ചില പരമാർത്ഥങ്ങൾ അന്തർഭവിച്ചിട്ടുണ്ട്. കേരളത്തിൽ കുടിയേറിപ്പാർത്ത നമ്പൂതിരിബ്രാഹ്മണരെ ഇങ്ങോട്ടു നയിച്ചതു് മഹർഷിശ്രേഷ്ഠനായ പരശുരാമനാണ്. ബ്രാഹ്മണരുടെ ഈ വരവിന്നു മുമ്പുതന്നെ കേരളം ജനസമേതമായിരുന്നു. ദ്രാവിഡവർഗ്ഗത്തിൽപെട്ട ആ ആദിമനിവാസികളോടു ബ്രാഹ്മണർ മല്ലിടേണ്ടിവന്നിട്ടുണ്ട്. പ്രതാപവും പദവിയും സമ്പാദിയ്ക്കത്തക്കവണ്ണം ബ്രാഹ്മണരുടെ ആചാരക്രമങ്ങളും അധികാരനിലയും വ്യവസ്ഥപ്പെടുത്തിയതും പരശുരാമൻതന്നെ ആണ്.

6,000_ത്തിൽപരം സംവത്സരം മുമ്പു ഭൂഗർഭത്തിൽ ചില വലിയ ക്ഷോഭങ്ങളുണ്ടായി എന്നും, അതിൻെറ ഫലമായി സമുദ്രം പിൻമാറിയതുകൊണ്ടാണ് കേരളമുണ്ടായതെന്നും ശാസ്ത്രജ്ഞന്മാർ ഊഹിയ്ക്കുന്നു. കേരളത്തിലെ ആദിമനിവാസികൾ ചെറുമർ, കാടർ മുതലായ ചില വർഗ്ഗക്കാരായിരുന്നു. അതിന്നുശേഷം വന്ന ദ്രാവിഡവർഗ്ഗത്തിലെ ഒരു പ്രത്യേകവിഭാഗക്കാരായ നാഗന്മാർ (നായന്മാർ) ആദ്യനിവാസികളെ കീഴടക്കി അടിമകളാക്കിത്തീർത്തു. ഭാർഗ്ഗവരാമൻെറ നേതൃത്വത്തിൽ പിന്നീടു വന്ന ബ്രാഹ്മണർ ഈ നാഗവർഗ്ഗക്കാരുമായിട്ടാണ് നേരിടേണ്ടിവന്നതു്.

ബ്രാഹ്മണരുടെ വരവിന്നു മുമ്പുതന്നെ കേരളത്തിൽ വ്യവസ്ഥാപിതമായ രാജ്യഭരണമുണ്ടായിരുന്നു. ആര്യന്മാരുടെ പുരാണങ്ങളിൽപോലും സുപ്രസിദ്ധന്മാരായ മഹാബലിയും അദ്ദേഹത്തിൻെറ മകൻ ബാണനും സ്ഥാപിച്ച ഒരു രാജവംശമാണ് കേരളത്തിൽ ആദ്യം അറിയപ്പെട്ടന്ന രാജവംശം. രാജാക്കന്മാരുടെ കീഴിൽ നാടുവാഴികളും പ്രഭുക്കന്മാരും ചെറിയ ചെറിയ വിഭാഗങ്ങളെ ഭരിച്ചുവന്നു.

3,000 കൊല്ലം മുമ്പുതന്നെ കേരളവും പാശ്ചാത്യരാജ്യങ്ങളുമായി കച്ചവടമുണ്ടായിരുന്നതായി അറിയുന്നുണ്ട്. കേരളത്തിലെ പ്രത്യേക വിഭവങ്ങളായ കുരുമുളകു, ഏലം, ഇഞ്ചി, കറുവാപ്പട്ട, ആനക്കൊമ്പ് മുതലായ ഒട്ടനേകം സാമാനങ്ങൾ സിറിയ, ഈജിപ്ത്, റോം മുതലായ പ്രദേശങ്ങളിലേയ്ക്ക് കയററി അയച്ചിരുന്നു. ഫിനീഷ്യന്മാർ, ഈജിപ്ത്കാർ, റോമക്കാർ, ജൂതന്മാർ, സുറിയാനികൾ, അറബികൾ എന്നിവർ ഓരോ കാലത്തായി ഈ കച്ചവടത്തിൻെറ പ്രധാന ഭാഗം അനുഭവിച്ചിട്ടുണ്ട്.

ദ്രാവിഡസംസ്കാരവും ആര്യസംസ്കാരവും തമ്മിലുള്ള സമ്മേളനം പുരാതനകാലം മുതല്ക്കുതന്നെ കേരളത്തിൽ ഉണ്ടായിട്ടുണ്ട്. രാജ്യഭരണം, കലാപോഷണം, കായികാഭ്യാസം, മുതലായ വിഷയങ്ങളിൽ കേരളത്തിന്നു ഭാരതചരിത്രത്തിലുള്ള സ്ഥാനം അദ്വിതീയമാണ്.

# അദ്ധ്യായം 2

## ആദ്യത്തെ കേരളരാജാക്കന്മാർ

പണ്ടത്തെ ദ്രാവിഡഭൂമി ആന്ധ്രം, കർണ്ണാടകം, ചേരം, (കേരളം) ചോളം, പാണ്ഡ്യം എന്നിങ്ങനെ അഞ്ചു ഭാഗങ്ങളായിരുന്നു. അവ ഓരോന്നും ഓരോ രാജാക്കന്മാരുടെ അധീനത്തിലുമായിരുന്നു. അതിൽ ചേരരാജാക്കന്മാരുടെ ആദ്യത്തെ തലസ്ഥാനം എറണാകുളത്തിന്നടുത്ത തൃക്കാക്കരയായിരുന്നു. ആദ്യകാലത്തു് ചേരരാജ്യം വാണിരുന്നതു മഹാബലിയും അദ്ദേഹത്തിൻെറ പിന്തുടർച്ചക്കാരുമായിരുന്നു എന്നു കഴിഞ്ഞ അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ രാജവംശം ബാണവംശം എന്ന പേരിലാണു് പ്രസിദ്ധമായതു്. മഹാബലിചക്രവർത്തി ദീർഘകാലം ക്ഷേമത്തോടും സമാധാനത്തോടുംകൂടി രാജ്യം വാണതിൻെറ സ്മാരകമായിട്ടാണു് ക്രിസ്താബ്ദം 7-ാം നൂററാണ്ടിൽ ഭാസ്കരരവിവർമ്മപ്പെരുമാൾ ഓണാഘോഷം ഏർപ്പെടുത്തിയതു്.

ഈ രാജവംശത്തിൽ പെട്ട ചേരൻ എന്നു പേരായ ഒരു ചക്രവർത്തി തലസ്ഥാനം തൃക്കാരനിന്നു തിരുവഞ്ചിക്കുളത്തേക്കു മാററം ചെയ്തു. പെരിയാറിൻെറ മുഖത്തു് തിരുവഞ്ചിക്കുളത്തിന്നടുത്തുള്ള കൊടുങ്ങല്ലൂർ തുറമുഖത്തു് അക്കാലത്തു് ഫിനീഷ്യരുടെ കച്ചവടകപ്പലുകൾ ധാരാളം വരാറുണ്ടു്. അതുകൊണ്ടു് അവരുമായുള്ള കച്ചവടത്തിൻെറ സൌകര്യത്തിന്നുവേണ്ടിയാണു് ഈ തല

സ്ഥാനമാററം ഉണ്ടായത്ത്. കേരളക്കരയിൽ കപ്പലടുക്കാവുന്ന പല തുറമുഖങ്ങളുമുണ്ടായിരുന്നെങ്കിലും ഏററവും പ്രധാനപ്പെട്ടതു കൊടുങ്ങല്ലൂർ തന്നെ ആയിരുന്നു. ഈ തുറമുഖസൌകര്യംമൂലം തിരുവഞ്ചിക്കുളം ധനസമൃദ്ധികൊണ്ടും, ജനബാഹുല്യംകൊണ്ടും, ഒരു സംസ്കാരകേന്ദ്രമെന്ന നിലയിലും വളരെ സുപ്രസിദ്ധമായിത്തീൎന്നു. ഈ നഗരത്തിന്നു കരൂർപട്ടണമെന്നും വഞ്ചിപട്ടണമെന്നും കൂടി പേർ പറയാറുണ്ട്.

മേൽ പറഞ്ഞ ചേരചക്രവൎത്തിയുടെ പേരിൽനിന്നാണത്രെ ഈ രാജ്യത്തിന്നു കേരളം എന്ന നാമധേയം സിദ്ധിച്ചത്ത്. അദ്ദേഹം തൻെറ രാജ്യം വളരെ വിപുലപ്പെടുത്തി. കേരളത്തിന്നു പുറമെ കുടക്, നീലഗിരി, കോയമ്പത്തൂർജില്ല, മൈസൂരിൻേറയും സേലം ജില്ലയുടേയും ഏതാനും ഭാഗങ്ങൾ, എന്നിവയും അദ്ദേഹം കീഴടക്കി ചേരരാജ്യത്തോടു ചേൎത്തു. കുറെ കാലം ഈ രാജ്യമെല്ലാം ഒരുമിച്ചു ഭരിച്ച ശേഷം കേരളത്തിന്നു പുറമെയുള്ള പ്രദേശങ്ങളുടെ ഭരണം ഒരു എളയ രാജാവിനെ ഏല്പിക്കുകയും അദ്ദേഹം അമരാവതി നദിയുടെ തീരത്ത് ഒരു രാജധാനി തീൎത്ത് അവിടെ താമസമാക്കുകയും ചെയ്തു. ആ തലസ്ഥാനത്തിന്നും കരൂർ എന്നുതന്നെയാണ് പേരിട്ടത്ത്. പിൽക്കാലത്ത് കരൂരിലെ ബാണവംശശാഖ കേരളശാഖയിൽനിന്നും പിരിഞ്ഞ് സ്വതന്ത്രമായിത്തീൎന്നു.

ഈ ആദ്യചക്രവൎത്തിമാരുടെ കാലത്താണ് പരശുരാമൻെറ നേതൃത്വത്തിൽ ബ്രാഹ്മണർ കേരളത്തിൽ കു

ടിയേറിപ്പാർത്തതു്. പരശുരാമൻ 'ശ്രീതിലകം' എന്നു പേരായ ഒരു കിരീടം അന്നത്തെ ചക്രവർത്തിയ്ക്കു സമ്മാനിച്ചു എന്നും ആ കിരീടം വളരെക്കാലം കേരളചക്രവർത്തിമാർ ധരിച്ചുവന്നു എന്നും പറയുന്നുണ്ടു്.

ക്രിസ്തുവിന്നു മുമ്പു നാലും അഞ്ചും ശതാബ്ദങ്ങൾക്കിടയ്ക്കു ഈ രാജവംശം, ക്ഷയിച്ചു. അതോടുകൂടി കേരളത്തിൻെറ വടക്കും തെക്കുമുള്ള പ്രദേശങ്ങളെ വിദേശ രാജാക്കന്മാർ ആക്രമിച്ചു കൈവശപ്പെടുത്തി. അതിന്നുശേഷം കേരളത്തിൻെറ സീമകൾ വടക്കു പുതുപ്പട്ടണവും തെക്കു കന്നേററിയുമായിത്തീൎന്നു. ബാക്കിയായ മദ്ധ്യകേരളത്തിൽ തന്നെയും പല സാമന്തരാജാക്കന്മാരുടേയും ശക്തിവൎദ്ധിച്ചു. ഒടുവിൽ രാജവംശം സന്തതിയില്ലാതെ അവസാനിയ്ക്കുകയാണു് ഉണ്ടായതു. അതിൽ പിന്നെ കേരളത്തിൽ കുറെ കാലത്തേയ്ക്കു രാജാക്കന്മാരുടെ ഭരണം ഉണ്ടായിരുന്നില്ല.

## അദ്ധ്യായം 3

### രക്ഷാപുരുഷഭരണം

ബാണവംശരാജാക്കന്മാരുടെ ഭരണത്തിന്നുശേഷം കേരളത്തിൽ കുറെ കാലത്തേയ്ക്കു് ഒരുവിധം പ്രതിനിധിഭരണമായിരുന്നു നടന്നതു്. ആ ഭരണകാലത്തിൻെറ ആദ്യദശയിൽ അധികം പ്രാധാന്യം വഹിച്ചിരുന്നതു് നാഗ

വർഗ്ഗത്തിൽപെട്ട നാടുവാഴികളും പ്രമാണികളുമാണ്. എ ങ്കിലും ബ്രാഹ്മണർ അവരുടെ നയവിശേഷംകൊണ്ടും, നാഗവർഗ്ഗക്കാർപോലും അംഗീകരിച്ച ആര്യസംസ്കാര ത്തിൽ അവൎക്കുള്ള ഉന്നതസ്ഥാനംകൊണ്ടും തങ്ങളുടെ അധികാരങ്ങൾ വൎദ്ധിപ്പിച്ചു. ക്രമേണ അവർ ശസ്ത്രവിദ്യ യും അഭ്യസിയ്ക്കുവാൻ ആരംഭിച്ചു. അതിന്നായി 18 കള രികൾ ഏൎപ്പെടുത്തുകയും നാഗവർഗ്ഗത്തിൽപെട്ട വിദഗ്ദ്ധ ന്മാരെ പരിശീലനത്തിന്നായി ഏൎപ്പെടുത്തുകയും ചെയ്തു. നാഗസ്ത്രീകളുമായി അവർ വിവാഹവും നടപ്പാക്കി. അ ങ്ങനെ തങ്ങളുടെ സ്വാധീനബലം വൎദ്ധിപ്പിച്ചു. അതുവ ഴിയായി നാഗന്മാരുടെ ഇടയിൽ അന്തഃഛിദ്രങ്ങളും ബ ലക്ഷയവും വളൎത്തുവാനും അവൎക്കു സാധിച്ചു. ഒടുവിൽ നമ്പൂതിരിബ്രാഹ്മണരും അവരുടെ ഭാഗത്തു ചേൎന്ന നാ ഗവർഗ്ഗക്കാരുംകൂടി അന്നത്തെ ഭരണാധികാരികളോടു യു ദ്ധത്തിന്നൊരുങ്ങി. കേരളത്തിൻെറ ഭരണാധികാരം മി ക്കവാറും തങ്ങളുടെ കൈവശമായ ശേഷമേ ബ്രാഹ്മണർ ഈ യുദ്ധം അവസാനിപ്പിച്ചുള്ളൂ.

അന്നത്തെ സന്ധിയനുസരിച്ച് രാജ്യഭരണത്തി ൻെറ പരമാധികാരം അഞ്ചു "രക്ഷാപുരുഷന്മാ"രിൽ നിക്ഷിപ്തമാക്കപ്പെട്ടു. ഇവരിൽ നാലു പേർ ബ്രാഹ്മണരാ യിരിയ്ക്കണമെന്നും അവരെ മുമ്മൂന്നു കൊല്ലത്തെ വാഴ്ച യ്ക്കായി ഗ്രാമക്കാർ തിരഞ്ഞെടുക്കേണമെന്നുമായിരുന്നു നിശ്ചയം. നാഗവർഗ്ഗത്തിൽപെട്ട രക്ഷാപുരുഷനെ ആ വർഗ്ഗക്കാർ പന്ത്രണ്ടു കൊല്ലക്കാലത്തേയ്ക്കാണ് തിരഞ്ഞെ ടുത്തിരുന്നത്.

ഭരണസൌകൎയ്യത്തിന്നുവേണ്ടി കേരളത്തെ പെരിഞ്ചെല്ലൂർ കഴകം, പയ്യന്നൂർ കഴകം, പറപ്പൂർ കഴകം, ചെങ്ങന്നിയൂർ കഴകം എന്നിങ്ങനെ നാലു ഭാഗങ്ങളായി തിരിച്ചു. ഓരോ കഴകത്തിൻേറയും പ്രത്യേകഭരണത്തിന്നായി ബ്രാഹ്മണരക്ഷാപുരുഷന്മാരിൽ ഓരോരുത്തരെ നിശ്ചയിച്ചു. എല്ലാ കഴകങ്ങളുടേയുംകൂടിയുള്ള മേലധികാരം ആകെയുള്ള രക്ഷാപുരുഷന്മാർ ഒന്നിച്ചു നടത്തുകയും ചെയ്തു.

ഓരോ കഴകത്തിലും പല ഗ്രാമങ്ങളും, ഓരോ ഗ്രാമത്തിലും പല തറകൾ, അല്ലെങ്കിൽ ദേശങ്ങളും, ഉണ്ടായിരുന്നു. ഗ്രാമങ്ങളുടെ കാൎയ്യങ്ങൾ ഗ്രാമസഭയും തറകളുടെ കാര്യങ്ങൾ തറക്കൂട്ടം, അല്ലെങ്കിൽ നാട്ടുകൂട്ടവും, നിൎവ്വഹിച്ചുവന്നു. ഓരോ തറയിലുംപെട്ട കാരണവന്മാരായിരുന്നു നാട്ടുകൂട്ടങ്ങളിലെ അംഗങ്ങൾ. തറകളെ പ്രതിനിധീകരിക്കുന്നവയായിരുന്നു ഗ്രാമസഭകൾ. കഴകങ്ങൾ ഗ്രാമങ്ങളേയും പ്രതിനിധീകരിച്ചിരുന്നു. അതുകൊണ്ടാണ് രക്ഷാപുരുഷഭരണം ഒരുവിധം പ്രതിനിധിഭരണമായിരുന്നു എന്നു പറഞ്ഞതു്.

നാട്ടുകൂട്ടവും ഗ്രാമസഭയുമെല്ലാം അതാതു തറയിലോ ഗ്രാമത്തിലോ ഉള്ള ക്ഷേത്രസന്നിധിയിലാണ് കൂടാറുള്ളതു്. ഈ സ്ഥാപനങ്ങളുടെ നടത്തിപ്പിന്നുവേണ്ടി ഓരോ ഭൂമിയുടമസ്ഥനും തൻെറ ആദായത്തിൻെറ ഒരോഹരി കൊടുക്കേണ്ടിയിരുന്നു. ഈ സഭകൾക്കു വലിയ അധികാരങ്ങളുണ്ടായിരുന്നു.

രാജ്യത്തിൻെറ പൊതുഭരണത്തിൽ രക്ഷാപുരുഷ

ന്മാരെ സഹായിയ്ക്കുന്നതിന്നായി അഞ്ചു മഹാസഭകൾ ഉണ്ടായിരുന്നു. മതാചാരസഭ, ഭരണസഭ, കച്ചവടസഭ, കൃഷിവ്യവസായസഭ, വൈദ്യസഭ എന്നിവയായിരുന്നു അവ. രക്ഷാപുരുഷന്മാരിൽ ഓരോരുത്തർ ഓരോ സഭയുടെ അധികാരം പ്രത്യേകമായും എല്ലാററിൻേറയും അധികാരം എല്ലാവരും കൂട്ടായും വഹിച്ചുവന്നു.

കാലക്രമത്തിൽ ഈ ഭരണസമ്പ്രദായം അധഃപതിച്ചു. രക്ഷാപുരുഷന്മാരായി അവരോധം ചെയ്യപ്പെട്ടുന്നവർ തങ്ങളുടെ സ്വാത്ഥലാഭത്തിന്നുവേണ്ടി പൊതുക്ഷേമം ബലികഴിയ്ക്കുവാൻ തുടങ്ങി. അധികാരമത്സരം വദ്ധിയ്ക്കുകയും ചെയ്തു. കാലാവുധി കഴിഞ്ഞിട്ടും സ്ഥാനമൊഴിയാതെയുള്ള വഴക്കുകളും ഉത്ഭവിച്ചു. തന്മൂലം നാട്ടിലെ പ്രഭുക്കന്മാരും ജനങ്ങളും ഒരുഭാഗത്തും, രക്ഷാപുരുഷന്മാർ മറുഭാഗത്തുമായി യുദ്ധംതന്നെ ഉണ്ടായി. ഒടുവിൽ ഈ കലാപം അവസാനിച്ചതു് കൊങ്ങുരാജ്യത്തിലെ ഉദയൻ ബാണവമ്മൻ എന്ന രാജാവിൻെറ മദ്ധ്യസ്ഥതയിലാണു്. അതുപ്രകാരം ഏതാണ്ടു ഒന്നേമുക്കാൽ ശതാബ്ദത്തോളം കാലം നിലനിന്ന ഈ ഭരണസമ്പ്രദായം ക്രിസ്തുവഷാരംഭത്തിന്നു മുമ്പു 113-ാമാണ്ടിൽ അവസാനിയ്ക്കുകയും കേരളത്തിൽ വീണ്ടും രാജഭരണം സ്ഥാപിയ്ക്കപ്പെടുകയും ചെയ്തു. അങ്ങനെയുണ്ടായ രാജാക്കന്മാരിൽ ആദ്യത്തെ ആൾ ഉദയൻ ബാണവമ്മരാജാവുതന്നെ ആയിരുന്നു. അദ്ദേഹംമുതല്ക്കുണ്ടായ രാജവംശപരമ്പരയെ പെരുമാക്കന്മാർ എന്നാണു് വിളിച്ചുവന്നതു്.

## അദ്ധ്യായം 4

### പെരുമാക്കന്മാർ

പണ്ടു ബാണവംശം കൊങ്ങുരാജ്യത്തു സ്ഥാപിച്ച ശാഖയിലെ ഒരു അനന്തരഗാമിയായിരുന്നു ഉദയൻ ബാണവമ്മപ്പെരുമാൾ. തൻെറ നയകുശലതകൊണ്ടു കേരളത്തിലെ ഭിന്നകക്ഷികളുടേയും പ്രീതി മുമ്പുതന്നെ സമ്പാദിച്ചിരുന്നതിൻെറ ഫലമായിട്ടാണ് അദ്ദേഹം കേരളത്തിലേയ്ക്കു ക്ഷണിയ്ക്കപ്പെട്ടതു്. ഇപ്പോൾ കേരളവും കൊങ്ങുനാടും വീണ്ടും ഒരു രാജാവിൻെറ കീഴിലായി.

ഉദയൻ ബാണവമ്മപ്പെരുമാളുടെ അനന്തരഗാമികൾ ഏഴെട്ടു നൂററാണ്ടു കാലം കേരളം ഭരിച്ചു. ആകെ 36 പെരുമാക്കന്മാരാണ് ഉണ്ടായിട്ടുള്ളതു്. അവക്ക് ആതൻ എന്നുകൂടി സ്ഥാനപ്പേരുണ്ടായിരുന്നു. ബാണവംശക്കാരുടെ തലസ്ഥാനമായ തിരുവഞ്ചിക്കുളത്തുതന്നെയാണ് പെരുമാക്കന്മാരും സ്ഥാനമുറപ്പിച്ചതു്. ആ പട്ടണത്തിന്നു ആദ്യത്തെ പെരുമാളുമായുള്ള ബന്ധംമൂലം "മഹോദയപട്ടണം" എന്ന പേരും സിദ്ധിച്ചു.

നയകോവിദനായ ആദ്യത്തെ പെരുമാൾ പഞ്ചമഹാസഭകളേയും ഗ്രാമസഭകളേയും ഉപേക്ഷിച്ചില്ല. എന്നാൽ രക്ഷാപുരുഷന്മാക്ക് പകരം രാജ്യകാര്യങ്ങളിൽ തന്നെ സഹായിയ്ക്കുവാനായി 'തളിയാതിരി'മാർ എന്ന പേരിൽ നാലാളുകളെ വീതം മുമ്മൂന്നു സംവത്സരകാലത്തേയ്ക്കു നിയമിയ്ക്കുകയാണ് അദ്ദേഹം ചെയ്തതു്. തല

സ്ഥാനനഗരത്തിന്നു കുറെ വടക്കുഭാഗത്തുള്ള തൃക്കണാമതിലകത്തു സ്ഥാപിച്ച പഞ്ചമഹാസഭകൾവഴിയ്ക്കാണു് എല്ലാ കാൎയ്യങ്ങളും അദ്ദേഹം നിൎവ്വഹിച്ചതു്. ഈ ഭരണക്രമത്തിൽ പിൽകാലത്തെ പെരുമാക്കന്മാരും കാൎയ്യമായ മാററം വരുത്തിയില്ല.

രണ്ടാമത്തെ പെരുമാളായ ഇമയവൎമ്മപ്പെരുമാൾ പാണ്ഡ്യന്മാരേയും ചേരന്മാരേയും ജയിച്ചു കീഴടക്കി. അതിന്നുശേഷം അദ്ദേഹം ഹിമാലയവും അഫ്ഘനസ്ഥാനവുംവരെ ഒരു വലിയ ദിഗ്ജയവും നടത്തി. അദ്ദേഹത്തിൻെറ കാലത്തു് കേരളത്തിൻെറ വടക്കും തെക്കുമുള്ള അതിരുകൾ വീണ്ടും ഗോകൎണ്ണവും കന്യാകുമാരിയുമായി. ഇക്കാലത്തുതന്നെ 'കോവലൻ' എന്ന ഒരു വണിഗ്വരൻ തിരുവഞ്ചിക്കുളത്തു കേമമായ ഒരു ബുദ്ധ'ചൈത്യം' പണി ചെയ്യിച്ചു.

പിൽക്കാലത്തു് ഇടയ്ക്കിടയ്ക്കു വിദേശരാജാക്കന്മാരുമായി പല യുദ്ധവുമുണ്ടായിട്ടുണ്ടു്. രണ്ടാമത്തെ ഇമയവൎമ്മപ്പെരുമാളുടെ കാലത്തു് ക്രിസ്താബ്ദം 115-ൽ കരികാലൻ എന്നചോളരാ്ജാവു് കേരളത്തെ ആക്രമിച്ചു. യുദ്ധത്തിൽ മുറിവേററു മോഹാലസ്യപ്പെട്ട പെരുമാൾ, പിന്നീട്;തനിയ്ക്കു പററിയ അവമാനമോൎത്തു് യുദ്ധം മതിയാക്കി നാടു വിട്ടു പോയി സന്ന്യാസം സ്വീകരിച്ചു. അനന്തരം നാടുവാണ ബാണവൎമ്മൻപെരുമാൾ ചോളരാജാവിൻെറ മകളെ വിവാഹം ചെയ്തു.

ചെങ്കുട്ടുവപ്പെരുമാൾ ബാണവൎമ്മപ്പെരുമാളെ പി

ന്നുടന്നു. അദ്ദേഹത്തിൻെറ അനുജനാണു് സുപ്രസിദ്ധമായ 'ചിലപ്പതികാരം' എന്ന ചെന്തമിൾകാവ്യത്തിൻെറ കത്താവു്. തൃക്കണാമതിലകത്തു സ്ഥാപിയ്ക്കപ്പെട്ടിരുന്ന വിശ്വവിദ്യാലയത്തിൻെറ അധിപനും ഇദ്ദേഹമായിരുന്നു. ചെങ്കുട്ടവപ്പെരുമാളുടെ കാലത്തു് 'കരപ്പുറം' എന്ന പ്രദേശം കരവച്ചുണ്ടായി. 'കന്നകി' എന്ന അക്കാലത്തെ ഒരു പതിവ്രതാരത്നം ആത്മത്യാഗം ചെയ്തതിൻെറ സ്മാരകമായി പെരുമാളുടെ പത്നിയായ മഹാരാജ്ഞിയുടെ അപേക്ഷപ്രകാരം അദ്ദേഹം സ്ഥാപിച്ചതാണു് കൊടുങ്ങല്ലൂർ ഭഗവതീക്ഷേത്രം. ഈ ക്ഷേത്രത്തിലെ ബിംബത്തിന്നുള്ള ശില ഹിമാലയത്തിൽനിന്നു കൊണ്ടുവന്നതാണെന്നും അതിന്നുവേണ്ടിയുള്ള ഹിമാലയയാത്രയിൽ പെരുമാൾ ഒരു ദിഗ്ജയംതന്നെ നടത്തിയിട്ടുണ്ടെന്നും പറയുന്നുണ്ടു്. ഈ സംഭവത്തെക്കുറിച്ചു രചിച്ചിട്ടുള്ളതാണു് 'ചിലപ്പതികാരം.'

പിന്നീടുണ്ടായ ചില പെരുമാക്കന്മാരുടെ കാലത്തും ചോളപാണ്ഡ്യന്മാരുമായി പല യുദ്ധങ്ങളുമുണ്ടായിട്ടുണ്ടു്. ഈ യുദ്ധങ്ങളിൽ ജയാപജയങ്ങൾ ഓരോ കാലത്തു ഓരോ ഭാഗത്തായിക്കൊണ്ടിരുന്നു.

## അദ്ധ്യായം 5

### പെരുമാക്കന്മാർ (തുടച്ച്)

ക്രിസ്താബ്ദം 6-ാം നൂററാണ്ടിൻെറ മദ്ധ്യകാലം മുതൽ ഹരിശ്ചന്ദ്രവമ്മ എന്നു പേരായ ഒരു പെരുമാൾ

രാജ്യം വാണു. അക്കാലത്തു കേരളത്തിൽ മീമാംസകമതം പ്രചരിയ്ക്കുവാൻ തുടങ്ങി. അതു രാജ്യത്തു വലിയ പരിവൎത്തനമുണ്ടാക്കി. കൎമ്മാനുഷ്ഠാനപ്രധാനമായ ഈ മതമാണ് വിവിധങ്ങളായ ജാതിധൎമ്മങ്ങളും അവയെ അടിസ്ഥാനപ്പെടുത്തിയുള്ള ഉച്ചനീചത്വങ്ങളും കേരളഹിന്തുക്കളുടെ ഇടയിൽ കൊണ്ടുവന്നതു്.

ഹരിശ്ചന്ദ്രവൎമ്മപ്പെരുമാൾക്കുശേഷം രാജ്യഭാരം ചെയ്ത കുലശേഖരവൎമ്മപ്പെരുമാൾ യുദ്ധവീരനും ഭരണനിപുണനുമായിരുന്നതിന്നു പുറമെ ഒരു മഹാധൎമ്മിഷ്ഠനും കവിശ്രേഷ്ഠനുമായിരുന്നു. അദ്ദേഹം ചോളപാണ്ഡ്യരാജ്യങ്ങളെ ജയിച്ചു കീഴടക്കി. കൊടുങ്ങല്ലൂരുള്ള തൃക്കുലശേഖരക്ഷേത്രം മുതലായ പല ദേവാലയങ്ങളും അദ്ദേഹം പണിയിച്ചു. സംസ്കൃതവിദ്യാഭ്യാസം പ്രചരിപ്പിയ്ക്കുവാനും 'കൂടിയാട്ടം, 'ചാക്യാർകൂത്തു്' എന്നീ കലകൾ പരിഷ്കരിച്ചു നടപ്പാക്കുവാനും അദ്ദേഹം ശ്രമിച്ചു. 'മുകുന്ദമാല' എന്ന സുപ്രസിദ്ധമായ സ്തോത്രവും, 'സുഭദ്രാധനഞ്ജയം,' 'തപതീസംവരണം' എന്നീ സംസ്കൃതനാടകങ്ങളും പല തമിഴ്കൃതികളും ഇദ്ദേഹം രചിച്ചിട്ടുണ്ടു്. ഈ പെരുമാൾ നല്ല നിലയിൽ രണ്ടു പന്തീരാണ്ടോളം രാജ്യം ഭരിച്ചു് ഒരു വൈഷ്ണവസന്യാസിയായിത്തീൎന്നു. പിന്നീടു 'കുലശേഖരആൾവാർ' എന്ന സന്യാസി നാമധേയത്തിൽ സുപ്രസിദ്ധനായിത്തീരുകയും ചെയ്തു.

ഒടുവിലത്തെ പെരുമാളായ ഭാസ്കരരവിവൎമ്മപ്പെരുമാൾ "ചേരമാൻ പെരുമാൾ" എന്ന പേരിൽ സുപ്ര

സിദ്ധനായി. അദ്ദേഹം വലിയൊരു ശിവഭക്തനായിരുന്നു. അദ്ദേഹത്തിൻെറ രാജ്യഭരണം ജനങ്ങൾക്കെല്ലാം എത്രയും തൃപ്തികരമായിരുന്നു. മഹാപണ്ഡിതനായിരുന്ന തോലനായിരുന്നു അദ്ദേത്തിൻെറ പ്രധാനമന്ത്രി. തൻെറ അച്ഛനേപ്പോലെ തന്നെ ഒരു കവിയായിരുന്ന ഈ പെരുമാൾ കൂടിയാട്ടത്തെ കുറെക്കൂടി പരിഷ്ക്കരിക്കുകയും, ആ കലയെ പൊതുജനങ്ങൾക്കു കൂടുതൽ ആസ്വാദ്യമാക്കിത്തീൎക്കുകയും ചെയ്തു.

കേരളത്തിലെ ആദിചക്രവത്തിയായ മഹാബലിയുടെ സ്മരണയ്ക്കായി ഇന്നും കൊണ്ടാടിവരുന്ന 'ഓണം' ഇദ്ദേഹമാണ് ആരംഭിച്ചിതു്. കക്കിടകമാസത്തിലെ തിരുവോണം മുതൽ ചിങ്ങമാസത്തിലെ തിരുവോണംവരെ 28 ദിവസത്തെ ഉത്സവം മഹാബലിയുടെ തലസ്ഥാനനഗരമായിരുന്ന തൃക്കാക്കരവച്ച് കൊണ്ടാടണമെന്നു് അദ്ദേഹം നിശ്ചയിച്ചു. ആ മഹോത്സവത്തിൽ കേരളരാജാക്കന്മാരെല്ലാം ആഡംബരത്തോടുകൂടി ചെന്നു ചേരണമെന്നും നിശ്ചയിച്ചിരുന്നു. അതിന്നുള്ള ചമഞ്ഞു പുറപ്പെടലാണു 'അത്തച്ചമയം'.

കേരളത്തിലെ ഭരണരീതിയിൽ ഒട്ടാകെ ഐകരൂപ്യം വരുത്തണമെന്ന ഉദ്ദേശത്തോടുകൂടി, എല്ലാ രാജാക്കന്മാരും പ്രമാണപ്പെട്ടവരും കൂടി രാജ്യകാൎയ്യങ്ങൾ ആലോചിക്കുവാനായി പന്ത്രണ്ടു കൊല്ലത്തിലൊരിക്കൽ തിരുനാവായവെച്ചു കുംഭമാസത്തിൽ കൂടാറുള്ള മാമാങ്കമഹോത്സവവും ഇദ്ദേഹമാണ് ഏൎപ്പെടുത്തിയതു്. ഹൈദ

രാലിയുടേയും ടിപ്പുവിൻേറയും ആക്രമണങ്ങൾ വരെ ഈ ഉത്സവം നടന്നുവന്നു. പ്രജാവത്സലനും രാജ്യകാൎയ്യനിപുണനുമായ ഇദ്ദേഹത്തോടുകൂടി പെരുമാൾ ഭരണം അവസാനിയ്ക്കുകയും ചെയ്തു.

## അദ്ധ്യായം 6

### പെരുമാക്കന്മാരുടെ കാലത്തെ രാജ്യസ്ഥിതി

പെരുമാൾഭരണത്തിൻെറ മദ്ധ്യകാലംവരെ കേരളത്തിൽ ബുദ്ധമതത്തിന്നും ബ്രാഹ്മണമതത്തിന്നും ഒരുപോലെ പ്രാധാന്യവും പ്രചാരവുമുണ്ടായിരുന്നു. ജൈനന്മാരും രാജ്യത്ത് അപൂൎവ്വമായിരുന്നില്ല. അപ്രകാരംതന്നെ. വൈഷ്ണവസിദ്ധാന്തത്തിന്നും ശൈവവിശ്വാസത്തിന്നും ഒരുപോലെയുള്ള അംഗീകരണമുണ്ടായിരുന്നു. ജാതിസംബന്ധമായ ആചാരാനുഷ്ഠാനഭേദങ്ങളും ഉച്ചനീചത്വങ്ങളും ആദ്യകാലത്തുണ്ടായിരുന്നില്ല.

എന്നാൽ പെരുമാൾവാഴ്ചയുടെ അവസാനകാലത്തോടുകൂടി സമുദായജീവിതത്തിൽ ചില മാററങ്ങൾ ഉണ്ടായി. മതസംബന്ധമായ പരമാധികാരം നമ്പൂതിരിമാരിൽ നിക്ഷേപിയ്ക്കപ്പെട്ടു. ബുദ്ധമതത്തെ നീചവും നിന്ദ്യവുമായി കണക്കാക്കിത്തുടങ്ങുകയും അതു പ്രായേണ തിരോഭൂതമാവുകയും ചെയ്തു. ഓരോ കാരണത്താൽ ഓരോ പ്രത്യേകജാതിയും ഓരോ ജാതിയിലുംതന്നെ ഉച്ച

നീചത്വങ്ങളുള്ള അവാന്തരവിഭാഗങ്ങളും വന്നുചേൎന്നു. ഓരോ പ്രത്യേകവൎഗ്ഗക്കാൎക്കും ഓരോവിധം കൎമ്മങ്ങളും കൎമ്മരീതിയും നിശ്ചയിയ്ക്കപ്പെട്ടു. അവയിൽനിന്നു തെററിയവരുടെ കുററം നിൎണ്ണയിച്ച് അവരെ ശിക്ഷിയ്ക്കേണ്ട ഭാരം ബ്രാഹ്മണരിൽ,—പ്രത്യേകിച്ച്, വൈദികബ്രാഹ്മണരിൽ,—നിക്ഷേപിയ്ക്കപ്പെട്ടു. തന്മൂലം എല്ലാ വൎഗ്ഗക്കാരും ബ്രാഹ്മണൎക്കു കീഴ്പെട്ടു ജീവിയ്ക്കണമെന്ന നിലയും വന്നു.

പെരുമാക്കന്മാരുടെ അധികാരം ജനങ്ങളെ ഒരുവിധത്തിലും മട്ടിയ്ക്കുത്തക്കതായിരുന്നില്ല. കേരളത്തിന്റെ ഏതാനും ഭാഗം മാത്രമേ പെരുമാക്കന്മാർ നേരിട്ടു ഭരിച്ചിരുന്നുള്ളു. മററു ഭാഗങ്ങൾ മുഴുവൻ പെരുമാക്കന്മാരുടെ മേൽക്കോയ്മയ്ക്കു വിധേയരായ സാമന്തരാജാക്കന്മാർ, നാടുവാഴിപ്രഭുക്കന്മാർ, മാടമ്പിമാർ, എന്നിവരാണ് ഭരിച്ചിരുന്നത്. ഈ അധികാരികളെല്ലാം തങ്ങളുടെ അധികാരസീമയിൽ പെട്ടേടത്തോളം രാജ്യങ്ങൾ ഭരിച്ചിരുന്നെങ്കിലും അവർ തമ്മിൽ കലഹിയ്ക്കുവാൻ പെരുമാക്കന്മാർ അനുവദിച്ചിരുന്നില്ല. വിശേഷാവസരങ്ങളിലെല്ലാം ഇവർ പെരുമാക്കന്മാൎക്കു സമ്മാനങ്ങൾ നൽകുകയും ആവശ്യമുള്ളപ്പോളെല്ലാം പടയാളികളെ അയച്ചുകൊടുക്കുകയും ചെയ്യാറുണ്ട്. നാടുവാഴികളുടേയും പ്രഭുക്കന്മാരുടേയുമെല്ലാം ഭരണാധികാരത്തെ നാട്ടുകൂട്ടങ്ങളും ഗ്രാമസഭകളും നിയന്ത്രിച്ചിരുന്നു.

വളരെക്കാലം മുമ്പുമുതൽ ഉണ്ടായിരുന്ന വിദേശീയരുമായുള്ള കച്ചവടം പെരുമാക്കന്മാരുടെ കാലത്തും തടവു കൂടാതെ നടന്നുവന്നു. അന്നത്തെ തലസ്ഥാനനഗര

മായ തിരുവഞ്ചിക്കുളം ഒരു ലോകവ്യാപാരകേന്ദ്രവും സംസ്കാരകേന്ദ്രവുമായി പരിലസിച്ചു. അതു മികവേറിയതും വിസ്തീർണ്ണമുള്ളതുമായ ഒരു പട്ടണമായിരുന്നു. ബലിഷ്ഠമായ കോട്ടയും കിടങ്ങുകളും അതിനെ സുരക്ഷിതമാക്കിയിരുന്നു. കോട്ടയ്ക്കകത്തുണ്ടായിരുന്ന പെരുമാളുടെ കൊട്ടാരം, വിഷ്ണുക്ഷേത്രം, ബുദ്ധചൈത്യം, ജൈനന്മാരുടെ സന്യാസിമഠം എന്നിവയും വിശേഷപ്പെട്ട മണിമന്ദിരങ്ങളും പട്ടണത്തെ മനോഹരമാക്കി. ഉദ്യോഗസ്ഥന്മാർ, വിദ്വാന്മാർ, വൈദികന്മാർ, സന്യാസികൾ, വ്യാപാരികൾ, മുതലായവർ നിറഞ്ഞ ആ പട്ടണം അക്കാലത്തു അസാധാരണമായ പ്രാധാന്യം പ്രാപിച്ചു.

സാഹിത്യസംബന്ധമായ പുരോഗതിയിലും പെരുമാക്കന്മാരുടെ കാലം സംഭവരഹിതമല്ലെന്നു ഇതിന്നുമുമ്പു കാണുകയുണ്ടായി. പെരുമാക്കന്മാരിൽ ചിലർ മികച്ച കാവ്യകാരന്മാരായിരുന്നതിന്നു പുറമെ അവർ വിദ്വാന്മാരേയും വിദ്യാഭ്യാസത്തേയും പ്രോത്സാഹിപ്പിയ്ക്കുന്ന കാര്യത്തിലും ജാഗ്രത കാണിച്ചിരുന്നു. മലയാളഭാഷ അന്നു അതിന്റെ ആദ്യദശയിലായിരുന്നു. എങ്കിലും 'തോല' ന്റേയും മററും അന്നത്തെ മലയാളപദ്യങ്ങൾ ഇന്നും സുപ്രസിദ്ധങ്ങളാണ്. കൂടിയാട്ടം, ചാക്യാർകൂത്ത്, മുതലായ നാട്യകലകളും അന്നു അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്. പല വിശേഷപ്പെട്ട തമിഴ്കാവ്യങ്ങളും സംസ്കൃതഗ്രന്ഥങ്ങളും ഈ കാലത്തു കേരളത്തിൽ രചിയ്ക്കപ്പെട്ടിട്ടുള്ളതായി കാണുന്നു. മതിലകത്തു ഒരു വിശ്വവിദ്യാലയമുണ്ടായിരുന്നതായും ഇതിന്നുമുമ്പു പറഞ്ഞുവല്ലൊ.

# അദ്ധ്യായം 7

## രാജ്യവിഭജനം

ഒടുവിൽ വാണ ഭാസ്ക്കരരവിവർമ്മപ്പെരുമാൾ, അഥവാ, ചേരമാൻപെരുമാൾ രാജ്യഭാരമൊഴിഞ്ഞു് മുഹമ്മദ്ദമതത്തിൽ ചേൎന്നു എന്നു ചിലരും, ബുദ്ധമതത്തിൽ ചേരുകയാണു് ചെയ്തതെന്നു വേറൊരു പക്ഷക്കാരും സിദ്ധാന്തിയ്ക്കുന്നു. എന്നാൽ രാജ്യഭാരം കഴിഞ്ഞശേഷവും അദ്ദേഹം ശരിയായ ഒരു ഹിന്തുവായിത്തന്നെ ജീവിതം നയിക്കുകയാണു് ഉണ്ടായിട്ടുള്ളതു്.

കേരളത്തിൽ നാനാഭാഗത്തുമായി പല സാമന്തരാജാക്കന്മാരും പ്രഭുക്കന്മാരുമുണ്ടായിരുന്നു എന്നും അവരുടെ മേൽക്കോയ്മാധികാരമാണു് പെരുമാൾക്കുണ്ടായിരുന്നതെന്നും പ്രതിപാദിച്ചിട്ടുണ്ടല്ലൊ. രാജ്യത്തിൻെറ കുറെ ഭാഗം പെരുമാൾ നേരിട്ടു ഭരിയ്ക്കുകയും ചെയ്തിരുന്നു. സാമന്തരാജാക്കന്മാൎക്കു അവരവരുടെ നാടുകളിൽ പരിപൂൎണ്ണമായ അധികാരം നൽകുകയും, താൻ നേരിട്ടു ഭരിച്ചിരുന്ന രാജ്യത്തെ സ്വന്തം ഭാഗിനേയനെ ഏല്പിയ്ക്കുകയും ചെയ്തുകൊണ്ടാണു് ചേരമാൻപെരുമാൾ രാജ്യഭാരമൊഴിഞ്ഞതു്.

കേരളത്തിലെ രാജാധികാരത്തെ ഇങ്ങനെ ഛിന്നഭിന്നമാക്കുവാൻ സംഗതിയായതിന്നു ചില കാരണങ്ങളുണ്ടു്. മുമ്പത്തെ പെരുമാക്കന്മാരെല്ലാം കേരളത്തിന്നു പുറത്തു ചോളം, പാണ്ഡ്യം മുതലായ രാജ്യങ്ങളിൽനിന്നാ

ണ് വിവാഹം കഴിയ്ക്കാറ്. ഈ കാലത്തു് മീമാംസകമതം ഭാരതത്തിലെല്ലാം പരന്നതോടുകൂടി കേരളത്തിലേയും പരദേശത്തേയും ആചാരങ്ങൾക്കു തമ്മിൽ വലിയ ഭിന്നതയുണ്ടായി. അതുമൂലം പെരുമാൾക്കു പാണ്ഡ്യചോളദേശങ്ങളിൽനിന്നു വിവാഹം ചെയ്യുന്നതിന്നും പെരുമാക്കന്മാരുടെ രാജകുമാരിമാരെ അങ്ങോട്ടു വിവാഹം ചെയ്തുകൊടുക്കുന്നതിന്നും വലിയ വിഷമമുണ്ടായി. മതസംബന്ധമായി സവ്വാധികാരികളായിത്തീൎന്ന കേരളബ്രാഹ്മണക്കും പെരുമാളുടെ വിദേശവുമായുള്ള വിവാഹബന്ധം തീരെ ഇഷ്ടമല്ലാതായി. അതുകൊണ്ടു പെരുമാൾ തൻെറ സഹോദരിയായ ഗംഗാധരലക്ഷ്മി എന്ന രാജകുമാരിയെ ഒരു കേരളബ്രാഹ്മണനെക്കൊണ്ടു വിവാഹം ചെയ്യിയ്ക്കുവാനും ആ രാജ്ഞിയ്ക്കുണ്ടാകുന്ന പുത്രന്മാൎക്കു താൻ വാഴുന്ന രാജ്യത്തിൻെറ പിന്തുടച്ച്വാവകാശം നല്കുവാനും തീരുമാനിച്ചു. അപ്രകാരം കേരളത്തിലെ മററു രാജാക്കന്മാൎക്കുള്ളപോലെ പെരുമാൾകുടുംബത്തിലും മരുമക്കത്തായസമ്പ്രദായം ഏൎപ്പെടുത്തി. അന്നത്തെ കേരളമൎയ്യാദയനുസരിച്ചു് പെരുമാൾ ഒരു നായർസ്ത്രീയെ വിവാഹം ചെയ്യുകയും ചെയ്തു. നാട്ടുവാഴികളും മററും ഈ പുതിയ രീതിയെ എതിൎക്കാതിരിയ്ക്കുവാനാണു് പെരുമാൾ സാമന്തന്മാൎക്കെല്ലാം അതാതു രാജ്യത്തിൻെറ ഭരണത്തിൽ പൂൎണ്ണാധികാരം നൽകിയതു്.

ഈ തീരുമാനം നടപ്പിൽ വരുത്തുവാൻ കാലമായപ്പോൾ പെരുമാൾ എല്ലാ സാമന്തരാജാക്കന്മാരേയും പ്രഭുക്കന്മാരേയും വിളിച്ചുവരുത്തി ഓരോരുത്തൎക്കും തങ്ങളു

ടെ നാട്ടിന്നുള്ള പൂൎണ്ണാധികാരം പൂൎവ്വം വെള്ളവുമായിദാനം ചെയ്തു. തൻെറ ഭാഗിനേയനായ വീരകേരളവൎമ്മയെ "ശ്രീ ഗംഗാധര വീരകേരളതൃക്കോവിലധികാരികൾ" എന്ന സ്ഥാനപ്പേരോടുകൂടി എല്ലാവരേയും സാക്ഷിയാക്കി തൻെറ കിരീടം വെച്ചു വാഴിയ്ക്കുയും ചെയ്തു. പെരുമാളുടെ ഉദാരകൃത്യത്തിൽ സന്തുഷ്ടരായ സാമന്തന്മാർ 'വീരകേരളരാജാവിനേയും അദ്ദേഹത്തിൻെറ വംശക്കാരേയും തങ്ങളുടെ ചക്രവൎത്തിയേപ്പോലെ മാനിയ്ക്കുന്നതാണെ'ന്നു സഭയിൽവെച്ചുതന്നെ സമയം ചെയ്തു. പെരുമാളുടെ മകനെ 'ഏറനാട്ടി'ലെ രാജാവാക്കിയും നിശ്ചയിച്ചു. ഇങ്ങനെ സ്വാതന്ത്ര്യം കിട്ടിയവരിൽ പ്രധാനപ്പെട്ടവർ, തുളുനാട്, കോലനാട്, കോട്ടയം, കുറുമ്പ്രനാട്, പോലനാട്, ഏറനാട്, വള്ളുവനാട്, നെടുമ്പുറയൂർനാട്, കുട്ടനാട്, ചാവക്കാട്, വെൺപലനാട്, ഓടനാട്, വേണാട് മുതലായ പ്രദേശങ്ങളിലെ സാമന്തരാജാക്കന്മാരാണ്.

ഇങ്ങനെ രാജ്യഭാരം കഴിഞ്ഞശേഷം പെരുമാൾ ഒരു തപസ്വിയുടെ നിലയിൽ രാജധാനിയിൽതന്നെ താമസിയ്ക്കുകയും 100-ാമത്തെ വയസ്സിൽ പരലോകം പ്രാപിയ്ക്കുകയും ചെയ്തു. ഈ സംഭവമുണ്ടായതു് ക്രിസ്താബ്ദം 7-ാം ശതാബ്ദത്തിൻെറ അവസാനത്തോടുകൂടിയാണ്.

# അദ്ധ്യായം ૪

## വീരകേരളവംശം

കട്ടവിലത്തെ പെരുമാൾ നേരിട്ടു ഭരണം നടത്തിയിരുന്ന രാജ്യത്തെ അദ്ദേഹം വീരകേരളവൎമ്മ എന്നു പേരായ തൻെറ ഭാഗിനേയനു കൊടുത്തു എന്നു പറഞ്ഞുവല്ലൊ. ആ രാജാവിൻെറ രാജ്യവും വംശപരമ്പരയുമാണ് ഇന്നത്തെ കൊച്ചിയും കൊച്ചിരാജകുടുംബവും. എന്നാൽ അന്നത്തെ രാജ്യത്തിന്നു ഇപ്പോഴത്തെ കൊച്ചിയേക്കാൾ വളരെ അധികം വിസ്തീൎണ്ണമുണ്ടായിരുന്നു. വീരകേരളവംശക്കാരുടെ രാജ്യത്തിൻെറ അതിരുകൾ വടക്കു ഏറനാട്ടുരാജ്യവും വള്ളുവനാട്ടുരാജ്യവും, കിഴക്കു പാലക്കാട്ടുരാജ്യവും സഹ്യപൎവ്വതവും, തെക്കു വേണാട്ടുരാജ്യവും, പടിഞ്ഞാറു അറബിക്കടലുമായിരുന്നു. നെടുങ്ങനാട്ട്, കവളപ്പാറനാട്ട്, പേരാറുവീതിനാട്ട്, ചെങ്ങഴിനാട്ട്, കക്കനാട്ട്, ക്ലററനാട്ട്, അയിരൂർനാട്ട്, വെൺപലനാട്ട് മുതലായ പല സാമന്തരാജ്യങ്ങളും അന്നത്തെ രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു.

ചേരമാൻപെരുമാളോടുള്ള വാഗ്ദത്തമനുസരിച്ച് വളരെക്കാലത്തോളു് കേരളത്തിലെ മിക്ക സാമന്തരാജാക്കന്മാരും വീരകേരളവംശത്തിലെ രാജാക്കന്മാരെ തങ്ങളുടെ ചക്രവൎത്തിമാരെന്ന നിലയിൽ ആദരിച്ചും ആചരിച്ചും പോന്നു. പ്രത്യേകാവസരങ്ങളിലെല്ലാം സാമന്തരാജാക്കന്മാർ ചക്രവൎത്തിയ്ക്കു കാഴ്ചകൾ കൊടുക്കുകയും, അദ്ദേഹം അവൎക്കു സമ്മാനങ്ങൾ കൊടുക്കുകയും ചെയ്യാറു

ണ്ടു്. ഓണം, മാമാങ്കം മുതലായ അവസരങ്ങളിൽ ചക്രവത്തിയും സാമന്തരാജാക്കന്മാരും ഒരുമിച്ചുകൂടുമ്പോൾ സാമന്തന്മാർ തങ്ങളുടെ കൊടികൾ താഴ്ത്തി അദ്ദേഹത്തെ വന്ദിയ്ക്കും. ഈ അവസരങ്ങളിൽ ചക്രവത്തി 'നിലപാട്ടതറ' എന്ന ഉൽക്കൃഷ്ടസ്ഥാനത്തെ അലങ്കരിയ്ക്കുകയും ചെയ്തിരുന്നു. യുദ്ധത്തിന്നുവേണ്ടി ചക്രവത്തി അവരുടെ സൈന്യങ്ങളെ ആവശ്യപ്പെട്ടാൽ അവർ അതയച്ചുകൊടുക്കും. ഇങ്ങനെ 350 വഷത്തോളം കാലം വീരകേരളവംശക്കാർ തടവു കൂടാതെ രാജ്യം ഭരിച്ചു.

കേരളത്തിൻെറ പൊതുഭരണകാര്യങ്ങൾ ആലോചിയ്ക്കുവാൻ തൃക്കണാമതിലകത്തുവെച്ചു കൂടാറുള്ള പഞ്ചമഹാസഭകളും തളിയാതിരിസ്ഥാനവും വീരകേരളവമ്മരാജാവുതന്നെ വേണ്ടെന്നു വെച്ചു. എങ്കിലും മതിലകം പിന്നേയും വളരെക്കാലം ഒരു പ്രശസ്തനഗരമായിത്തന്നെ നിലനിന്നുപോന്നു.

പിന്നീടു രാജ്യം ഭരിച്ച വീരരാഘവചക്രവത്തിയുടെ കാലത്തു കൃഷിയേയും വ്യവസായത്തേയും സംബന്ധിച്ചു് രാജ്യത്തു വളരെ അഭിവൃദ്ധിയുണ്ടായിട്ടുണ്ടു്. ക്രിസ്തുവഷം ഏഴാംനൂററാണ്ടിൻെറ ആരംഭത്തോടുകൂടി സിംഹളദ്വീപിൽനിന്നും കേരളത്തിൽ കുടിയേറിപ്പാപ്പു തുടങ്ങിയ ഈഴവർ കേരളത്തിലേയ്ക്കു തെങ്ങുകൃഷി കൊണ്ടുവരികയും ഈ ചക്രവത്തിയുടെ പ്രോത്സാഹനത്തോടുകൂടി ആ കൃഷി വളരെ പ്രചരിയ്ക്കുകയും ചെയ്തു. ഇക്കാലത്തുതന്നെ കച്ചവടത്തിലും വളരെ അഭിവൃദ്ധിയുണ്ടായിട്ടുണ്ടു്.

Kerala

വിദേശത്തുനിന്നു പല കച്ചവടപ്രമാണികളേയും ചക്രവത്തി ക്ഷണിച്ചുവരുത്തുകയും അവരെ പല പദവികളും നൽകി പ്രോത്സാഹിപ്പിയ്ക്കുകയും ചെയ്തു. ഇങ്ങനെ ക്ഷണിയ്ക്കപ്പെട്ട പലരും ജൂതവൎഗ്ഗക്കാരായിരുന്നു. ഇവരുടെ പരമ്പരയാണ് ഇന്നത്തെ കേരളത്തിലെ ജൂതസമുദായം. ഈ ചക്രവത്തിയുടെ കാലത്താണ് കന്യാകുമാരിമുതൽ മതിലകംവരെയുള്ള പ്രധാന സ്ഥലങ്ങളുടെ വിവരണങ്ങളുള്ള സുപ്രസിദ്ധസന്ദേശകാവ്യമായ "ശുകസന്ദേശം" രചിയ്ക്കപ്പെട്ടതു്.

പിന്നീടു വാണ രാജശേഖരചക്രവത്തിയെ ജനങ്ങൾ ചേരമാൻപെരുമാളോടു തുല്യനായിട്ടാണ് കരുതിവന്നതു്. രാജധമ്മവും സന്ന്യാസിധമ്മവും അദ്ദേഹം ഒരുപോലെ അനുഷ്ഠിച്ചുപോന്നു. അദ്ദേഹം നല്ലൊരു കവിയുമായിരുന്നു. ശങ്കരാചാര്യസ്വാമികൾ ജീവിച്ചിരുന്നതു് ഈ ചക്രവത്തിയുടെ ഭരണകാലത്താണ്. ആചാൎയ്യസ്വാമികൾ കമ്മപ്രധാനമായ മീമാംസകമതത്തെ നിഷേധിച്ചു. ജ്ഞാനപ്രധാനമായ വേദാന്തമതമാണ് ഉത്തമമെന്ന് അദ്ദേഹം സ്ഥാപിച്ചു. ശങ്കരാചാര്യരുടെ സിദ്ധാന്തങ്ങളിൽ വളരെ വിശ്വാസവും ബഹുമാനവുമുണ്ടായിരുന്ന ചക്രവത്തി ആ സിദ്ധാന്തങ്ങൾക്കനുസരിച്ച് ഹിന്ദുക്കളുടെ ആചാരാനുഷ്ഠാനങ്ങൾ പരിഷ്ക്കരിയ്ക്കണമെന്നു നിശ്ചയിച്ചു. ഈ കാര്യത്തെക്കുറിച്ചു കേരളത്തിലെ രാജാക്കന്മാരും വൈദികന്മാരും മററുമായി ആലോചിയ്ക്കുവാനായി ക്രിസ്ത്വാബ്ദം 825-ാമാണ്ടിൽ വേണാട്ടുരാജ്യത്തിൻെറ തലസ്ഥാനമായ കൊല്ലത്തുവെച്ച് ഒരു

മഹായോഗം നടന്നു. ചക്രവത്തിയുടെ അദ്ധ്യക്ഷതയിൽ നടന്ന ആ യോഗത്തിൽവെച്ച് ആചാര്യസിദ്ധാന്തങ്ങളനുസരിച്ചു പ്രവത്തിക്കുവാൻ തീരുമാനിച്ചു. ആ സംഭവത്തിൻെറ സ്മാരകമായി കൊല്ലവഷം ആരംഭിക്കുകയും ചെയ്തു.

---

## അദ്ധ്യായം 9

### വീരകേരളവംശം (തുടച്ച്)

രാജശേഖരചക്രവത്തിയെ തുടന്നു രാജ്യം ഭരിച്ച കുലശേഖരചക്രവത്തിയും സുപ്രസിദ്ധനായിരുന്നു. സംസ്കൃതവിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിലും, പണ്ഡിതന്മാരെ പ്രോത്സാഹിപ്പിക്കുന്നതിലും വിദഗ്ദ്ധനായ അദ്ദേഹം നിഷ്കഷിച്ചു.

പിന്നീട രാജ്യം വാണ ഒന്നാമത്തെ ഭാസ്കരരവിവമ്മ ചക്രവത്തിയുടെ കാലത്തു കൃഷി, കൈത്തൊഴിൽ, കച്ചവടം എന്നിവയിലും, കായികാഭ്യാസം, ആയുധാഭ്യാസം എന്നിവയിലും വലിയ പുരോഗതിയുണ്ടായിട്ടുണ്ട്. അന്നത്തെ ഒരു ജൂതപ്രധാനിയായ ജോസഫ്റാഹൻ എന്ന ആൾക്കു ചക്രവത്തി ചില അവകാശങ്ങളും പദവിയും ചെമ്പുതകിടിൽ ചാത്തിക്കൊടുത്തു. അളവും തൂക്കവും കണക്കാക്കുന്നതിന്നുള്ള പാത്രങ്ങളും കട്ടികളും വ്യവസ്ഥപ്പെടുത്തി രാജ്യത്തൊട്ടാകെ ഒരുപോലെ ആക്കുകയും ചെയ്തു.

അനന്തരം രാജ്യം ഭരിച്ചതു് യുദ്ധവീരനും പരാക്രമിയുമായ ഗോദരവിവർമ്മ ചക്രവർത്തിയാണു്. ഇദ്ദേഹത്തിന്റെ കാലത്തു് ഗംഗവംശക്കാരനായ ഒരു രാജാവു് കൊങ്ങുരാജ്യത്തുനിന്നു ഒരു വലിയ സേനയുമായി കേരളത്തെ ആക്രമിച്ചു. ഈ "കൊങ്ങൻപട" വാളയാർവഴിക്കു വന്നു് പാലക്കാട്ടുരാജ്യം ആക്രമിച്ചപ്പോൾ അവിടത്തെ രാജാവു് ചക്രവർത്തിയുടെ സഹായം അപേക്ഷിച്ചു. തന്റെ സേനയെ താൻതന്നെ നയിച്ചുംകൊണ്ടു് ചക്രവർത്തി പാലക്കാട്ടു രാജാവിന്റെ സഹായത്തിന്നു ചെന്നു. ഏറനാട്ടുരാജാവിന്റെ ഒരു സേനയേയും ചക്രവർത്തി വരുത്തിയിരുന്നു. ദേവീഭക്തനായ ചക്രവർത്തി ദുർഗ്ഗാപൂജ കഴിച്ചു പടക്കു പുറപ്പെടുകയും ഒരു ദിവസത്തെ യുദ്ധംകൊണ്ടുതന്നെ കൊങ്ങൻപടയെ തോല്പിച്ചു് ഓടിക്കുകയും ചെയ്തു. പടക്കു പുറപ്പെടുമ്പോൾ ഭഗവതിയെ പൂജിച്ച സ്ഥലത്തു സ്ഥാപിച്ചതാണു് ചിററൂർ ഭഗവതീക്ഷേത്രം. 'കൊങ്ങൻപട'യുണ്ടായതു ക്രിസ്ത്വാബ്ദം 917-ാമാണ്ടിലാണു്. പിന്നീടു കുറെ വർഷം കഴിഞ്ഞശേഷം ആ ക്ഷേത്രത്തിൽവെച്ചു് ഈ ആക്രമണത്തിന്റെ സ്മാരകമായി "കൊങ്ങൻപട" എന്ന ഒരു ഉത്സവം കൊണ്ടാടിത്തുടങ്ങി. കൊങ്ങന്മാരെ ഓടിക്കുവാൻ തന്നെ സഹായിച്ചതിന്റെ കൃതജ്ഞതാസൂചകമായി പാലക്കാട്ടുരാജാവു് ചക്രവർത്തിക്കു കൊടകരനാട്ടും നല്ലുദേശം എന്ന പ്രദേശവും കൊടുത്തു. അവയാണു് ഇപ്പോഴത്തെ ചിററൂർ താലൂക്കു്.

പിന്നീടുണ്ടായ സ്ഥാണുരവിവർമ്മ ചക്രവർത്തിയും

രണ്ടാം ഭാസ്കരരവിവമ്മചക്രവത്തിയും ക്ഷേത്രനിമ്മാണത്തിലും ക്ഷേത്രപരിഷ്കരണത്തിലും വളരെ താല്പര്യം പ്രദശിപ്പിച്ചു. സ്ഥാണുരവിവമ്മചക്രവത്തി ക്രിസ്ത്യാനികൾക്ക ചില സൌജന്യങ്ങളും സഹായങ്ങളും നൽകിയിട്ടുള്ളതിൻെറ ചെമ്പുപട്ടയം ഇന്നും അവരുടെ കൈവശമുണ്ടത്രെ.

രണ്ടാം ഭാസ്കരരവിവമ്മ ചക്രവത്തിയുടെ കാലം ക്രി. 993-ാമാണ്ടുവരെയായിരുന്നു. അതിന്നുശേഷം രാമവമ്മ കുലശേഖരചക്രവത്തിയാണ് രാജ്യം ഭരിച്ചതു്. പിന്നിട്ട രാജ്യം വാണ മഹാരാജാവിൻെറ കാലത്താണ് 1012-ൽ ചോളരാജാവായ 'പരകേസരിവമ്മൻ രാജേന്ദ്രചോളൻ' കേരളത്തെ ആക്രമിച്ചതു്. ദക്ഷിണഭാരതം മുഴുവനും ലങ്കാദ്വീപും ജയിച്ചു കീഴടക്കിയശേഷമാണ് രാജേന്ദ്രൻ ഒരു വലിയ സേനയുമായി കേരളത്തേയ്ക്കു തിരിച്ചതു്. പാലക്കാട്ടുരാജാവിനെ പരാജയപ്പെടുത്തി അദ്ദേഹം തിരുവഞ്ചിക്കുളത്തെത്തി. ചോളരാജാവിൻെറ ബലത്തെ മുൻകൂട്ടി അറിഞ്ഞ മഹാരാജാവു് തൻെറ ഭാഗിനേയിയും ഏകാവകാശിയുമായ രാജ്ഞിയെ ഭത്താവായ പെരുമ്പടപ്പു നമ്പൂതിരിയുടെ കൂടെ അദ്ദേഹത്തിൻെറ ഇല്ലത്തേയ്ക്കയച്ചു. അതിന്നു ശേഷമുണ്ടായ യുദ്ധത്തിൽ മഹാരാജാവിൻെറ സൈന്യം മിക്കവാറും നശിച്ചു. രാജാവും യുദ്ധം ചെയ്തു വീര്യസ്വർഗ്ഗം പ്രാപിച്ചു.

യുദ്ധത്തിന്നുശേഷം ചോളസൈന്യം തിരുവഞ്ചിക്കുളം മുഴുവൻ കൊള്ളയടിച്ചു നശിപ്പിച്ചു. അനേകം

നൂററാണ്ടുകളായി കേരളത്തിൻെറ തലസ്ഥാനനഗരമായി പ്രശസ്തിയും പ്രതാപവും തികഞ്ഞു പ്രകാശിച്ചിരുന്ന ലോകവിശ്രുതമായ ആ പട്ടണത്തിൻെറ സുവൎണ്ണകാലം അതോടുകൂടി അസ്തമിച്ചു.

## അദ്ധ്യായം 10

### പെരുമ്പടപ്പു സ്വരൂപം

രാജേന്ദ്രചോളനുമായുള്ള യുദ്ധത്തിൽ തലസ്ഥാന നഗരവും കൊട്ടാരമുതലുകളും നിശ്ശേഷം നശിച്ചതുമൂലം രാജ്ഞി പെരുമ്പടപ്പു നമ്പൂതിരിയുടെ കൂടെത്തന്നെ താമസിച്ചു. അദ്ദേഹം രാജ്ഞിയ്ക്കുവേണ്ടി അവിടെ ഒരു പ്രത്യേക മാളികയും ക്ഷേത്രവും പണിയിച്ചു. അതിന്നു 'വന്നേരി ചിത്രകൂടം' എന്നും പേരും കല്പിച്ചു. രാജ്ഞിയുടെ ഭൎത്താവായ നമ്പൂതിരിയ്ക്കു പുറമെ പെരുമ്പടമ്പില്ലത്തു് അദ്ദേഹത്തിൻെറ ജ്യേഷ്ഠൻെറ ഒരു വിധവ മാത്രമേ ഉണ്ടായിരുന്നുള്ളു. അതുകൊണ്ടു് ആദ്ദേഹം തൻെറ ഇല്ലത്തെ സൎവ്വ സ്വത്തുക്കളും രാജ്ഞിയ്ക്കും മക്കൾക്കുമായി കൊടുത്തു. അന്നുമുതല്ക്കാണു് വീരകേരളരാജവംശം പെരുമ്പടപ്പുസ്വരൂപമായിത്തീൎന്നതു്.

രാജ്ഞിയ്ക്കു സന്തതികളായി ഒരു പുത്രനും ഒരു പുത്രിയും മാത്രമാണു് ഉണ്ടായതു്. അധികാരവും പ്രതാപവും ക്ഷയിച്ച രാജവംശം ഒരു മുക്കാൽ നൂററാണ്ടോളം ഒതുങ്ങിയ നിലയിൽ ജീവിച്ചു. അതിന്നുശേഷം കുടുംബ

ത്തിൻെറ പഴയ മാഹാത്മ്യത്തെ വീണ്ടെടുക്കുവാൻ തക്ക വീര്യപരാക്രമങ്ങളോടുകൂടി രവിവൎമ്മ എന്നും കേരളവൎമ്മ എന്നും പേരായ രണ്ടു സഹോദരന്മാരുണ്ടായി. അവർ തങ്ങളുടെ നയസാമൎത്ഥ്യങ്ങൾകൊണ്ടു് കാലക്രമത്തിൽ ഒരു നല്ല സേനയെ സൃഷ്ടിച്ചു രാജ്യം വീണ്ടെടുക്കുവാൻ പുറപ്പെട്ടു. ക്രിസ്ത്വാബ്ദം 12-ാം നൂററാണ്ടോടുകൂടിയാണു് അവർ തങ്ങളുടെ ഉദ്യമം ആരംഭിച്ചതു്.

ഈ രാജകുമാരന്മാർ വീരകേരളവംശക്കാരുടെ കീഴിൽ മുമ്പുണ്ടായിരുന്ന രാജ്യത്തിൽ വടക്കും തെക്കും കുറച്ചു ഭാഗമൊഴികെ ബാക്കിയെല്ലാം തങ്ങളുടെ കീഴിലാക്കി. ഇതിൽ ഇപ്പോഴത്തെ കൊച്ചിയ്ക്കു പുറമെ പൊന്നാനിതാലൂക്കു മുഴുവനും, വള്ളുവനാടു താലൂക്കിൻെറ ഏതാനും ഭാഗവും, തിരുവിതാംകൂറിലെ അമ്പലപ്പുഴ, കോട്ടയം, മീനച്ചിൽ എന്നീ താലൂക്കുകൾമുതൽ വടക്കോട്ടുള്ള പ്രദേശം മുഴുവനും ഉൾപ്പെട്ടിരുന്നു.

ഇളയ രാജാവായ കേരളവൎമ്മരാജാവിനെ ഇളംകൂർ സ്ഥാനത്തിൻെറ അവകാശി എന്ന നിലയിൽ വെട്ടത്തു രാജാവായി വാഴിച്ചു. പൊന്നാനിതാലൂക്കിലെ താനൂർ എന്ന സ്ഥലമായിരുന്നു വെട്ടത്തുനാടിൻെറ തലസ്ഥാനം. ഈ രാജവംശം കാലാന്തരത്തിൽ പെരുമ്പടപ്പുസ്വരൂപത്തിൽനിന്നും അകന്നകന്നു് ഒടുവിൽ ഒരു സ്വതന്ത്രരാജ്യമായിത്തീൎന്നു.

രവിവൎമ്മരാജാവു തൻെറ സ്ഥാനത്തെ തിരുവഞ്ചിക്കുളത്തുതന്നെ സ്ഥാപിയ്ക്കുവാൻ തീരുമാനിച്ചു. ആ പട്ട

ണ്ണത്തെ കുറെയൊക്കെ പരിഷ്കരിച്ച രാജസ്ഥാനം അവി ടേയ്ക്കു മാററുകയും ചെയ്തു.

തന്റെ കിരീടധാരണത്തിന്നുശേഷം 10 വൎഷം കഴിഞ്ഞപ്പോൾ രവിവൎമ്മരാജാവു് രാജ്യഭാരം തന്റെ അനുജനെ ഏല്പിച്ച സ്ഥാനമൊഴിയുവാൻ തീരുമാനിച്ചു. എന്നാൽ ഇളയ രാജാവിന്നു തന്റെ ജ്യേഷ്ഠൻ ജീവിച്ചിരിയ്ക്കുമ്പോൾ മഹാരാജാധികാരം സ്വീകരിയ്ക്കുവാൻ ഇഷ്ടമുണ്ടായിരുന്നില്ല. അതുകൊണ്ടു ജ്യേഷ്ഠാനുജന്മാർ തമ്മിൽ ആലോചിച്ച് ഒരു പുതിയ വ്യവസ്ഥയുണ്ടാക്കി. അതുപ്രകാരം മഹാരാജാവിന്നു് അനന്തരവന്മാരിൽ ആരെയെങ്കിലും തന്റെ പ്രതിനിധിയായി രാജ്യം ഭരിയ്ക്കുവാൻ ഏല്പിയ്ക്കാം. എന്നാൽ രാജ്യഭാരമൊഴിഞ്ഞ ആൾ "പെരുമ്പടപ്പു മൂപ്പി"ന്നു എന്ന സ്ഥാനം വഹിയ്ക്കുന്നതാണു്. പ്രതിനിധിയായി നിയമിയ്ക്കപ്പെടുന്ന ആൾ മഹാരാജാവു മരിയ്ക്കുമ്പോൾ ഭരണം അടുത്ത അവകാശിയ്ക്കു ഒഴിഞ്ഞുകൊടുക്കണം. പ്രതിനിധിസ്ഥാനം വഹിച്ച ആൾക്കു പിന്നീട് ഒരിയ്ക്കലും ഭരണാധികാരം വഹിച്ചുകൂടാ. അങ്ങനെയുള്ളവർ കാരണവസ്ഥാനത്തെത്തുമ്പോൾ അവൎക്ക പെരുമ്പടപ്പുമൂപ്പിന്നു എന്ന സ്ഥാനംമാത്രമുണ്ടായിരിയ്ക്കുന്നതാണു്. ഈ വ്യവസ്ഥ രാജകുടുംബത്തിൽ മേലിലും അനുഷ്ഠിയ്ക്കണമെന്നും നിശ്ചയിച്ചു.

ഇതനുസരിച്ച രവിവൎമ്മരാജാവു് "ഉണ്ണി രാമവൎമ്മ" എന്ന രാജകുമാരനെ പ്രതിനിധിയായി നിശ്ചയിച്ച വാനപ്രസ്ഥം സ്വീകരിച്ചു. അദ്ദേഹം പിന്നേയും 10

വഷം ജീവിച്ചു. അതിന്നു ശേഷം കേരളവമ്മരാജാവു് 1164-ാമാണ്ടുവരെ 7 കൊല്ലം രാജ്യം ഭരിച്ചു.

---

## അദ്ധ്യായം II

### കൊച്ചിയും കോഴിക്കോട്ടും ശത്രുക്കളായത്

1. കേരളവമ്മ രാജാവിന്നുശേഷം ഗോദരവിവമ്മ രാജാവു് 1202 വരെ രാജ്യം ഭരിച്ചു. സൌകൎയ്യക്കുറവു കൊണ്ടു പെരുമ്പടപ്പു രാജാക്കന്മാർ കുറെ കാലമായി പോകാറില്ലാത്ത മാമാങ്കമഹോത്സവത്തിന്നു ഈ മഹാ രാജാവു പോവുകയുണ്ടായി. മാമാങ്കത്തിൽ അഗ്രാസന സ്ഥാനം വഹിയ്ക്കാറുള്ള വീരകേരള വംശക്കാരുടെ അനന്തരാവകാശികളായ പെരുമ്പടപ്പു മഹാരാജാക്കന്മാരുടെ അഭാവത്തിൽ കുറേ കാലം വള്ളുവനാട്ടു രാജാവും, പിന്നീടു് ഏറനാട്ടു് (സാമൂതിരി) രാജാവും ആ സ്ഥാനം വഹിച്ചു. ഗോദരവിവമ്മമഹാരാജാവു് മാമാങ്കത്തിന്നു ചെന്നപ്പോൾ സാമൂതിരിയ്ക്കു തന്റെ സ്ഥാനം അദ്ദേഹത്തിന്നായി ഒഴിഞ്ഞു കൊടുക്കേണ്ടിവന്നു. ഇതു സാമൂതിരിയ്ക്കു പൊറുക്കവയ്യാത്ത മാനഹാനിയുണ്ടാക്കി. പെരുമ്പടപ്പും ഏറനാട്ടും തമ്മിൽ പിന്നീടുണ്ടായ മത്സരങ്ങൾക്കെല്ലാം സാമൂതിരിയുടെ ഈ മാനഭംഗം ഒരു ഹേതുവായിത്തീൎന്നു.

2. പിന്നീടു രാജ്യം വാണ ആദിത്യരവിവൎമ്മരാജാ വിൻെറ കാലത്തു് രാജകുടുംബം മൂത്ത താവഴി, എളയ താവഴി, പള്ളുരുത്തിതാവഴി, മുരിങ്ങൂർ താവഴി, ചാഴൂർ താവഴി എന്നിങ്ങനെ അഞ്ചു ശാഖകളായി പിരിഞ്ഞു. എല്ലാ താവഴിയിലും വെച്ചു വയസ്സേറിയ പുരുഷൻ മഹാരാജാവാകണമെന്നും നിശ്ചയം ചെയ്തിരുന്നു. ഈ വിഭജനം കുറെ കാലത്തേയ്ക്കു കുഴപ്പമൊന്നും ഉണ്ടാക്കിയില്ലെങ്കിലും പിന്നീടു് അതു് വലിയ ഛിദ്രങ്ങൾക്കു ഹേതുവായി. പെരുമ്പടപ്പു സ്വരൂപത്തെ അമൎത്തുവാൻ തക്കംനോക്കി ഇരിപ്പായ സാമൂതിരി, താവഴികൾ തമ്മിലുണ്ടായ കുഴപ്പങ്ങളെ തൻെറ ആവശ്യത്തിന്നായി ഉപയോഗിക്കുവാനും ഇടവന്നു.

3. പിന്നീടുണ്ടായ ഉണ്ണിരാമവൎമ്മ രാജാവിൻെറ കാലത്തു് പ്രധാനമായ മറെറാരു സംഭവമുണ്ടായി. എളയ താവഴിയിലെ ഒരു തമ്പുരാട്ടിയും ഇടപ്പിള്ളി സ്വരൂപത്തിലെ ഇളയ രാജാവുമായുണ്ടായ വിവാഹമാണു് അതു്. ഈ വിവാഹം മഹാരാജാവിന്നു് ഇഷ്ടമായിരുന്നെങ്കിലും അദ്ദേഹം അതു തടഞ്ഞില്ല. അക്കാലത്തു കൊച്ചിപ്പട്ടണവും, മട്ടാഞ്ചേരി മുതലായ പരിസരപ്രദേശങ്ങളും ഇടപ്പിള്ളി രാജാവിൻേറതായിരുന്നു. തമ്പുരാട്ടിയുടെ ഭൎത്താവായ ഇളങ്കൂർ രാജാവിന്നു് മൂപ്പു കിട്ടിയപ്പോൾ അദ്ദേഹം കൊച്ചി, മട്ടാഞ്ചേരി, മുതലായ ഭാഗങ്ങൾ തമ്പുരാട്ടിയ്ക്കും മക്കൾക്കുമായി കൊടുത്തു. ആദായവും പ്രാധാന്യവും പിന്നീടു വൎദ്ധിച്ച ആ പ്രദേശങ്ങളുടെ

ഉടമാവകാശം എളയ താവഴിയുടെ പ്രാഭവത്തെ വൎദ്ധിപ്പിയ്ക്കുകയും കുടുംബഛിദ്രങ്ങൾക്കു മറെറാരു കാരണമാവുകയും ചെയ്തു. പിന്നീടുണ്ടായ ഇടപ്പിള്ളി രാജാക്കന്മാർ വിലപിടിച്ച ഈ പ്രദേശങ്ങൾ നഷ്ടപ്പെട്ടതിൽ ഖേദിയ്ക്കുകയും പെരുമ്പടപ്പും സാമൂതിരിയുമായുണ്ടായ മത്സരങ്ങളിൽ, ആ സ്ഥലങ്ങൾ വീണ്ടെടുക്കാമെന്നുള്ള ആശയോടുകൂടി, സാമൂതിരിയെ സഹായിയ്ക്കുവാൻ മുതിരുകയും ചെയ്തു.

4. ഉണ്ണിരാമവൎമ്മരാജാവിനെ പിന്തുടൎന്ന ഗോദവൎമ്മരാജാവിൻെറ കാലത്തു് പെരുമ്പടപ്പു സ്വരൂപത്തിൻെറ അഞ്ചു താവഴിയിലും പെടാത്ത മറെറാരു ശാഖയായ വെട്ടത്തു കുടുംബം സാമൂതിരിയുടെ നയപ്രയോഗങ്ങൾ മൂലം പിരിഞ്ഞുപോയി.

തിരുനാവായും പരിസരങ്ങളും വെട്ടത്തു രാജ്യത്തിൻെറ അതിൎത്തിയിലാകകൊണ്ടു വെട്ടത്തു രാജാവു സ്വാധീനമായാൽ മാമാങ്കസ്ഥലം സ്വാധീനമാകുമെന്നും, ചിത്രകൂടം കൈവശമാക്കിയാൽ പെരുമ്പടപ്പു രാജാവിൻെറ കിരീടധാരണം തടയാമെന്നുമാണു് സാമൂതിരി ഉദ്ദേശിച്ചതു്. വെട്ടത്തു രാജാവിൻെറ സഹായമുണ്ടെങ്കിൽ വന്നേരി പിടിയ്ക്കാൻ എളുപ്പമാണെന്നും, പരദേവതയുടെ മുമ്പിൽവെച്ചു കിരീടധാരണം ചെയ്യാതെ രാജാക്കന്മാൎക്കു മാമാങ്കത്തിന്നു പോകുവാൻ നിവൃത്തിയില്ലെന്നുമുള്ള സംഗതികളാണു സാമൂതിരിയുടെ പരിശ്രമത്തിൻെറ അടിസ്ഥാനം.

ഈ ഉദ്ദേശത്തോടു കൂടിയ നയപ്രയോഗം ആദ്യത്തിൽ ഫലിച്ചില്ല. അതിനാൽ സാമൂതിരിയും വെട്ടത്തുരാജാവുമായി യുദ്ധമുണ്ടായി. ഒടുവിൽ അവർ തമ്മിൽ സന്ധിയായപ്പോൾ വെട്ടത്തു ശാഖയെ പെരുമ്പടപ്പിൽ നിന്നു പിരിക്കുവാൻ സാമൂതിരിക്കു സാധിച്ചു.

## അദ്ധ്യായം 12

### പെരുമ്പടപ്പും സാമൂതിരിയും തമ്മിൽ പിണക്കം മൂക്കുന്നു

വെട്ടത്തു രാജാവുമായി സന്ധിയായശേഷം സാമൂതിരി വന്നേരി പിടിക്കുവാൻ യത്നം തുടങ്ങി. അന്നാട്ടുകാരനായ ഒരു നമ്പൂതിരിപ്രമുഖനേയും അദ്ദേഹംവഴി നാട്ടുകാരിൽ ചിലരേയും സാമൂതിരി വശത്താക്കി. ഒടുവിൽ ഒരു സേനയെ അയച്ചു വിഷമം കൂടാതെ വന്നേരി പിടിച്ചു. ഈ വിവരം കേട്ട ഉടനെ പെരുമ്പടപ്പുരാജാവു വന്നേരി വീണ്ടെടുക്കുവാൻ പട്ടാളത്തെ അയച്ചു. എന്നാൽ സാമൂതിരിയുടെ മുൻകരുതൽമൂലം കാൎയ്യം ഫലിച്ചില്ല. അതിൽപിന്നെ ഇരുകക്ഷികളും തമ്മിൽ ഇടയ്ക്കിടയ്ക്കു ഏററുമുട്ടിക്കൊണ്ടിരുന്നു. ജയാപജയങ്ങളും മാറിമാറിക്കൊണ്ടിരുന്നു.

ക്രി. 13-ാംനൂററാണ്ടിൻെറ അവസാനത്തോടുകൂടി

കൊടുങ്ങല്ലൂർ തുറമുഖം മണ്ണു കേറി ഉപയോഗശൂന്യമായി. 1341-ാമാണ്ടിൽ അതിവർഷത്താലുണ്ടായ വെള്ളപ്പൊക്കംമൂലം കൊച്ചിയിൽ അഴി തുറന്നു് അവിടെ നല്ലൊരു തുറമുഖമുണ്ടാവുകയും ചെയ്തു. ഈ തുറമുഖത്തുകൂടിയുള്ള വ്യാപാരം വർദ്ധിച്ചു കൊച്ചിക്കു് അഭിവൃദ്ധിയുണ്ടായതോടുകൂടി ഇളയ താവഴിയുടെ പ്രാബല്യവും ജനസ്വാധീനവും വർദ്ധിച്ചു.

1315-നുശേഷം ഒരു നൂററാണ്ടിലധികം കാലം മൂപ്പിൽസ്ഥാനംവഴിക്കുതന്നെ ഇളയ താവഴിയിൽപെട്ട അഞ്ചു തമ്പുരാക്കന്മാർ രാജ്യം വാണു. അവരിൽ ആദ്യത്തെ ആൾ തലസ്ഥാനത്തെ കൊച്ചിയിലേക്കു മാററി. അന്നുമുതൽ രാജ്യത്തിന്നു കൊച്ചിരാജ്യമെന്നും രാജാവിന്നു കൊച്ചിരാജാവു്, അഥവാ ഗോശ്രീഭൂപൻ, എന്നും നാമധേയങ്ങളുണ്ടായി.

പിന്നീടുണ്ടായ കേരളവർമ്മരാജാവു് വലിയ നയവിദഗ്ദ്ധനായിരുന്നു. പിന്തുടച്ചാവകാശം ഇളയ താവഴിക്കു മാത്രമാക്കുവാൻ അദ്ദേഹം പല ഉപായങ്ങളും പ്രയോഗിച്ചു. ഒന്നാമതായി ഇളയ താവഴിയുടെ താമസം കൊച്ചിക്കു മാററി. രണ്ടാമതു്, നാടുവാഴികളേയും പ്രമാണപ്പെട്ടവരേയും ന്യായവാദംകൊണ്ടും, ഉപായംകൊണ്ടും പാട്ടിലാക്കുവാൻ നോക്കി. ധനസമൃദ്ധികൊണ്ടും കച്ചവടസൌകര്യങ്ങൾകൊണ്ടും വളരെ പ്രധാനപ്പെട്ട കൊച്ചി, മട്ടാഞ്ചേരി മുതലായ പ്രദേശങ്ങൾ ഇളയ താവഴിയുടേയും രാജ്യത്തിൻെറ മററു ഭാഗങ്ങൾ മറേറതെങ്കിലും താ

വഴിയുടേയും കയ്യിലിരിക്കുന്നതു് രാജ്യത്തിൽ സമാധാന ക്ഷയത്തിന്നു കാരണമാകുമെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. ഇളയ താവഴിയുടെ പ്രബലതയാലും മററു താവഴികളുടെ ബലഹീനതയാലും മഹാരാജാവിന്റെ ഈ ഉദ്യമങ്ങളെ എതിൎക്കുവാൻ ആരും മുതിൎന്നില്ല. എന്നാൽ ഇങ്ങനെ പോക്കു മുട്ടിയ മററു താവഴികൾ വന്നേരിയേയും ചിത്രകൂടത്തേയും സംബന്ധിച്ച വഴക്കുകളിൽ ഇളയ താവഴിക്കെതിരായി സാമൂതിരിയെ സഹായിക്കുവാൻ തയ്യാറായിത്തീൎന്നു.

കേരളവൎമ്മരാജാവു് കൊല്ലവൎഷം 558-ാമാണ്ടു നടന്ന മാമാങ്കത്തിൽ പങ്കുകൊള്ളുകയുണ്ടായി. അതു ഒരു കൌശലപ്രയോഗംകൊണ്ടാണു് സാധിച്ചതു്. വന്നേരിയും ചിത്രകൂടവും കൈവശപ്പെടുത്തിയതിന്നുപുറമെ സാമൂതിരി കൊച്ചിരാജാവിന്റെ കിരീടധാരണത്തിൽ പൌരോഹിത്യം വഹിക്കേണ്ട ചേന്നാസ്സനമ്പൂതിരിയെ പാട്ടിലാക്കുകയും ചെയ്തിരുന്നു. എന്നാൽ ചേന്നാസ്സ മനക്കൽതന്നെ ഒരു ഛിദ്രമുണ്ടായി. അവിടത്തെ ഒരു നമ്പൂതിരിയെ മഹാരാജാവു വശത്താക്കി. മാമാങ്കം തുടങ്ങിയതിന്റെ പിറേറ ദിവസം കൊച്ചി രാജാവു ഉപായത്തിൽ വന്നേരിയിൽ പോയി കിരീടധാരണം ചെയ്തു് മാമാങ്കത്തിന്നു എത്തിച്ചേൎന്നു. ആദ്യത്തെ ദിവസം മാന്യസ്ഥാനം വഹിച്ച സാമൂതിരിക്കു ആ സ്ഥാനം കൊച്ചി രാജാവിന്നു ഒഴിഞ്ഞുകൊടുക്കേണ്ടിവരികയും ചെയ്തു.

ഇതിന്നുശേഷം കൊച്ചിരാജാക്കന്മാർ മാമാങ്കത്തിന്നു പോകേണ്ടതില്ലെന്നു തീരുമാനം ചെയ്തു.

മാമാങ്കം കഴിഞ്ഞു മടങ്ങിവന്ന മഹാരാജാവു നാടു വാഴികളേയും പ്രഭുക്കന്മാരേയും മററു പ്രമാണപ്പെട്ടവരേയും വിളിച്ചുകൂട്ടി ഒരു യോഗം ചേൎന്ന് അവരുടെ സമ്മതത്തോടുകൂടി രാജസ്ഥാനത്തേയ്ക്കുള്ള പിന്തുടൎച്ചാവകാശം ഇളയ താവഴിയ്ക്കു മാത്രമാക്കിത്തീൎത്തു. വയസ്സുമുറയ്ക്കു മറേറതെങ്കിലും താവഴിക്കാൎക്കു മൂപ്പു കിട്ടിയാൽ അവൎക്കു 'പെരുമ്പടപ്പു മൂപ്പീന്ന്' എന്ന സ്ഥാനം മാത്രം ഉണ്ടാവുന്നതാണെന്നും അന്യതാവഴിയിൽപെട്ട ഒരു തമ്പുരാൻ മഹാരാജാവാകണമെങ്കിൽ അദ്ദേഹത്തെ ഇളയ താവഴിയിലേയ്ക്കു ദത്തെടുക്കണമെന്നും നിശ്ചയിച്ചു. അപ്രകാരം 4-ം 5-ം മുറ തമ്പുരാക്കന്മാരെ മൂരിങ്ങൂർ താവഴിയിൽനിന്നു അപ്പോൾതന്നെ ദത്തെടുക്കുകയും ചെയ്തു.

അതിന്നുശേഷം 20 സംവത്സരത്തോളം രാജ്യം വാണതു് രാമവൎമ്മ മഹാരാജാവാണ്. 1473 മുതൽ രാജ്യം ഭരിച്ച ഗോദവൎമ്മ രാജാവിൻെറ കാലത്താണ് പോൎത്തുഗൽരാജ്യത്തുനിന്ന് വാസ്ക്കോഡഗാമ ആദ്യം കേരളത്തിൽ വന്നതു്.

# അദ്ധ്യായം 13

## പറങ്കികളുടെ വരവ്

പുരാതനകാലംമുതല്ക്കുതന്നെ ഫിനീഷ്യ, റോം, ഈജിപ്ത് അറേബിയ മുതലായ വിദേശരാജ്യങ്ങളും കേരളവു

മായി കച്ചവടമുണ്ടായിരുന്നു എന്നു് ഇതിന്നുമുമ്പു പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ വിദേശികൾ വ്യാപാരബന്ധത്തിൽകൂടെ ഇന്നാട്ടിലെ ഭരണകാര്യത്തിൽകൂടി ഇടപെടുവാൻ തുടങ്ങിയതു പറങ്കികളുടെ വരവോടുകൂടിയാണു്.

ക്രിസ്താബ്ദം 1497-ാമാണ്ടു് പോൎത്തുഗൽരാജ്യത്തിലെ എമാനുവൽ എന്നു പേരായ രാജാവു് വാസ്കോഡഗാമയുടെ നേതൃത്വത്തിൽ, ഇന്ത്യയിലേക്കു ഒരു കപ്പൽസംഘത്തെ നിയോഗിച്ചയച്ചു. അവർ ആഫ്രിക്കയുടെ തെക്കെ അററം ചുററി ഒരു കൊല്ലംകൊണ്ടു കോഴിക്കോട്ടു തുറമുഖത്തു് എത്തിച്ചേൎന്നു. ഈ പുതിയ വിദേശികളുമായി കച്ചവടം ചെയ്തു വളരെ ലാഭമുണ്ടാക്കാമെന്നു പ്രതീക്ഷിച്ചു് സാമൂതിരിപ്പാടു് വാസ്കോഡഗാമയെ ഹാൎദ്ദമായി സ്വീകരിച്ചു. എന്നാൽ അതുവരെ കേരളക്കരയുമായുള്ള കച്ചവടത്തിൻെറ മുഴുവൻ പങ്കും അനുഭവിച്ചുപോന്ന അറബികൾ പറങ്കികൾക്കു തടസ്ഥങ്ങളുണ്ടാക്കാൻ ശ്രമിച്ചു. എങ്കിലും ഡഗാമക്കു സാമൂതിരിയെ കാണുവാനും കോഴിക്കോട്ടു ഒരു പീടിക ഏൎപ്പെടുത്തുവാൻ അനുവാദം വാങ്ങുവാനും സാധിച്ചു. ഡഗാമ യാത്രച്ചിലവിൻെറ 60 ഇരട്ടി വില പിടിച്ച സാമാനങ്ങളോടുകൂടിയാണു് മടങ്ങിച്ചെന്നതു്.

ഈ വിജയത്തിൽ പോൎത്തുഗീസ്സുരാജാവു വളരെ സന്തോഷിച്ചു. പിന്നീടു് ഇടവിടാതെ കേരളത്തേക്കു കച്ചവടക്കപ്പലുകൾ അയക്കുവാൻ നിശ്ചയിക്കയും ചെയ്തു. ഡഗാമയെത്തുടൎന്നു് പോൎത്തുഗീസ്സുരാജാവു് പൂൎവ്വാധികം

സന്നാഹത്തോടുകൂടി കേബ്രാൾ എന്ന ആളെ അയച്ചു. അദ്ദേഹം സാമൂതിരിപ്പാടിനെക്കണ്ടു് ഒരു പീടിക ഏപ്പാടു ചെയ്തു. സാമാനങ്ങൾ വാങ്ങിത്തുടങ്ങിയപ്പോൾ അറബികളുമായി വഴക്കുണ്ടാവുകയും പറങ്കികൾക്കു് അവരുടെ പീടികയും കുറെ ആളുകളും നഷ്ടപ്പെടുകയും ചെയ്തു. അവിടെനിന്നും ഡഗാമ കൊച്ചിക്കു പുറപ്പെട്ടു. വഴിക്കുവെച്ചു അറബികളുമായി ഏററുമുട്ടി. അവരുടെ ഒട്ടേറെ കപ്പലുകൾ നശിപ്പിക്കുകയും ചെയ്തു.

കേബ്രാളാണു് കൊച്ചിയിൽ വന്ന ആദ്യത്തെ പോത്തുഗീസ്സുകാരൻ. അദ്ദേഹം ക്രി. 1500-ാംമാണ്ടു് ഡിസമ്പ്രിൽ എത്തുകയും അന്നു രാജ്യം വാണിരുന്ന ഗോദവമ്മ രാജാവിനെ സന്ദശിക്കുകയും ചെയ്തു. മഹാരാജാവും കേബ്രാളും മിത്രങ്ങളെന്നനിലയിൽ സഖ്യംചെയ്തതിനു പുറമെ കേബ്രാൾ കോഴിക്കോടു് കൊച്ചിയുടെ അധീനത്തിൽ ആക്കിക്കൊടുക്കാമെന്നു മഹാരാജാവിനോടു് ഏല്ക്കുകയും ചെയ്തു.

പോത്തുഗീസ്സുരാജാവിന്നു നല്കുവാനായി കൊച്ചിരാജാവിൻെറ സ്വൎണ്ണത്തകിടിലെഴുതിയ ഒരു സ്നേഹലിഖിതവും, രാജ്ഞിക്കു നല്കുവാൻ ഏല്പിച്ച രത്നങ്ങൾ, പട്ടുകൾ മുതലായ സമ്മാനങ്ങളും കൊണ്ടാണു് കേബ്രാൾ മടങ്ങിപ്പോയതു്. അദ്ദേഹം പോകുമ്പോൾ ഇടിക്കെളമേനോൻ എന്നും പറങ്ങോടമേനോൻ എന്നും പേരായ രണ്ടു പേരെ രാജാവിൻെറ സമ്മതം കൂടാതെ കൊണ്ടുപോയി. അതിൽ രാജാവിന്നു് അതൃപ്തിയുണ്ടായിരുന്നെ

ങ്കിലും സംരക്ഷയ്ക്കു വേണ്ട ഏപ്പ്പാട്ട കൂടാതെ കേബ്രാൾ കൊച്ചിയിൽ താമസിപ്പിച്ചുപോയ പറങ്കികൾക്കു വേണ്ട സഹായമെല്ലാം മഹാരാജാവു ചെയ്തു.

കോഴിക്കോട്ടുവെച്ച് കേബ്രാളിന്ന് അറബികളിൽ നിന്നു നേരിട്ട ദ്രോഹത്തിന്നു സാമൂതിരിയോട്ട പ്രതിക്രിയ ചെയ്യുവാൻ പോത്തുഗീസ്സരാജാവ് ഒരു വലിയ കപ്പൽപ്പടയുമായി ഡഗാമയെ വീണ്ടും കേരളത്തിലേയ്ക്കയച്ചു. സാമൂതിരിപ്പാട്ട് പറങ്കിക്കളുടെ നഷ്ടം കൊട്ടക്കാമെന്നു പറഞ്ഞ് സമാധാനത്തിന്നപേക്ഷിച്ചെങ്കിലും അറബികളുടെ കച്ചവടക്കപ്പലുകളെ നിശ്ശേഷം നശിപ്പിച്ചല്ലാതെ ഡഗാമ തൃപ്തിപ്പെട്ടില്ല. അദ്ദേഹം പിന്നീട്ട തിരിച്ചത് നേരെ കൊച്ചിയിലേയ്ക്കാണ്.

കൊച്ചിരാജാവുമായുണ്ടായ കൂടിക്കാഴ്ചയിൽ അന്യോന്യം വളരെ സ്നേഹപൂർവ്വം പെരുമാറുകയും വാസ്കോ ഡഗാമ പോത്തുഗൽരാജാവിന്റെ ഒരെഴുത്തും വിലപിടിച്ച പല സമ്മാനങ്ങളും രാജാവിന്നു കാഴ്ചവെയ്ക്കുകയും ചെയ്തു. കൊച്ചിരാജാവും പറങ്കികളുമായി താമസിയാതെതന്നെ ഒരു കച്ചവടക്കരാറു ചെയ്തു. മടക്കത്തിൽ ഡഗാമ ഒരു കോഴിക്കോടൻ കപ്പൽക്കൂട്ടത്തെ പാടെ തകൎത്തു. ഡഗാമയുടെ രണ്ടാംയാത്രയുടെ ഉദ്ദേശം കേരളത്തിൽ ആയുധരക്ഷയോടുകൂടിയ കച്ചവടസൌകൎയ്യം ഉറപ്പിയ്ക്കണമെന്നായിരുന്നു. കേരളത്തിലെ പ്രധാനപ്പെട്ട നാലു തുറമുഖങ്ങളുമായി വ്യാപാരബന്ധം ഉറപ്പിച്ച് അദ്ദേഹം മടങ്ങുകയും ചെയ്തു.

# അദ്ധ്യായം 14

## സാമൂതിരിയും കൊച്ചിയും

വാസ്കോഡഗാമയുടെ പക്കൽനിന്നു നേരിട്ട പീഡകൾക്കു പ്രതിക്രിയ ചെയ്യുവാൻ അറബികളും സാമൂതിരിയും വെമ്പുകയായിരുന്നു. പോർത്തുഗീസ്സുബന്ധംമൂലം കൊച്ചിയ്ക്കു ലഭിച്ച പ്രാധാന്യവും സമൃദ്ധിയും കണ്ടു് സാമൂതിരിയ്ക്കു് അസൂയയുമുണ്ടായി. അതുകൊണ്ടു് ഡഗാമ പോയ ഉടനെ കൊച്ചിയെ ആക്രമിയ്ക്കുവാൻ സാമൂതിരി തയ്യാറായി. കൊച്ചിയുടെ സംരക്ഷയിലിരുന്ന പറങ്കിക്കച്ചവടക്കാരെയെല്ലാം, തന്നെ ഏല്പിയ്ക്കണമെന്നു സാമൂതിരി കൊച്ചിരാജാവിനോടു് ആവശ്യപ്പെട്ടു. സാമൂതിരിയിൽനിന്നു നേരിടാവുന്ന ആക്രമണത്തെ ഭയന്നും വിദേശികളുടെ അനീതിയെ വെറുത്തും സാമൂതിരിയുടെ ആവശ്യപ്രകാരം ചെയ്യുവാൻ പലരും കൊച്ചിരാജാവിനെ പ്രേരിപ്പിച്ചെങ്കിലും അതു ഒരു വിശ്വാസവഞ്ചനയാകുമെന്നു പറഞ്ഞു് മഹാരാജാവു് സാമൂതിരിയുടെ വാഞ്ഛയെ നിഷേധിച്ചു. ഉടനെ സാമൂതിരി കൊച്ചിയെ ആക്രമിയ്ക്കുവാൻ 50,000 പടയാളികളുമായി എടപ്പിള്ളിവഴിയ്ക്കു പുറപ്പെട്ടു. അതേസമയത്തു കൊച്ചിയിൽ ഒരു കടൽസേനയുമായി വന്ന 'വിൻസറു് സോഡർ' എന്നു പേരായ പറങ്കിത്തലവനോടു മഹാരാജാവു സഹായം ആവശ്യപ്പെട്ടു. എന്നാൽ അദ്ദേഹം, തനിയ്ക്കു അതിന്നു കല്പനയില്ലെന്നും പറഞ്ഞു് ചെങ്കടൽപ്രദേശത്തേയ്ക്കു

പോവുകയാണു് ചെയ്തതു്. കൊച്ചിരാജാവു 5,500ആൾ മാത്രമുള്ള ഒരു പട്ടാളത്തോടുകൂടി പള്ളുരുത്തിവഴി വന്നിരുന്ന സാമൂതിരിയുടെ പടയെ എതിൎക്കുവാനും അവിടത്തെ കോട്ട രക്ഷിയ്ക്കുവാനുമായി തന്റെ സഹോദരനെ അയച്ചു. അവിടെവെച്ചു കൊച്ചി സൈന്യം സാമൂതിരിയുടേയും അദ്ദേഹത്തിന്റെ മിത്രമായ എടപ്പിള്ളി രാജാവിന്റേയും പല ആക്രമണങ്ങളേയും തോല്പിച്ചു. ഒടുവിൽ സാമൂതിരി കൊച്ചിപ്പട്ടാളത്തിലെ 'ശമ്പളഉദ്യോഗസ്ഥ'നെ കൈക്കൂലി കൊടുത്തു സ്വാധീനിച്ചതിനാൽ കൊച്ചിപ്പട്ടാളത്തെ തോല്പിയ്ക്കുവാൻ എതിരാളികൾക്കു സാധിച്ചു. 200 ആളുകൾ മാത്രം ബാക്കിയാവുന്നതുവരെ കൊച്ചിക്കാർ ധീരമായി പൊരുതി. ഈ യുദ്ധത്തിൽ കൊച്ചിരാജാവിന്റെ രണ്ടു സഹോദരന്മാരും ഒരു മരുമകനും മരിച്ചടഞ്ഞു. രാജാവു വീണ്ടും കുറെ ആളുകളെ ശേഖരിച്ചു പിന്നേയും യുദ്ധം ചെയ്തു. എങ്കിലും ഒടുവിൽ അദ്ദേഹവും പറങ്കികളും 'വെപ്പി'ൽ ഒരു ക്ഷേത്രത്തിൽ രക്ഷ പ്രാപിയ്ക്കുകയാണു് ചെയ്തതു്. അതോടുകൂടി കൊച്ചിരാജ്യം മിക്കവാറും സാമൂതിരിയുടെ അധീനത്തിലായി. കൊച്ചിപ്പട്ടണത്തെ സാമൂതിരി അത്യന്തം ഈൎഷ്യയോടുകൂടി ചുട്ടു നശിപ്പിച്ചു. അതിന്നുശേഷം 'വെപ്പു'തന്നെ വളഞ്ഞു. എങ്കിലും അപ്പോഴയ്ക്കും ഓണക്കാലമായതിനാൽ യുദ്ധംതല്ക്കാലം നിൎത്തിവച്ചു് ഓണത്തിന്നുശേഷം തുടരാമെന്നുതീൎച്ചയാക്കി സാമൂതിരി മടങ്ങുകയാണുണ്ടായതു്.

ഈ ഘട്ടത്തിൽ ആൾബുക്കൎക്ക് എന്ന പറങ്കിത്തലവൻ കൊടുങ്ങല്ലൂരിൽ എത്തുകയും, വാൎത്തകൾ കേട്ടു

കൊച്ചിയുടെ മിത്രനിഷ്ഠയിൽ സന്തോഷിക്കുകയും, തന്റെ കപ്പൽപ്പടയുമായി ഉടനെ കൊച്ചിയുടെ സഹായത്തിന്നു ചെല്ലുകയും ചെയ്തു. പറങ്കിപ്പടനായകന്മാരിൽ വെച്ച് അതിധീരനായ പച്ചീക്കോവും അദ്ദേഹത്തിന്റെ സഹായത്തിന്ന് എത്തിച്ചേൎന്നു. ഇവരുടെ വരവു കണ്ട ഉടനെ സാമൂതിരിയുടെ സൈന്യം കൊച്ചി വിട്ടു പാഞ്ഞു. കൊച്ചിക്കെതിരായി യുദ്ധം ചെയ്ത ഇടപ്പിള്ളി രാജാവിനേയും കൊച്ചിയിൽതന്നെ രാജാവിന്നെതിരായി തിരിഞ്ഞ നാടുവാഴികളേയും ശിക്ഷിക്കുവാനാണ് പറങ്കികൾ പിന്നീടു പുറപ്പെട്ടതു്. അതിന്നിടക്കു പറങ്കികളുടെ വേറൊരു കപ്പൽപ്പടകൂടി വന്നുചേൎന്നു. പറങ്കികൾ മേല്പറഞ്ഞ ശത്രുക്കളുടെ അനേകം ആളുകളെ കൊന്നൊടുക്കുകയും പട്ടണങ്ങളും ഉൾനാടുകളും കൊള്ളചെയ്തും തീവെച്ചും നശിപ്പിക്കുകയും ചെയ്തു. കൊച്ചിയുടെ പരമശത്രുവായ ഇടപ്പിള്ളിയോടു പ്രത്യേകം രൂക്ഷമായി അവർ പെരുമാറി.

## അദ്ധ്യായം 15

### പറങ്കികളുടെ പ്രതാപവൎദ്ധന

ഈ യുദ്ധത്തിന്നുശേഷം കൊച്ചി രാജാവിന്റെ സമ്മതത്തോടും അപേക്ഷിച്ചതിൽ കവിഞ്ഞ സഹായ

ത്തോടും കൂടി ആൽബുക്കക്ക് കൊച്ചിയിൽ ഒരു വലിയ കോട്ടകെട്ടുകയും, അതിന്നു പോർത്തുഗീസ്സ രാജാവിൻെറ സ്മരണയ്ക്കായി മാനുവൽ കോട്ട എന്നു പേരിടുകയും ചെയ്തു. ഇതാണത്രെ ഇന്ത്യയിൽ സ്ഥാപിച്ച ഒന്നാമത്തെ യൂറോപ്യൻ കോട്ട.

കൊച്ചിയിലെ കാൎയ്യങ്ങൾ പച്ചീക്കോവിനെ ഏല്പിച്ച് ആൽബുക്കക്ക് 1504-ാമാണ്ട് ഇന്ത്യവിട്ടു. ആ അവസരം നോക്കി സാമൂതിരി പൂൎവ്വാധികം സന്നാഹത്തോടുകൂടി കൊച്ചിയുടെ നേരെ പുറപ്പെട്ടു. പല നാടുവാഴികളും അദ്ദേഹത്തെ സഹായിച്ചിരുന്നതിന്നു പുറമെ മുഹമ്മദീയരുടെ കീഴിൽ വമ്പിച്ച ഒരു കപ്പൽ വ്യൂഹവും അദ്ദേഹത്തിന്നുണ്ടായിരുന്നു. ഇതിനെയെല്ലാം എതിരിടുവാൻ കൊച്ചിയിൽ ഉണ്ടായിരുന്നതു 130 യൂറോപ്യന്മാരും 300 നാട്ടുകാരുമടങ്ങിയ പറങ്കിസ്സേനയും കൊച്ചിയുടെ ചെറിയൊരു പട്ടാളവുമാണ്. ഇവയുമായി 4 മാസത്തോളം പച്ചീക്കോ ചെയ്ത യുദ്ധം ലോകം മറക്കാത്ത വീരകഥകളിലൊന്നാണ്. പച്ചീക്കോവിൻെറ സൈന്യത്തിന്നു പരിശീലനത്തിലും അച്ചടക്കത്തിലുമുള്ള മെച്ചത്തിന്നു പുറമെ സമൎത്ഥന്മാരായ കുറെ ചാരന്മാരും പീരങ്കികളും എതിരാളിയ്ക്കില്ലാതിരുന്ന പ്രത്യേക ഗുണങ്ങളായിരുന്നു.

തങ്ങൾ പ്രയോഗിച്ച എല്ലാ അടവുകളിലും സാമൂതിരിയുടെ സൈന്യം പരാജയപ്പെട്ടു. ഒടുവിൽ 19,000 പേർ പോരിലും, 13,000 വിഷൂചികയിലും നഷ്ടപ്പെട്ടു അവർ പിൻവാങ്ങി.

ഈ തോൽവികൊണ്ടു നിരാശനാകാതെ, അക്കാലത്തു തൻെറ കീഴിലായിരുന്ന കൊടുങ്ങല്ലൂരു പോയി, സാമൂതിരി വീണ്ടും യുദ്ധത്തിന്നുള്ള ഒരുക്കങ്ങൾ ചെയ്യുവാൻ തുടങ്ങി. എന്നാൽ അതിന്നിടയ്ക്കു പോൎത്തുഗലിൽനിന്നു ഒരു പുതിയ കപ്പൽ വ്യൂഹവുമായി എത്തിയ 'ലൊപ്പോസ്സോറസ്സ്' കൊടുങ്ങല്ലൂരിനെ ആക്രമിച്ച് സാമൂതിരിയെ ഓടിച്ചു. അദ്ദേഹം വച്ചീക്കോവിനേയും കൊണ്ടു സ്വരാജ്യത്തേയ്ക്കു മടങ്ങുകയും ചെയ്തു.

ഈ യുദ്ധങ്ങൾ മൂലം പോൎത്തുഗലിൻെറ പ്രാഭവം വളരുകയും സാമൂതിരിയുടെ പ്രാബല്യം ക്ഷയിയ്ക്കുകയും ചെയ്തു എന്നു പറയേണ്ടതില്ലല്ലോ.

പോൎത്തുഗീസ്സുകാരുടെ വളൎന്നുവരുന്ന താല്പൎയ്യങ്ങളെ സംരക്ഷിയ്ക്കുവാനായി ഇവിടെ ഒരു വൈസറായി (രാജപ്രതിനിധി) വേണമെന്ന നിലയായി. അതനുസരിച്ച് ഡോൺ ഫ്രാൻസിസ്കൊ ഡി ആൽമീഡ ഒന്നാമത്തെ വൈസറായിയായി നിയമിയ്ക്കപ്പെടുകയും അദ്ദേഹം 1505-ാമാണ്ടു നവമ്പ്രിൽ കൊച്ചിയിൽ എത്തുകയും ചെയ്തു. പറങ്കികളുമായുള്ള സഖ്യം പരിപാലിയ്ക്കുവാൻ അചഞ്ചലമായി പോരാടിയ ഗോദവൎമ്മരാജാവിന്നു പോൎത്തുഗൽ രാജാവു കൊടുത്തയച്ച ഒരു സ്വൎണ്ണകിരീടവുമായിട്ടാണ് ആൽമീഡ വന്നത്. എന്നാൽ അപ്പോഴയ്ക്കും ഗോദവൎമ്മ രാജാവു വയഃക്ലേശത്താൽ സ്ഥാനത്യാഗം ചെയ്ത് രാജ്യഭാരം തൻെറ മരുമകനായ രാമവൎമ്മതമ്പുരാനെ ഏല്പിച്ചിരുന്നു. അതിനാൽ ആ കിരീടം ആഡംബരസമേതം അദ്ദേഹത്തെ അണിയിച്ചു.

ആൽമീഡ കൊച്ചിക്കോട്ടയെ വിപുലപ്പെടുത്തി അവിടെ തന്റെ തലസ്ഥാനമുറപ്പിയ്ക്കുകയും ചെയ്തു.

## അദ്ധ്യായം 16

### പറങ്കികളും കൊച്ചിയും

ആൽമീഡയുടെ നാലു കൊല്ലത്തെ ഭരണത്തിന്നിടയ്ക്കു കൊല്ലത്തേയും കണ്ണൂരിലേയും രാജാക്കന്മാരുമായി യുദ്ധമുണ്ടാവുകയും അവിടങ്ങളിൽ അദ്ദേഹം പറങ്കികളുടെ ശക്തി ഉറപ്പിയ്ക്കുകയും ചെയ്തു. പറങ്കിശ്ശക്തിയെ അമർത്തുവാൻ അറബികളുടെ സഹായത്തോടുകൂടി സാമൂതിരി വീണ്ടും തയ്യാറാക്കിയ ഒരു സേനയേയും അദ്ദേഹം വലിയ നാശമേല്പിച്ചു തോല്പിച്ചു. അറബികൾക്കു കേരളത്തിലുണ്ടായിരുന്ന സ്ഥാനം ഇതോടുകൂടി തീരെ നഷ്ടപ്പെട്ടു.

1509-ൽ ആൽഫൻസൊ ഡി ആൽബുക്കർക്ക് വൈസറായിയായി വന്നു. 1510-ൽ, സ്ഥാനത്യാഗം ചെയ്ത ഗോദവർമ്മരാജാവു അന്തരിച്ചു. അതോടുകൂടി രാജകുടുംബത്തിൽ ചില ഛിദ്രങ്ങളും ഉണ്ടായി. കൊച്ചി രാജ്യത്തിലെ അന്തഃഛിദ്രങ്ങളിൽ ഇടപെട്ടു കൊച്ചിയോടു പകപോക്കുവാൻ തന്റെ ശക്തി വർദ്ധിപ്പിയ്ക്കുവാനും വഴിനോക്കുക എന്നതു് ഇതിന്നിടയ്ക്കു സാമൂതിരിപ്പാടി

ൻെറ പതിവായിക്കഴിഞ്ഞിരുന്നു. ഇപ്പോൾ അദ്ദേഹത്തിന്ന് അതിന്നായി വീണ്ടും ഒരവസരം കിട്ടി. രാജകുടുംബത്തിലെ പതിവനുസരിച്ച്, പ്രതിപുരുഷനായി വാണിരുന്ന രാമവൎമ്മരാജാവു വാനപ്രസ്ഥം സ്വീകരിക്കേണ്ടിയിരുന്നു. എന്നാൽ പിന്നത്തെ മൂത്ത പുരുഷൻ മൂത്ത താവഴിയിൽ പെട്ട ഒരാളും അദ്ദേഹം സാമൂതിരിയുടെ പക്ഷക്കാരനും ആയിരുന്നതിനാൽ പറങ്കികൾ രാമവൎമ്മരാജാവിനെ സ്ഥാനമൊഴിയാതിരിപ്പാൻ നിൎബ്ബന്ധിച്ചു. രാജാവിൻെറ സ്വന്തം വൈമനസ്യവും ബ്രാഹ്മണരുടെ എതിൎപ്പും ഉണ്ടായിരുന്നെങ്കിലും ആൽബുക്കക്കിൻെറ നിൎബ്ബന്ധപ്രകാരം അദ്ദേഹം സ്ഥാനം ഒഴിയാതിരുന്നു.

ഇതിനിടക്കു മാർഷൽ കൊത്തിഞ്ഞൊ കോഴിക്കോട്ട നശിപ്പിക്കുവാനുള്ള കല്പനയുമായി പോൎത്തുഗലിൽനിന്നുവന്നു. അതനുസരിച്ച് ആൽബുക്കക്ക് കോഴിക്കോട്ടു ചെല്ലുകയും പട്ടണവും കൊട്ടാരവുമെല്ലാം കൊള്ള ചെയ്തു തീവെക്കുകയും ചെയ്തു. അതേ സമയത്തുതന്നെ കൊച്ചിയിലെ ചില സാമന്തന്മാരെക്കൊണ്ടും സാമൂതിരിയുടെ നാട്ടിൽ ആക്രമണം നടത്തിച്ചു. കോഴിക്കോട്ടു പട്ടണത്തിൽനിന്നു തോറേറാടിയ പട്ടാളം പിന്നീടു സംഘടിച്ച് ആൽബുക്കക്കിൻെറ സേനയെ എതിൎത്തു വലിയ നഷ്ടത്തോടുകൂടി തിരിച്ചോടിച്ചു.

അതിന്നു ശേഷം ഇരുകൂട്ടൎക്കും സൌഹാൎദ്ദബന്ധത്തിന്നു ആഗ്രഹമുണ്ടായിത്തീൎന്നു. എന്നാൽ കൊച്ചിയുടേയും കോലത്തിരിയുടേയും കൌശലങ്ങൾകൊണ്ടു മൂന്നു കൊല്ല

ത്തേയ്ക്കു സന്ധിയാലോചന അവസാനിച്ചില്ല. ഒടുവിൽ ആൽബുക്കക്ക സാമൂതിരിയുടെ അനുജനെ സ്വാധീനിച്ച് അദ്ദേഹത്തെക്കൊണ്ടു ജ്യേഷ്ഠനെ വിഷംകൊടുത്തു കൊല്ലിച്ചു. അനുജനെ സ്ഥാനാരോഹണം ചെയ്യിച്ചു തങ്ങൾക്കനുകൂലമായ വിധം സന്ധി ചെയ്യുകയും ചെയ്തു. കൊച്ചി രാജാവു ഇതിനെ എതിൎത്തു പോൎത്തുഗൽ രാജാവിന്നു തന്നെ എഴുതിയെങ്കിലും അതിന്നു ഫലമുണ്ടായില്ല.

കൊച്ചിയ്ക്കു് അനിഷ്ടമായ വേറൊരു സംഗതികൂടി ആൽബുക്കക്ക ചെയ്തു. അതായതു്, പറങ്കികളുടെ തലസ്ഥാനം കൊച്ചിയിൽ നിന്നും ഗോവയിലേയ്ക്കു മാററി. തന്മൂലം കൊച്ചിയുടെ പ്രാധാന്യവും വ്യാപാരവും കുറെ കുറഞ്ഞുപോയി.

ആൽബുക്കക്കിൻെറ കാലാവസാനത്തിന്നു മുമ്പു പോൎത്തുഗൽ രാജാവു രാമവൎമ്മ രാജാവിനെ ക്രിസ്തുമതത്തിലേയ്ക്കു പരിവൎത്തനം ചെയ്യുവാൻ ശ്രമിച്ചു. രാജാവു് അതിനെക്കുറിച്ചു കൂടുതൽ ആലോചിയ്ക്കാനുണ്ടു് എന്നു പറഞ്ഞു പിന്മാറുകയാണു് ചെയ്തതു്. ആൽബുക്കക്കിന്നു തൻെറ പരിശ്രമം ഫലിയ്ക്കുകയില്ലെന്നു മുൻകൂട്ടി തന്നെ അറിയാമായിരുന്നതിനാൽ രാജാവിൻെറ മറുപടിയിൽ നിരാശയുണ്ടായില്ല.

ആൽബുക്കക്കിൻെറ കാലശേഷം പോൎത്തുഗീസ്സുദ്യോഗസ്ഥന്മാരുടെ ഇടയിൽ അഴിമതികൾ വൎദ്ധിച്ചു. ഈ അഴിമതികൾ തീൎക്കവാനായി വാസ്കോഡഗാമ

മൂന്നാമത്തെ തവണ ഇങ്ങോട്ടയക്കപ്പെട്ടു. വൃദ്ധനായ ഡഗാമ കേരളത്തിൽ വന്നശേഷം രണ്ടു മാസം മാത്രമേ ജീവിച്ചിരുന്നുള്ളു. എങ്കിലും അദ്ദേഹത്തിന്നു പോർത്തുഗീസ്സു ഭരണത്തിലെ പല ന്യൂനതകളും പരിഹരിക്കുവാൻ സാധിച്ചു.

ഡഗാമയുടെ കാലശേഷം സാമൂതിരി പോർത്തുഗീസ്സുമേധാവിത്വത്തെ നശിപ്പിക്കുവാനായി അവരുടെ കോഴിക്കോട്ടു സങ്കേതത്തെ എതിർത്തു. പടയിൽ പറങ്കികൾ തോററില്ലെങ്കിലും പിന്നീട് (1536_ൽ) സ്വമേധയാ അവർ കോഴിക്കോട്ടു വിട്ടുകതന്നെ ചെയ്തു.

## അദ്ധ്യായം 17

### പറങ്കികളുടെ അഭിവൃദ്ധി

1537_ൽ 33 കൊല്ലത്തെ സമാധാനവും സമൃദ്ധിയും നൽകിയ ഭരണത്തിന്നുശേഷം രാമവൎമ്മരാജാവു തീപ്പെട്ടു. അതിന്നുശേഷം വാണ വീരകേരളവൎമ്മരാജാവിൻേറയും ഗോദവൎമ്മരാജാവിൻേറയും വാഴ്ചകാലം വളരെ സംഭവബഹുലമായിരുന്നില്ല. 1584_ൽ അന്നത്തെ പോർത്തുഗീസ്സു വൈസറായി രാജാവിൻെറ പക്കൽ നിന്നു ചുങ്കം പിരിക്കുവാനുള്ള അവകാശം കൈവശമാക്കി. എന്നാൽ ജനങ്ങൾ ഒത്തൊരുമിച്ച് അതിനെ ശക്തിയായി എതിൎക്കയും താമസിയാതെ ജനങ്ങളുടെ

അഭിലാഷം നിറവേറുകയും ചെയ്തു. 1605-നും 1635-നും ഇടയ്ക്കു വാണ വീരകേരളവൎമ്മരാജാവിന്റെ കാലശേഷം മൂരിങ്ങൂർ താവഴിയിൽപെട്ട ഗോദവൎമ്മതമ്പുരാൻ രാജാവായതോടുകൂടി ആ താവഴി എളയ താവഴിയിൽ ലയിച്ചു. അദ്ദേഹത്തിന്റെ കാലത്ത് എളയ താവഴിയിൽ അദ്ദേഹവും ഒരു തമ്പുരാട്ടിയും മാത്രമായതിനാൽ മററുള്ള മൂത്ത താവഴി, പള്ളുരുത്തിത്താവഴി, ചാഴൂർ താവഴി എന്നീ ശാഖകളിൽനിന്നും ഓരോരുത്തരെ ദത്തെടുത്തു. ഈ ദത്തു പിന്നീടു കലഹത്തിന്നു ഒരു കാരണമായി. പോൎത്തുഗീസ്സുസഹായത്തോടുകൂടി പള്ളുരുത്തിത്താവഴിയിലെ ഒരു തമ്പുരാൻ മഹാരാജാവായെങ്കിലും മൂത്ത താവഴിക്കാർ വളരെക്കാലം വഴക്കുണ്ടാക്കിക്കൊണ്ടിരുന്നു.

1540-ൽ പറങ്കികൾ ചെമ്പകശ്ശേരി രാജാവിനെ ജയിച്ച് അദ്ദേഹവുമായി ഒരു സന്ധി ചെയ്തു. ആ കാലത്തുതന്നെ സാമൂതിരിയുമായുണ്ടായ ഒരു യുദ്ധത്തിന്നുശേഷം കൊടുങ്ങല്ലൂർ രാജാവായിട്ടും പറങ്കികൾ ഒരു സന്ധി ചെയ്കയുണ്ടായി. അവർ കൊടുങ്ങല്ലൂരിൽ കേമമായ ഒരു കോട്ടയും തീൎത്തു.

അനവധി കാലത്തെ യുദ്ധത്തിന്നുശേഷം 1540-ൽ സാമൂതിരിപ്പാട് പറങ്കികളോടു സന്ധിയ്ക്കപേക്ഷിച്ചു. അപ്രകാരം പോൎത്തുഗീസ്സുകാൎക്ക് അനുകൂലമായ ഒരു സന്ധിയുണ്ടാവുകയും ചെയ്തു. ആ സന്ധിയിൽ പോൎത്തുഗീസ്സുകാരുടെ ബന്ധുവായ കൊച്ചിയെ സാമൂതിരി ആക്രമിയ്ക്കുകയില്ലെന്ന ഒരു വ്യവസ്ഥയുണ്ടായിരുന്നു. ഇതെല്ലാം പറങ്കികളുടെ പ്രതാപത്തെ പിന്നേയും വൎദ്ധിപ്പിച്ചു.

16-ാംനൂററാണ്ടിലുണ്ടായ മറെറാരു പ്രധാന സംഭവം 1547-ൽ തിരുവിതാംകൂർ രാജാവു സാമൂതിരിയുടെ സഹായത്തോടുകൂടി കൊച്ചിയെ ആക്രമിച്ചതാണു്. കൊച്ചിസൈന്യം പറങ്കികളുടെ സഹായത്തോടുകൂടി പല വലിയ യുദ്ധങ്ങൾക്കശേഷം ശത്രുക്കളെ തീരെ പരാജയപ്പെടുത്തി. എങ്കിലും പറങ്കികൾ കടവിൽ ശത്രുക്കളെ വെറുതെ വിടുകയാണു ചെയ്തതു്. അതിന്നുശേഷം കുറെ കാലത്തേയ്ക്കു രാജ്യത്തിൽ സമാധാനമുണ്ടായിരുന്നില്ല. എന്നാൽ 16-ാംനൂററാണ്ടിന്റെ അവസാനംവരെ പറങ്കികൾ ക്ഷേമവും സമാധാനവും കലൎന്നു കച്ചവടം നടത്തി.

പറങ്കികളുടെ കാലത്തു കൊച്ചിപ്പട്ടണം ഇന്ത്യയിൽ എന്നല്ല, ലോകത്തിൽവച്ചു മികവേറിയ ഒരു പട്ടണമായിത്തീൎന്നു. മനോഹരങ്ങളായ കെട്ടിടങ്ങളും, സുഖജീവിതത്തിന്നുള്ള സൌകൎയ്യങ്ങളും, ധനസമൃദ്ധിയുംകൊണ്ടു് കൊച്ചിയുടെ അന്നത്തെ നില അദ്ഭുതീയമായിരുന്നു.

---

## അദ്ധ്യായം 18

---

### പറങ്കികളുടെ പോക്കും ലന്തക്കാരുടെ വരവും

ആൾബുക്കൎക്കിന്നു ശേഷം പറങ്കികളുടെ ശക്തി ക്രമേണയായി കുറയുവാൻ തുടങ്ങി. പക്ഷെ, അതു കുറെ കാലത്തേയ്ക്കു് അത്ര പ്രത്യക്ഷമായില്ല. 16-ാം നൂററാണ്ടി

ൻെറ അവസാനത്തോടുകൂടി ഈ ക്ഷയം വ്യക്തമാവുകയും 17-ാംനൂററാണ്ടിൻെറ ആദ്യത്തിൽ കച്ചവടത്തിലുള്ള അവരുടെ പൂൎണ്ണമേധാവിത്വം തകരുകയും ചെയ്തു.

1595-ൽ ഡച്ച (ലന്ത) പൂൎവ്വേന്ത്യാസംഘവും, 1600-ൽ ഇംഗ്ലീഷ് പൂൎവ്വേന്ത്യാസംഘവും രംഗത്തിൽ പ്രവേശിച്ചു. പറങ്കികളുമായി മല്ലിട്ട് ഇന്ത്യയിലും കിഴക്കൻ ദ്വീപുകളിലും ചില സ്ഥലങ്ങളിൽ സ്ഥാനമുറപ്പിയ്ക്കുവാൻ ലന്തക്കാൎക്ക വേഗം സാധിച്ചു. പോൎത്തുഗീസുഗവൎമ്മേണ്ടും ഗോവാഗവൎമ്മേണ്ടുമായുള്ള സന്ധികൾമൂലം പറങ്കികളുടെ പല സങ്കേതങ്ങളിലും കടന്നുകൂടുവാൻ ഇംഗ്ലീഷുകാൎക്കും തരപ്പെട്ടു.

1635-ലാണ് ഇംഗ്ലീഷുകാർ ആദ്യമായി കൊച്ചിയിൽ താമസമാക്കി കുരുമുളക് ഇംഗ്ലാണ്ടിലേയ്ക്കു കയററി അയച്ചത്.

അതിനിടയ്ക്കു ലന്തക്കാൎക്ക മുഗൾശക്തിയുടെ ശല്യം നിമിത്തം ഉത്തരപ്രദേശങ്ങൾ വിട്ട് കേരളത്തിൽ സൈ്വരമായി നിലയുറപ്പിയ്ക്കേണ്ടിവന്നു. കൊച്ചിയിലെ അന്നത്തെ സ്ഥിതികൾ അവൎക്ക് അനുകൂലവുമായിരുന്നു.

ഈ കാലത്തു കൊച്ചിരാജകുടുംബത്തിൽ ഒരു പിന്തുടച്ച്ാവകാശത്തൎക്കമുണ്ടായി. ചാഴൂർ താവഴിയിൽപെട്ട രാമവൎമ്മരാജാവ് 1656-ൽ തീപ്പെട്ടു. പിന്നത്തെ അവകാശി മൂത്ത താവഴിയിലെ ഒരു തമ്പുരാനായിരുന്നു. എന്നാൽ മൂത്ത താവഴിയിൽനിന്നും ഒരാൾ രാജാവാകുന്നതിനെതിരായി പറങ്കികളും തിരുവിതാംകൂർ രാജാവും

പരിശ്രമിച്ചു. അവരുടെ പ്രേരണയാൽ വലിയമ്മതമ്പുരാൻ വെട്ടത്തു രാജകുടുംബത്തിൽനിന്നു നാലു പേരെ ദത്തെടുത്തു. അതിന്നു വിരോധികളായ മൂത്ത താവഴിയും ചാഴൂർ താവഴിയും സാമൂതിരിയുടെ സഹായത്തോടുകൂടി കലഹത്തിന്നു പുറപ്പെട്ടു. അതിന്നിടയ്ക്കു പറങ്കികളുടെ പല സ്ഥലങ്ങളും കൈവശമാക്കിയ ലന്തക്കാർ കൊല്ലം ആക്രമിച്ചു കൈക്കലാക്കി. സാമൂതിരി അവരുടെ സഹായവും സമ്പാദിച്ച് പറങ്കികളുടേയും കൊച്ചിയുടേയും സംയുക്തശക്തിയ്ക്കെതിരായി യുദ്ധത്തിന്നു വന്നു. പള്ളിപ്പുറത്തെ 'ആയക്കോട്ട' പിടിച്ചപ്പോഴെയ്ക്കു വർഷക്കാലം വന്നു. അതുകൊണ്ടു യുദ്ധം തല്ക്കാലം നിർത്തിവെച്ചു ലന്തക്കാർ കൊളമ്പിലേയ്ക്കു മടങ്ങി. അങ്ങനെ മടങ്ങുമ്പോൾ കൊച്ചിയിലെ മന്ത്രിയായ പാലിയത്തച്ചൻ ലന്തപ്പടനായകനെ കണ്ട് സ്വകാര്യമായി ഒരു സഖ്യം ചെയ്തു. അതനുസരിച്ച് തക്കം വരുമ്പോൾ പാലിയത്തച്ചൻ വെട്ടത്തു വംശക്കാരനായ രാജാവിനേയും പറങ്കികളേയും വിട്ടു ലന്തക്കാരോടു ചേരുവാൻ ഏർപ്പാടും ചെയ്തു.

കൊല്ലാവസാനത്തിന്നുമുമ്പു ലന്തക്കാർ തിരികെ വന്നു. ആദ്യമായി അവർ കൊടുങ്ങല്ലൂരിലെ പറങ്കിക്കോട്ടയെ എതിർത്തു. പാലിയത്തച്ചനും രാജാവും ആ കോട്ടയിലായിരുന്നു. യുദ്ധത്തിനിടയ്ക്കു കോട്ടയിൽനിന്നു ഒളിച്ചു പുറത്തു ചാടിയ പാലിയത്തച്ചന്റെ സഹായത്തോടുകൂടി ലന്തക്കാർ കോട്ട കൈവശമാക്കി.

അനന്തരം ലന്തക്കാർ മട്ടാഞ്ചേരി പിടിച്ചു. അവി

ടെവച്ചുണ്ടായ യുദ്ധത്തിൽ വെട്ടത്തുനിന്നു ദത്തെടുത്ത മൂത്ത മൂന്നു തമ്പുരാക്കന്മാരും മരിച്ചു. അവിടെവെച്ചുതന്നെ ലന്തക്കാർ വലിയമ്മതമ്പുരാനെ പ്രേരിപ്പിച്ചു മൂത്ത താവഴിയിലെ തമ്പുരാനെ രാജാവാകുവാൻ സമ്മതിപ്പിച്ചു.

പിന്നീടു ലന്തക്കാർ കൊച്ചിക്കോട്ടയോടടുത്തു. എന്നാൽ പറങ്കികഠം വലിയ പരാക്രമത്തോടുകൂടി വളരെക്കാലം ചെറുത്തുനിന്നു. ഒടുവിൽ ലന്തക്കാക്ക തങ്ങളുടെ പരിശ്രമം തല്ക്കാലം ഫലിക്കുകയില്ലെന്നു ബോദ്ധ്യമായി. അതുകൊണ്ടു് 1662 മാച്ചുമാസത്തിൽ, കൊല്ലാവസാനത്തോടുകൂടി വീണ്ടും വരാമെന്നുവച്ചു് ലന്തക്കാർ മടങ്ങിപ്പോയി.

ഒക്ടോബർമാസത്തിൽ ലന്തക്കാർ വീണ്ടും വന്നു. ആദ്യംതന്നെ അവർ എറണാകുളം പിടിച്ചു. പിന്നീടു കൊച്ചിക്കോട്ട വളഞ്ഞു. പറങ്കികഠം കുറെ നാഠം ധീരതയോടുകൂടി എതിത്തുനിന്നെങ്കിലും ഒടുവിൽ കോട്ട ലന്തക്കാക്ക കീഴ്പ്പെട്ടു.

ലന്തക്കാർ കൊച്ചിയെ കേരളത്തിലെ തങ്ങളുടെ തലസ്ഥാനമാക്കി. കൊച്ചിയിലുണ്ടായിരുന്ന ഇംഗ്ലീഷുകച്ചവടക്കാർ ഈ അവസരത്തിൽ പൊന്നാനിയിലേക്കു സ്ഥലം മാറി.

വീരകേരളവർമ്മത്തമ്പുരാനെ ലന്തക്കാർ മഹാരാജാവായി വാഴിച്ചു. 1663-ലെ ഉടമ്പടിപ്രകാരം അവർ

കൊച്ചിയെ ആക്രമണങ്ങളിൽനിന്നു സംരക്ഷിയ്ക്കുവാനും ഏററു. പൊറക്കാട്ടു രാജാവും മററു പല സാമന്തരാജാക്കന്മാരും വീണ്ടും കൊച്ചിയുടെ കീഴിൽ വന്നു. പാലിയത്തച്ചനെ വിപുലമായ അധികാരങ്ങളോടുകൂടി വീണ്ടും മന്ത്രിയാക്കി.

ഇങ്ങനെ പറങ്കികളുടെ കാലം അവസാനിയ്ക്കുകയും ലന്തക്കാരുടെ കാലം തുടങ്ങുകയും ചെയ്തു.

## അദ്ധ്യായം 19

### സാമൂതിരിയും കൊച്ചിയും

വെട്ടത്തു താവഴിയിലെ രാജാവിന്നെതിരായി മൂത്ത താവഴിയ്ക്കുവേണ്ടി സാമൂതിരി യുദ്ധത്തിന്നു വന്നപ്പോൾ, കൊച്ചിരാജാവു സാമൂതിരിയുടെ യുദ്ധച്ചിലവു കൊടുക്കാമെന്നും, അതു കൊടുത്തുതീരുന്നതുവരെ സാമൂതിരി പിടിച്ച പ്രദേശങ്ങൾ അദ്ദേഹത്തിന്നു കൈവശം വയ്ക്കാമെന്നുമാണ് നിശ്ചയിച്ചിരുന്നത്. അങ്ങനെ ഒട്ടേറെ പ്രദേശം സാമൂതിരിയുടെ കൈവശം ഉണ്ടായിരുന്നുതാനും. അവ തനിയ്ക്കു തിരിച്ചുകിട്ടണമെന്നു കൊച്ചിരാജാവു സാമൂതിരിയോട് ആവശ്യപ്പെട്ടു. യുദ്ധച്ചിലവു കൊടുക്കുവാനുള്ള നിവൃത്തിയുണ്ടായിരുന്നതുമില്ല. ഈ നിലയിൽ സാമൂതിരി സ്ഥലങ്ങൾ മടക്കിക്കൊടുക്കുകയില്ലെന്നു പറഞ്ഞ

പ്പോൾ കൊച്ചിരാജാവിന്നു ബലം പ്രയോഗിച്ച് അവ കൈവശമാക്കണമെന്ന വിചാരമുണ്ടായിരുന്നു. എന്നാൽ ലന്തക്കാർ അതിന്ന് അനുകൂലമല്ലാതിരുന്നതിനാൽ അദ്ദേഹത്തിൻെറ മരണംവരെ ഈ സംഗതിയിൽ യാതൊന്നും നടന്നില്ല.

അങ്ങനെയിരിക്കെ കൊച്ചിയിൽ വീണ്ടും ഒരു ദത്തുവഴക്കുണ്ടായി. വീരകേരളവൎമ്മരാജാവിന്ന് അനന്തരാവകാശിയായി ഒരാൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അതിനാൽ ഒരു യോഗം കൂടി അടുത്ത ദത്തു ചാഴൂർ താവഴിയിൽനിന്നാകണമെന്നു തീരുമാനിച്ചിരുന്നു. എന്നാൽ പല നാടുവാഴിപ്രഭുക്കന്മാൎക്കും ഈ തീരുമാനം രുചിച്ചില്ല. അവരുടെ കൂറു വെട്ടത്തു രാജവംശത്തോടായിരുന്നു. സാമൂതിരിയെ ജയിക്കണമെങ്കിൽ വെട്ടത്തും കൊച്ചിയും ഒന്നാകാതെ നിവൃത്തിയില്ലെന്നായിരുന്നു അവരുടെ വാദം. ലന്തക്കാരുടെ ശക്തി പറങ്കികളുടേതുപോലെ ഗണ്യമല്ലെന്നും അവർ വിചാരിച്ചു. ഈ വാദത്തിന്നു വലിയ പിൻബലമുണ്ടായിരുന്നെങ്കിലും പാലിയത്തച്ചൻ അതിനെ പ്രതികൂലിച്ചു. അദ്ദേഹത്തിന്നു ലന്തക്കാരോടു പിണങ്ങുവാൻ ഇഷ്ടമല്ലായിരുന്നു. സംഗതികൾ ഇങ്ങനെയിരിക്കെ വെട്ടത്തു തമ്പുരാനും കൂട്ടരും ഒരു വലിയ സൈന്യത്തോടുകൂടി കൊച്ചിക്കു പുറപ്പെട്ടു. സംഗതികളെല്ലാം ധരിച്ചിരുന്ന ലന്തക്കാർ അവരുടെ ആക്രമണത്തിന്നു മുമ്പുതന്നെ പാലിയത്തച്ചൻെറയും സാമൂതിരിയുടേയും ആളുകളോടുകൂടി അവരെ ആക്രമിക്കുവാൻ ഒരുക്കം കൂട്ടി. വെട്ടത്തു സൈന്യം ആലുവായിൽ എത്തിയപ്പോഴെക്കും എ

തിർസൈന്യം അവരെ ആക്രമിക്കുകയും ചെയ്തു. യുദ്ധത്തിൽ അവർ അമ്പരന്നു പാഞ്ഞു. അതിന്നുശേഷം അവരെ പേടിപ്പിക്കുവാൻവേണ്ടി ലന്തക്കാർ എതിരാളികളായ നാടുവാഴികളുടെ നാടും നഗരവുമെല്ലാം കൊള്ള ചെയ്തു.

വളരെ താമസിയാതെ ലന്തക്കാർ കൊച്ചിയിൽനിന്നു കിട്ടിയ ചേററുവാ സാമൂതിരിക്കു കൊടുക്കുകയും അദ്ദേഹവുമായി ഒരു കച്ചവടഉടമ്പടി ചെയ്കയും ചെയ്തു. ഇതു കണ്ടപ്പോൾ കൊച്ചിക്കു നിരാശയായി. സാമൂതിരിക്കെതിരായി ലന്തക്കാർ തങ്ങളെ ഒരിക്കലും സഹായിക്കുകയില്ലെന്ന് അവർ ഉറപ്പിക്കുകയും ചെയ്തു.

1698-ൽ ചാഴൂർ താവഴിയിലെ രാമവൎമ്മത്തമ്പുരാൻ രാജാവായതോടുകൂടി സാമൂതിരിയുമായി വീണ്ടും വഴക്കുകൾ തുടങ്ങി. വഴക്കു മൂത്തു വിഷമമായപ്പോൾ ലന്തക്കാർ ഇടപെട്ടു സമാധാനമുണ്ടാക്കുവാൻ നോക്കി. എന്നാൽ അതിന്നു മുമ്പുതന്നെ സാമൂതിരി കൊച്ചിയോടു യുദ്ധം പ്രഖ്യാപിച്ചുകഴിഞ്ഞിരുന്നു. ലന്തക്കാർ മനമല്ലാമനസ്സോടെ കൊച്ചിയുടെ പക്ഷത്തു ചേരുകയും ചെയ്തു. യുദ്ധം 9 കൊല്ലം നീണ്ടുനിന്നു. 1707-ൽ സന്ധിയുണ്ടായി. കൊച്ചിയിൽനിന്നു സാമൂതിരി കൈവശം വച്ചിരുന്ന മിക്ക ഭാഗവും ഈ സന്ധിമൂലം കൊച്ചിക്കു തിരിച്ചു കിട്ടി. എങ്കിലും ചെറിയ ചില ഭാഗങ്ങൾ പിന്നേയും സാമൂതിരിയുടെ കൈവശംതന്നെ നിന്നു.

# അദ്ധ്യായം 20

## സാമൂതിരിയുടെ ശക്തിക്ഷയം

സാമൂതിരിയും ലന്തക്കാരും തമ്മിലുണ്ടായ സമാധാനം വളരെക്കാലം നീണ്ടുനിന്നില്ല. ചേററുവാ നഷ്ടപ്പെട്ടതിൽ സാമൂതിരി പരിതപിച്ചു. ചേററുവായുടെ വടക്കെ അററത്തു ഒരു കോട്ട കെട്ടിയാൽ മാത്രമേ സാമൂതിരിയിൽനിന്നു മുഴുവൻ രക്ഷയാവുകയുള്ളു എന്നു ലന്തക്കാരും തീരുമാനിച്ചു. ഉടനെതന്നെ അവർ കോട്ട പണി ആരംഭിക്കുകയും ചെയ്തു. സാമൂതിരിക്കു പുറമെ ഇംഗ്ലീഷുകാൎക്കും ഇതിൽ വലിയ നീരസമായി. ലന്തക്കാർ കോട്ട കെട്ടുവാൻ തുടങ്ങിയപ്പോൾ സാമൂതിരി തന്റെ കുറെ ഭടന്മാരെ കൂലിവേലക്കാരുടെ വേഷത്തിൽ കോട്ടപ്പണിയിൽ ചേരുവാൻ നിയോഗിച്ചയച്ചു. തക്കം കിട്ടുമ്പോൾ ലന്തക്കാരെ ഓടിച്ചു കോട്ട കൈവശമാക്കുവാനും അവരെ ഉപദേശിച്ചിരുന്നു. തക്കതായ അവസരം വന്നപ്പോൾ അവർ കോട്ട കൈവശമാക്കി അതിന്നു മേൽ ഇംഗ്ലീഷുകാരുടെ കൊടി നാട്ടുകയും ചെയ്തു.

ഇങ്ങനെ അമളി പിണഞ്ഞ ലന്തക്കാർ ഉടനെതന്നെ ചേററുവാക്കു ഒരു പട്ടാളത്തെ അയച്ചു. എന്നാൽ അവൎക്കു കോട്ട പിടിക്കുവാൻ സാധിക്കാതെ മടങ്ങിപ്പോകേണ്ടി വന്നു. ലന്തക്കാരുടെ തോൽവി കണ്ടു് അവരുടെ പക്ഷത്തായിരുന്ന കൊച്ചിയുൾപ്പെടെ പലരും സാമൂതിരിയുടെ കൂടെ കൂടി.

1716 അവസാനംവരെ ഇങ്ങനെ കഴിഞ്ഞു. അപ്പോൾ ഡച്ചുസേങ്കതമായ ബറേവിയായിൽനിന്ന് ഒരു വമ്പിച്ച ശക്തിയുമായി ലന്തക്കാർ കൊച്ചിയിൽ വന്നു. അവിടെനിന്നും അവർ കൊച്ചിയുടെ സഹായത്തോടുകൂടി പോയി ചേററുവാ പിടിച്ചു. കൊച്ചിയിൽ സാമൂതിരിയ്ക്കുണ്ടായിരുന്ന എല്ലാ സ്ഥലങ്ങളിൽനിന്നും സാമൂതിരിയെ ഓടിച്ചു. ലന്തക്കാർ പിന്നേയും മുന്നോട്ടു കയറുന്നതു കണ്ടു പരിഭ്രമിച്ച് സാമൂതിരി സമാധാനത്തിന്നപേക്ഷിച്ചു. 1718-ൽ ചെയ്ത ഉടമ്പടിപ്രകാരം ലന്തക്കാൎക്ക യുദ്ധച്ചിലവു് ലഭിച്ചതിന്നു പുറമെ ചേററുവാ മുതലായ സ്ഥലങ്ങളും വീണ്ടുകിട്ടി. കൊച്ചിയ്ക്കു ഇതിന്നുമുമ്പു നഷ്ടപ്പെട്ടിരുന്ന പല പ്രദേശങ്ങളും കൈവശമായി.

വീരനായ രാമവൎമ്മരാജാവിന്നു തൻെറ ഉദ്ദേശമെല്ലാം സാധിച്ചതിൽ അതിയായ സന്തുഷ്ടിയുണ്ടായി. കഴിഞ്ഞ 16 കൊല്ലത്തെ യുദ്ധംകൊണ്ടുണ്ടായ മെച്ചം മുഴുവൻ കൊച്ചിയ്ക്കായിരുന്നു എന്നുള്ളതിൽ ലന്തക്കാൎക്ക് അസൂയയുമുണ്ടായി. രാമവൎമ്മമഹാരാജാവു് 1722-ൽ തീപ്പെട്ടു.

പിന്നീട് രവിവൎമ്മരാജാവാണ് ഒമ്പതു കൊല്ലം രാജ്യം ഭരിച്ചതു്. അദ്ദേഹത്തിൻെറ പ്രധാന മന്ത്രി പാലിയത്തു് ഇട്ടിക്കൊമരനച്ചനായിരുന്നു. ഈ മന്ത്രി പല കുതന്ത്രങ്ങളും പ്രയോഗിയ്ക്കുകനിമിത്തം തൻെറ മന്ത്രിസ്ഥാനം 'കുളഞ്ഞു കുളിച്ചു' എന്നുതന്നെയല്ല, അദ്ദേഹത്തിൻെറ സ്വത്തെല്ലാം സൎക്കാരിലേയ്ക്കു 'കണ്ടുകെട്ടുന്നതിന്നും' ഇട

യാക്കി. ഇട്ടിക്കമാരനച്ചൻെറ അനന്തരവൻ ഇട്ടിണ്ണാനച്ചൻ രാജാവിൻെറ പ്രീതി സമ്പാദിച്ചു എന്നുതന്നേയല്ല തൻെറ കാരണവരുടെ നയദോഷംമൂലം നഷ്ടപ്പെട്ട സ്ഥാനമാനങ്ങളും സ്വത്തുക്കളും വീണ്ടെടുക്കുകയും ചെയ്തു.

രാമവമ്മരാജാവു് 1731-ൽ തീപ്പെട്ടു. രവിവമ്മരാജാവു് അദ്ദേഹത്തെ പിന്തുടൎന്നു രാജ്യഭാരം കയ്യേറു. ഇദ്ദേഹത്തിൻെറ കാലത്താണു് കൊച്ചിയും തിരുവിതാംകൂറും തമ്മിൽ ആദ്യത്തെ യുദ്ധമുണ്ടായതു്. 1773-ൽ അന്നത്തെ മൈസൂർ അധിപനായ ഹൈദരാലി കോഴിക്കോട്ട പിടിച്ചടക്കിയതോടുകൂടി കൊച്ചിയ്ക്കു് അവിടെ നിന്നുണ്ടായിരുന്ന ശല്യങ്ങൾക്കു ശമനം വന്നു. അവിടെ ബ്രിട്ടീഷധികാരം സ്ഥാപിതമായശേഷം കൊച്ചിയും കോഴിക്കോട്ടും തമ്മിൽ കലഹത്തിന്നു കാരണമില്ലാതാകയും ചെയ്തു.

## അദ്ധ്യായം 21

### കൊച്ചിയും തിരുവിതാംകൂറും

ക്രിസ്താബ്ദം പതിനെട്ടാം ശതകത്തിൻെറ ഏകദേശം മദ്ധ്യകാലത്താണു് കൊച്ചിയും തിരുവിതാംകൂറും തമ്മിൽ ആദ്യം യുദ്ധമുണ്ടായതു്. അന്നത്തെ തിരുവിതാംകൂർ രാജാവു് പ്രഖ്യാതനും, പരാക്രമശാലിയുമായ മാൎത്താണ്ഡവമ്മയായിരുന്നു. അദ്ദേഹത്തിൻെറ ഭരണത്തിൽ തിരുവിതാംകൂറിൻെറ വൎദ്ധിച്ചു വന്നിരുന്ന പ്രാബല്യം കണ്ടു

ലന്തക്കാൎക്ക് അല്പം അസ്വാസ്ഥ്യമുണ്ടായി. അതിനാൽ അവർ തിരുവിതാംകൂറുമായി യുദ്ധത്തിന്നൊരുങ്ങി. കൊച്ചി, ലന്തക്കാരുടെ ബന്ധുവായിരുന്നതിനാൽ അവരെ സഹായിക്കുവാൻ പുറപ്പെട്ടു. എങ്കിലും യുദ്ധത്തിന്നിടക്കു ലന്തക്കാർ തിരുവിതാംകൂർ തമ്പുരാട്ടിമാരെ ബന്ധനസ്ഥരാക്കുവാനും ക്ഷേത്രങ്ങൾ കൊള്ള ചെയ്യാനും തുടങ്ങിയപ്പോൾ കൊച്ചി രാജാവ് യുദ്ധത്തിൽനിന്നു പിൻമാറി.

മാൎത്താണ്ഡവൎമ്മരാജാവ് നല്ലതായ ഒരു സൈന്യം ശേഖരിച്ചിരുന്നു. നാട്ടുകാരായ പട്ടാളക്കാരെ ഒരു യൂറോപ്യൻ കപ്പിത്താനാണു യുദ്ധം പരിശീലിപ്പിച്ചിരുന്നത്. അവർ ലന്തക്കാരെ എളുപ്പത്തിൽ തോല്പിച്ചു. അനന്തരം ഉണ്ടായ സന്ധി, ലന്തക്കാരുടെ ശക്തിയെ ഉയരുവാൻ വയ്യാതെയാക്കി. അതിലെ ഒരു പ്രധാന നിശ്ചയം തിരുവിതാംകൂറുമായി യുദ്ധത്തിലേപ്പെടുന്ന യാതൊരു രാജാവിനേയും ലന്തക്കാർ ഒരിക്കലും സഹായിക്കരുതെന്നായിരുന്നു. ഈ വ്യവസ്ഥയിൽനിന്നു കൊച്ചിയെ ഒഴിവാക്കുവാൻ ലന്തക്കാർ യത്നിച്ചെങ്കിലും അതു ഫലിച്ചില്ല.

മേൽപറഞ്ഞ കരാറു മുതൽ കൊച്ചിരാജ്യത്തിലെ സ്ഥിതി വലിയ പരുങ്ങലിലായിത്തീൎന്നു. ക്രിസ്താബ്ദം പതിനെട്ടാം നൂററാണ്ടിന്റെ ഉത്തരാൎദ്ധത്തിൽ കൊച്ചി രാജ്യം പല അത്യാപത്തുകളിലും പെട്ടു. എന്നുമാത്രമല്ല രാജ്യം നാമാവശേഷമാകുമോ എന്നുകൂടി ഭയപ്പെടേണ്ട ഘട്ടമായി. ഒടുവിൽ, 1790-ൽ കൊച്ചി ഇംഗ്ലീഷു പൂൎവ്വ

ന്ത്യാ സംഘത്തിൻെറ രക്ഷാധികാരത്തിലായി. അന്നു രാജ്യത്തിൻെറ വലിപ്പവും പ്രശസ്തിയും തുലോം കുറഞ്ഞിരുന്നു.

വീരകേരളവൎമ്മ 1746 മുതൽ 1750 വരേയും രാമവൎമ്മരാജാവു് 1750 മുതൽ 1760 വരേയും രാജ്യം വാണു. കൊച്ചിയുടെ നേരെ തിരിയുവാൻ തക്കം നോക്കി നിന്നിരുന്ന മാൎത്താണ്ഡവൎമ്മ രാജാവിന്നു് അനന്തരമുണ്ടായ പിന്തുടൎച്ചത്തൎക്കത്തിൽ ഒരവസരം കിട്ടി. ഇതിന്നുമുമ്പുതന്നെ ഉപേക്ഷിക്കപ്പെട്ടിരുന്ന "പെരുമ്പടപ്പു മൂപ്പിൽ" എന്ന സ്ഥാനം വഹിക്കുവാൻ തനിക്കാണു അധികാരമെന്നു ചാഴൂർ കോവിലകത്തെ അന്നത്തെ മൂപ്പിൽനിന്നു് ഒരു വാദം പുറപ്പെടുവിച്ചു. മാൎത്താണ്ഡവൎമ്മ അദ്ദേഹത്തെ സഹായിക്കുവാനൊരുങ്ങി. മാൎത്താണ്ഡവൎമ്മയുടെ വിരോധികളായ ചില പ്രഭുക്കന്മാരുടെ സഹായത്തോടുകൂടി കൊച്ചിയും യുദ്ധത്തിന്നൊരുങ്ങി. യുദ്ധത്തിൽ കൊച്ചി പരാജയമണഞ്ഞതിന്നും പുറമേ മന്ത്രിയായിരുന്ന കോമിയച്ചനും മററനേകം പേരും തിരുവിതാംകൂറിൻെറ തടവുകാരായി. വലിയ ഒരു സംഖ്യ, മോചനദ്രവ്യമായി കൊടുത്തിട്ടാണു് അവരെയെല്ലാം പിന്നീടു രക്ഷപ്പെടുത്തിയതു്.

വിജയശ്രീലാളിതനായ മാൎത്താണ്ഡവൎമ്മ വടക്കോട്ടു വന്നു കൊച്ചിയിലെ പല പ്രദേശങ്ങളും പിടിച്ചടക്കി. ലന്തക്കാരുടെ സഹായം ലഭിക്കാഞ്ഞതിൽ രാമവൎമ്മരാജാവിന്നു വലിയ ബുദ്ധിക്ഷയമായി. ഗത്യന്തരമി

ല്ലെന്നു കണ്ടു് അദ്ദേഹം മാൎത്താണ്ഡവൎമ്മയുമായി സമാധാനത്തിന്നപേക്ഷിച്ചു. 1756-ൽ കൊച്ചിയും തിരുവിതാംകൂറും തമ്മിൽ ഒരു സന്ധി ചെയ്തു. അതുപ്രകാരം മേലിൽ രണ്ടു രാജ്യങ്ങളും തമ്മിൽ സൌഹാൎദ്ദത്തോടെ പെരുമാറുവാനും മാൎത്താണ്ഡവൎമ്മ പിടിച്ചടക്കിയ പ്രദേശങ്ങൾ തിരുവിതാംകൂറിലേക്കു ചേൎക്കുവാനും നിശ്ചയിച്ചു. പിന്നീടു പാലിയത്തു കോമിയച്ചന്റെ ഉത്സാഹത്തിൽ 1761-ൽ ഒരു പുതിയ ഉടമ്പടിയുണ്ടായി. അതുപ്രകാരം സാമൂതിരിയെ എതിൎക്കുന്നതിൽ കൊച്ചിയെ സഹായിക്കാമെന്നു മാൎത്താണ്ഡവൎമ്മ ഏല്ക്കുകയും ചെയ്തു.

## അദ്ധ്യായം 22

### കൊച്ചിയും മൈസൂരും

കോഴിക്കോട്ടു നിന്നും തിരുവിതാംകൂറിൽ നിന്നും ഉണ്ടായിരുന്ന ഉപദ്രവങ്ങൾ ഒരു വിധം ശമിച്ചപ്പോൾ മറു ദിക്കിൽനിന്നും ശല്യങ്ങൾ തുടങ്ങി. മൈസൂർ രാജാവായിരുന്ന ഹൈദരാലി കേരളത്തെ ആക്രമിച്ചേയ്ക്കുമെന്നു പലൎക്കും ഭയമുണ്ടായിരുന്നു. കൊച്ചിയും ഈ ഭയത്തിൽ പങ്കുകൊണ്ടിരുന്നു.

1766-ൽ ഹൈദരാലി സാമൂതിരിയുമായി കലഹിക്കുകയും വടക്കെ മലയാളം ആക്രമിക്കുകയും ചെയ്തു. പല പ്രദേശങ്ങളും പിടിച്ചടക്കിയ കൂട്ടത്തിൽ കൊച്ചിയിലെ

ചിററൂർ-താലൂക്കും കൂടി പെട്ടുപോയി. ഈ വിവരം മനസ്സിലായ ഉടനെ തന്നെ ചിററൂർ താലൂക്ക കൊച്ചിയ്ക്കു വിട്ടു കൊടുക്കുവാൻ ഹൈദരാലി കല്പിയ്ക്കുകയും അദ്ദേഹത്തിന്നു കൊച്ചിയോടുള്ള സൌഹാർദ്ദത്തിന്നു ഭംഗം വരുന്നതല്ലെന്നു രാജാവിന്നു ഉറപ്പു കൊടുക്കുകയും ചെയ്തു.

ഹൈദരാലിയ്ക്കു മററു ചില ദിക്കുകളിലേയ്ക്കു തൻെറ ശ്രദ്ധ തിരിയ്ക്കേണ്ടതായിവന്നു. ഈ ലാക്കു നോക്കി മലയാളത്തിലെ പ്രഭുക്കന്മാർ, അവക്കു നഷ്ടമായ രാജ്യങ്ങൾ വീണ്ടെടുത്തു. പക്ഷെ 1778-ൽ ഹൈദരുടെ ശ്രദ്ധ വീണ്ടും കേരളത്തിൽ പതിയുകയും നഷ്ടപ്പെട്ട പ്രദേശങ്ങൾ രണ്ടാമതും കൈക്കലാക്കുകയും ചെയ്തു.

ഒ്കാച്ചി രാജാവിനോടു തനിയ്ക്കു നാലു ലക്ഷം ഉറുപ്പിക കപ്പം കിട്ടേണമെന്നു ഹൈദർ ആവശ്യപ്പെട്ടു. സാമൂതിരിയ്ക്കു പററിയ രാജ്യനഷ്ടം തനിയ്ക്കും പററിയെങ്കിലോ എന്നു ഭയപ്പെട്ടു് കൊച്ചി രാജാവു് ഉടനെ ആവശ്യപ്പെട്ട സംഖ്യകൊടുത്തു ഹൈദരെ തൃപ്തിപ്പെടുത്തി. മൂന്നുകൊല്ലത്തേയ്ക്കു കൊച്ചിയ്ക്കു സമാധാനമുണ്ടായി. പക്ഷെ 1776-ൽ കൊച്ചിയുടെ അതിത്തിയിൽ സ്ഥിതി ചെയ്തിരുന്ന ചില പ്രദേശത്തെപ്പററി ഒരു തക്കമുണ്ടായി. അതു കൊച്ചിയിൽ പെട്ടതാണെന്നു കൊച്ചിക്കാരും സാമൂതിയുടെ രാജ്യത്തിൽ പെട്ടതാണെന്നു മൈസൂർക്കാരും വാദിച്ചു. മൈസൂർ സേനാനായകനായ സർദാർഖാൻ ഈ ഘട്ടത്തിൽ കൊച്ചി രാജ്യത്തെ ആക്രമിച്ചു. പക്ഷേ കൊച്ചി മൈസൂർ രാജ്യത്തിൻെറ കീഴ്ക്കോയ്മയാകുവാൻ

സമ്മതിയ്ക്കുന്ന പക്ഷം രാജ്യത്തെ മൈസൂർ രാജ്യത്തോടു കൂട്ടിച്ചേക്കുന്നതല്ലെന്നു് അദ്ദേഹം പ്രസ്താവിച്ചു. കൊച്ചി രാജാവു് ഇതിന്നു സമ്മതിച്ചെങ്കിലും കപ്പം കുറച്ചു കിട്ടുന്നമെന്നു് ഹൈദരാലിയോടപേക്ഷിച്ചു. അതനുസരിച്ചു് നാലു ലക്ഷം ഉറുപ്പികയും നാലു ആനകളേയും ഉടനേയും പിന്നീടു കൊല്ലംതോറും ഓരോ ലക്ഷം ഉറുപ്പികയും കൊടുക്കുവാൻ നിശ്ചയിച്ചു. അന്നു മുതൽ മൈസൂർ കൊച്ചിയുടെ മേൽക്കോയ്മയായിത്തീരുകയും ചെയ്തു. ഇതിന്നുശേഷം ഹൈദരാലിയും കൊച്ചി രാജാവും തമ്മിൽ അന്യോന്യം കത്തുകളെഴുതിയും സമ്മാനങ്ങൾ അയച്ചും വലിയ സ്നേഹത്തോടുകൂടി വത്തിച്ചു വന്നു.

---

## അദ്ധ്യായം 23

### കൊച്ചിയും ബ്രിട്ടീഷുകാരും

ഹൈദരാലിയുടെ പുത്രൻ ടിപ്പുസുൽത്താൻ മൈസൂർ രാജാവായപ്പോൾ മൈസൂരും കൊച്ചിയും തമ്മിലുള്ള സൌഹാർദ്ദബന്ധത്തിന്നു ഭംഗംവന്നു.

ടിപ്പുവിന്നു് തിരുവിതാംകൂർ കൈവശപ്പെടുത്തണമെന്നു് ആഗ്രഹമുണ്ടായിരുന്നു. എന്നാൽ, ആ രാജ്യത്തെ എതിക്കുവാൻ തക്ക കാരണമുണ്ടായിരുന്നില്ല. അതിനാൽ തിരുവിതാംകൂറുമായി കലഹിയ്ക്കുന്നതിന്നു് ടിപ്പു കൊച്ചിയെ പ്രേരിപ്പിച്ചു. പക്ഷേ, ഈ പ്രേരണ ഫലിച്ചില്ല.

തിരുവിതാംകൂറുമായി കലഹിയ്ക്കാതേയും ടിപ്പുവിനെ മുഷിപ്പിയ്ക്കാതേയും, കൊച്ചി അല്പകാലം കഴിച്ചുകൂട്ടി. അക്കാലത്തു കൊച്ചിരാജാവു് ഇംഗ്ലീഷു പൂർവ്വേന്ത്യാസംഘം പ്രതിനിധിയുമായി ഒരു കൂടിയാലോചന നടത്തി. സംഘത്തെ ഒരു മേൽക്കോയ്മയായി കൊച്ചി സ്വീകരിയ്ക്കാമെന്നും അതിന്നു പകരം ഇംഗ്ലീഷുകാർ കൊച്ചിയെ ശത്രുക്കളിൽനിന്നും സംരക്ഷിയ്ക്കണമെന്നും മറ്റുമായിരുന്നു ആലോചനാവിഷയങ്ങൾ.

ഈ ആലോചനകൾ പൂർത്തിയാകുന്നതിന്നു മുമ്പുതന്നെ കൊച്ചിയുടെ വിശ്വസ്തതയിൽ ടിപ്പുവിന്നു് അല്പം സംശയം ജനിച്ചു. യാതൊരു തീർച്ചയുമില്ലാത്ത മറുവടികൾ കൊച്ചിയിൽനിന്നും കിട്ടിയപ്പോൾ ഈ സംശയം വർദ്ധിയ്ക്കുകയും കൊച്ചിയെ ഒരു ശത്രു എന്ന നിലയിൽ അദ്ദേഹം കണക്കാക്കുകയും ചെയ്തു. താമസിയാതെ അദ്ദേഹം കൊച്ചിയും തിരുവിതാംകൂറും ആക്രമിയ്ക്കുവാൻ പുറപ്പെട്ടു. ടിപ്പുവിൻെറ ഈ 'പടയോട്ടം' കൊച്ചിയ്ക്കു കഠിനമായ നാശം വരുത്തി. അന്നു തിരുവിതാംകൂറും ഇംഗ്ലീഷുകാരുമായി സൌഹാർദ്ദമായിരുന്നതിനാൽ, ഇംഗ്ലീഷുകാർ ടിപ്പുവിൻെറ നേരെ യുദ്ധത്തിന്നു പുറപ്പെട്ടു് അദ്ദേഹത്തെ തോല്പിച്ചു. ഈ യുദ്ധത്തിൻെറ ഫലമായിട്ടാണു് ഇന്നത്തെ ബ്രിട്ടീഷുമലബാർ ഇംഗ്ലീഷുകാരുടെ കൈവശമായതു്.

1790 മുതൽ 1805വരെ രാജ്യം ഭരിച്ചതു് "ശക്തൻ തമ്പുരാൻ" എന്ന പേരിൽ സുപ്രസിദ്ധനായ രാ

മവൎമ്മ രാജാവാണ്. 1769-മുതൽക്കുതന്നെ അദ്ദേഹം രാജ്യഭരണത്തിൽ പൂൎണ്ണാധികാരം നടത്തിയിരുന്നു. ശക്തൻ തമ്പുരാൻെറ ഭരണം കൎക്കശമായ രാജശാസനത്തിൻെറ കാലമായിരുന്നു. ലഘുവായ കുററങ്ങൾക്കുപോലും കഠിനമായ ശിക്ഷകൾ നൽകിയാണ് അദ്ദേഹം നീതിയും നിയമവും പാലിച്ചതു്. അദ്ദേഹത്തിൻെറ കാലത്തു് അക്രമങ്ങൾക്കും അഴിമതികൾക്കും സ്ഥാനമുണ്ടായിരുന്നില്ല.

ശക്തൻ തമ്പുരാൻെറ കാലത്തു് ആദ്യമായി 1791-ൽകൊച്ചിയും ഇംഗ്ലീഷുകാരും തമ്മിൽ ഒരു സഖ്യമുണ്ടായി. മലയാളക്കരയിലെ കാൎയ്യങ്ങൾ ശരിയായി നിൎവ്വഹിക്കുന്നതിന്നു് ഇംഗ്ലീഷുകാർ കമ്മീഷണർമാരെ നിശ്ചയിച്ചു. ചില അതിൎത്തിത്തൎക്കങ്ങളും ഈ കമ്മീഷണർമാൎക്കു തീരുമാനിയ്ക്കേണ്ടിവന്നു. ശക്തൻ തമ്പുരാനു കമീഷണർമാരുടെ പ്രവൃത്തിയും പെരുമാററവും തീരെ രസിച്ചില്ല. എങ്കിലും അദ്ദേഹം ഇംഗ്ലീഷുകാരുമായി കലഹിയ്ക്കാതെ രാജ്യഭാരം നിറവേററി.

ക്രിസ്ത്വാബ്ദം പതിനെട്ടാം നൂററാണ്ടിൻെറ മദ്ധ്യംമുതൽ കൊച്ചിയ്ക്കു പല വിഷമഘട്ടങ്ങൾ ഉണ്ടായി എന്നു മുൻ പ്രസ്താവിച്ചിട്ടുണ്ടല്ലോ. 1779-ൽ കൊച്ചിയിലെ പ്രധാന മന്ത്രിയും വലിയ സ്വരാജ്യസ്നേഹിയുമായിരുന്ന പാലിയത്തു കോമിഅച്ചൻ മരിച്ചു. ഇതു് കൊച്ചിയ്ക്കു വലിയൊരു നഷ്ടമായി. ഈ മരണശേഷം മന്ത്രിസ്ഥാനത്തിന്നു പാലിയം തറവാട്ടിലേയ്ക്കുണ്ടായിരുന്ന പരമ്പരാവകാശം നിൎത്തൽ ചെയ്യപ്പെട്ടു.

കോമിഅച്ചൻെറ അനന്തിരവൻ പൊയ്യോയ മന്ത്രിസ്ഥാനം വീണ്ടെടുക്കുവാൻ ശ്രമിച്ചു. എങ്കിലും ആ ശ്രമം ഫലിച്ചില്ല. തിരുവിതാംകൂറിൽ വേലുത്തമ്പി മന്ത്രിയായപ്പോൾ അദ്ദേഹത്തിൻെറ സഹായത്താൽ പാലിയത്തച്ചന് നഷ്ടപ്പെട്ടുപോയിരുന്ന കൊച്ചി മന്ത്രിസ്ഥാനം വീണ്ടെടുക്കുവാൻ സാധിച്ചു. ഈ രണ്ടു മന്ത്രിവീരന്മാരും തമ്മിൽ ഇംഗ്ലീഷുകാരെ കൊച്ചിയിൽനിന്നും തിരുവിതാംകൂറിൽനിന്നും ഓടിയ്ക്കുവാനുള്ള പല ആലോചനകളും നടന്നു.

കൊച്ചിയിൽ അന്നു വളരെ വില പിടിച്ച കോട്ടകളും മനോഹരങ്ങളായ പൊതുകെട്ടിടങ്ങളും ഉണ്ടായിരുന്നു. ഇവയെല്ലാം ഇംഗ്ലീഷുകാർ 1806-ൽ വെടിവെച്ചു തകർത്തു. അന്ന് അവരുടെ നേരെ യുദ്ധം ചെയ്തുകൊണ്ടിരുന്ന പരന്ത്രീസുകാർ പിടിച്ചടക്കിയെങ്കിലോ എന്നു ഭയപ്പെട്ടിട്ടാണ് ഇംഗ്ലീഷുകാർ ഈ നാശം ചെയ്തത്. ഏതായാലും ഈ പ്രവൃത്തിനിമിത്തം പൊതുജനങ്ങൾക്ക് അവരിലുണ്ടായിരുന്ന ബഹുമാനാദരങ്ങൾക്കു വലിയ കുറവുണ്ടായി. ഇതിന്നു മേൽപറഞ്ഞ മന്ത്രിമാരും സഹായിച്ചു. പക്ഷെ കൊച്ചിരാജാവിന്നു് ഇംഗ്ലീഷുകാരുമായി തെറ്റുന്നതിന്നു സമ്മതമുണ്ടായിരുന്നില്ല. എന്നാൽ സമർത്ഥനായിരുന്ന അദ്ദേഹത്തിൻെറ മന്ത്രിയ്ക്ക് അദ്ദേഹത്തിൻെറ താമസം വെള്ളാരപ്പിള്ളിയ്ക്കു മാററിയ്ക്കുവാൻ സാധിച്ചു.

ഇതിന്നുശേഷം അച്ചനും തമ്പിയ്ക്കും യഥേഷ്ടം പ്രവർത്തിയ്ക്കുവാൻ സൌകര്യമുണ്ടായി. അവരുടെ ഉദ്ദേശം

ഇംഗ്ലീഷുറസിഡണ്ടായ കേണൽ മെക്കാളയെ വധിക്കണമെന്നും കൊച്ചിയിലും കൊല്ലത്തും സ്ഥാപിച്ചിരുന്ന ബ്രിട്ടീഷുപട്ടാളത്തെ ഒരേസമയത്തുതന്നെ എതിക്കണമെന്നുമായിരുന്നു. പക്ഷെ അച്ചൻേറയും തമ്പിയുടേയും ശ്രമം വിഫലമായി. അച്ചൻ ഇംഗ്ലീഷുകാക്ക കീഴടങ്ങി. തമ്പി അങ്ങിനെ ചെയ്യാതെ കാട്ടിൽ പ്രവേശിച്ച് ആത്മഹത്യ ചെയ്യുകയാണുണ്ടായത്.

ഈ സംഭവത്തിന്നുശേഷം 1809-ൽ ഇംഗ്ലീഷുകാരും കൊച്ചിയുമായി ഒരു പുതിയ ഉടമ്പടിയുണ്ടായി. അത് ഇപ്പോഴും നിലനിന്നുവരികയും ചെയ്യുന്നു.

## അദ്ധ്യായം 24

### കൊച്ചി 19-ാം ശതകത്തിൽ പുതിയ ഭരണരീതി

മുൻകാലങ്ങളിലെ ഭരണരീതിയെക്കുറിച്ച് ഇതിന്നുമുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. നീതിനിയമങ്ങൾ പാലിച്ച് രാജ്യത്ത് ആഭ്യന്തരസമാധാനം നിലനിത്തുക, ബാഹ്യമായ ആക്രമണങ്ങളിൽനിന്നു രാജ്യത്തെ സംരക്ഷിക്കുക എന്നിവയായിരുന്ന അന്നത്തെ ഭരണകത്താക്കളുടെ ഏററവും പ്രധാനപ്പെട്ട ചുമതലകൾ. ഈ ചുമതലകളുടെ നിവ്വഹണംതന്നെ പുരാതനമായ ചില സമ്പ്രദായങ്ങളനുസരിച്ചായിരുന്നു നടത്തിവന്നത്. എന്നാൽ 19-ാം ശത

കത്തോടുകൂടി രാജ്യഭരണത്തിന്റെ ഉദ്ദേശത്തിലും സമ്പ്രദായത്തിലും പലമാററങ്ങളും വന്നുതുടങ്ങി.

വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, കൃഷിവ്യവസായപോഷണം മുതലായി ജനക്ഷേമകരങ്ങളായ പല പുതിയ മാർഗ്ഗങ്ങളിലും ഇന്നു ഗവമ്മേണ്ടു ശ്രദ്ധിച്ചുവരുന്നുണ്ടല്ലോ. ഗവമ്മേണ്ടിന്നാവശ്യമായ പണം പിരിച്ചുണ്ടാക്കുന്ന കാര്യത്തിൽതന്നെയും നീതിന്യായപരിപാലനത്തിലും പണ്ടില്ലാത്തവിധം വ്യവസ്ഥയും നീതിയും ഇന്ന് ഏർപ്പെട്ടുത്തിക്കഴിഞ്ഞിട്ടുണ്ട്. ഈ പരിവർത്തനം പെട്ടെന്നുണ്ടായിട്ടുള്ളതല്ലെന്നു പറയേണ്ടതില്ലല്ലോ. ഏതാണ്ട് ഒന്നേകാൽ നൂററാണ്ടു കാലം നീണ്ടുനിന്ന ഒരു വളർച്ചയുടെ ഫലമാണ് അത്.

ഈ പരിവർത്തനം ആരംഭിച്ചത് കേണൽമൺറോ ദിവാനായതോടുകൂടിയാണെന്നു കണക്കാക്കാവുന്നതാണ്. പിന്നീടുണ്ടായ മഹാരാജാക്കന്മാരുടേയും ദിവാന്മാരുടേയും കാലത്തെ രാജ്യചരിത്രംതന്നെ രാജ്യഭരണത്തിന്ന് അതാത്കാലത്തു വന്നുചേർന്നിട്ടുള്ള വളർച്ചയുടേയും അതിൽനിന്നു ജനങ്ങൾക്കുണ്ടായിട്ടുള്ള ഫലങ്ങളുടേയും ചരിത്രം മാത്രമാകുന്നു. ഈ സംഭവങ്ങളാണ് ഇനി പ്രതിപാദിയ്ക്കുവാൻ പോകുന്നത്.

# അദ്ധ്യായം 25

## 19-ാം ശതകത്തിലെ പ്രധാനപ്പെട്ട രാജാക്കന്മാരും മന്ത്രിമാരും

ക്രിസ്ത്വാബ്ദം 19-ാംനൂററാണ്ടിൻെറ പ്രാരംഭം ശക്തൻതമ്പുരാൻെറ ഭരണകാലത്തിൻെറ അവസാനഘട്ടത്തോടുകൂടിയാണ്. അദ്ദേഹം 1805-ൽ തീപ്പെട്ടതിന്നു ശേഷം കുറച്ചുകാലത്തേയ്ക്കു രാജ്യത്തിൽ വല കുഴപ്പങ്ങളുമുണ്ടായി. ഈ ഇടയ്ക്കാണ് പാലിയത്തച്ചനും വേലുത്തമ്പിദളവയുംകൂടി ഇംഗ്ലീഷുകാൎക്കെതിരായി ലഹളയുണ്ടാക്കുവാൻ ശ്രമിച്ചത്. അതു പരാജയപ്പെട്ടതിന്നുശേഷവും കുറെ കാലം കുഴപ്പം നിലനിന്നു. ഈ വിഷമങ്ങൾക്ക് ഒരു നിവാരണമുണ്ടാക്കുവാൻവേണ്ടി തിരുവിതാംകൂറിലേയും കൊച്ചിയിലേയും റസിഡണ്ടായ കേണൽമൺറോ രണ്ടു രാജ്യങ്ങളുടേയും മന്ത്രിപദം കയ്യേററു. ഉടനെതന്നെ അദ്ദേഹം രാജ്യത്തുള്ള അഴിമതികൾ അമൎത്തുവാൻ ശ്രമിച്ചു. നിയമവകുപ്പിൽ അദ്ദേഹം വല പരിഷ്കാരങ്ങളും വരുത്തി. രണ്ടു കീഴ്ക്കോടതികളും ഹജ്ജൂർകോടതി എന്നറിയപ്പെട്ടിരുന്ന ഒരു അപ്പീൽകോടതിയും അദ്ദേഹം സ്ഥാപിച്ചു. ആധാരങ്ങളും മററും എഴുതുന്നതിന്ന് അദ്ദേഹം മുദ്രയോലകൾ നടപ്പാക്കി. ഉദ്യോഗസ്ഥന്മാൎക്കു ശമ്പളവും പെൻഷ്യനും കൊടുക്കുന്നതിന്നുള്ള വ്യവസ്ഥയും അദ്ദേഹം ചെയ്തു. രാജ്യത്തു സമാധാനം പരിപാലിയ്ക്കുന്നതിന്നു പട്ടാളത്തേയും പൊല്ലീസ്സിനേയും അദ്ദേഹം ഏൎപ്പെടുത്തി.

1813-ൽ നഞ്ചപ്പയ്യ ദിവാനായി. നിലങ്ങൾ സ വ്വെ ചെയ്തു് നികുതി പുതുക്കിയതിന്നു പുറമെ ഇദ്ദേ ഹം നീതിന്യായവകുപ്പിൽ ചിലപരിഷ്ക്കാരങ്ങൾ വരുത്തി.

വെങ്കിടസുബ്ബയ്യ 1835-ൽ ദിവാനായി. ഇദ്ദേഹം വനംവകുപ്പു പരിഷ്ക്കരിയ്ക്കുകയും, കൃഷിവകുപ്പു് ആരംഭിയ്ക്കു കയും ചെയ്തു. രാജകുമാരന്മാരുടെ വിദ്യാഭ്യാസത്തിന്നാ യി പ്രത്യേകം ഒരദ്ധ്യാപകനെ നിയമിയ്ക്കുകയും ചെയ്തു.

എടക്കുന്നി ശങ്കരവാരിയരാണു് പിന്നീടു ദിവാനാ യതു്. താണ നിലയിൽനിന്നു് ഉയൎന്നു വന്ന ആളായിരു ന്നതിനാൽ അദ്ദേഹത്തിന്നു ഭരണവിഷയത്തിൽ നല്ല പ ഴക്കവും തഴക്കവും ഉണ്ടായിരുന്നു. 1840 മുതൽ 1856 വരെ നാലു രാജാക്കന്മാരുടെ കീഴിലായി പതിനാറു കൊല്ലത്തി ലധികം കാലം അദ്ദേഹം കൊച്ചി ദിവാൻപദം അലങ്ക രിച്ചു. നികുതി ശരിയായി പിരിയ്ക്കുക, വേണ്ടവിധം ചി ലവു ചെയ്യുക, ഉദ്യോഗസ്ഥന്മാൎക്കു ശമ്പളം കൃത്യമായി കൊടുക്കുക, റോഡുകൾ തോടുകൾ, പാലങ്ങൾ മുതലായ വ നിൎമ്മിച്ചു ഗതാഗതസൌകൎയ്യം വൎദ്ധിപ്പിയ്ക്കുക, സത്രങ്ങ ളും മുസാവരി ബങ്കളാവുകളും പണിയിച്ചു യാത്രക്കാരു ടെ സൌകൎയ്യങ്ങൾ വൎദ്ധിപ്പിയ്ക്കുക, കുളങ്ങൾ കുത്തിയ്ക്കുക, എറണാകുളത്തു് ഒരു ഇംഗ്ലീഷു സ്കൂൾ സ്ഥാപിയ്ക്കുക, സൌജന്യചികിത്സക്കായി ആസ്പത്രി തുറക്കുക, ഭരണവ കുപ്പുകളിൽ പല പരിഷ്ക്കാരങ്ങളും വരുത്തുക, സക്കാർ കെട്ടിടങ്ങൾ പണിയിയ്ക്കുക എന്നിങ്ങിനെയുള്ള പ്രവൃത്തി കൾ ശങ്കരവാരിയർ നടത്തുകയുണ്ടായി. ഇതിന്നും പുറ

മെ 1854-ൽ അടിമ സമ്പ്രദായം നിറുത്തൽ ചെയ്തു എന്നുള്ളതും പ്രസ്താവ്യമാണ്. ചുരുക്കിപ്പറയുന്നതായാൽ അദ്ദേഹം കൊച്ചി രാജ്യഭരണത്തെ നവീകരിച്ചു എന്നു തന്നെ പറയാം.

ശങ്കരവാരിയക്കു ശേഷം പ്രസ്താവയോഗ്യന്മാരായ ദിവാന്മാർ അദ്ദേഹത്തിൻെറ പുത്രന്മാരായ തോട്ടെക്കാട്ടു ശങ്കുണ്ണിമേനവനും അനുജൻ ഗോവിന്ദമേനവനുമാണ്. ശങ്കുണ്ണിമേനോൻ 1860 മുതൽ 1879 വരെ ദിവാനായിരുന്നു. നീതിന്യായവകുപ്പിൽ അദ്ദേഹം പല പരിഷ്കാരങ്ങളും വരുത്തി. മുൻസീഫ് കോടതികൾ സ്ഥാപിച്ചു. വക്കീൽമാരുടെയും ജഡ്ജിമാരുടേയും നടവടിയെ ചിട്ടപ്പെടുത്തി. കറുപ്പ്, കഞ്ചാവ് എന്നിവയുടെ വ്യാപാരം നിയന്ത്രിച്ചു. പൊതുമരാമത്തു എന്നൊരു വകുപ്പു വേർതിരിച്ച് അതു് ഒരു യൂറോപ്യൻ ഉദ്യോഗസ്ഥൻെറ കീഴിലാക്കി. എറണാകുളത്തു രണ്ടാംഗ്രേയ്ഡ് കാളേജ് സ്ഥാപിച്ചു. എല്ലാ താലൂക്കുകളിലും സ്കൂളുകൾ തുടങ്ങി. വസൂരികുത്തിവെപ്പ് ഇദ്ദേഹത്തിൻെറ കാലത്താണു തുടങ്ങിയതു്. ബ്രിട്ടീഷുകാരും കൊച്ചിയും തിരുവിതാംകൂറുമായി ഒരു കച്ചവടഉടമ്പടി 1865-ൽ ചെയ്തു. ഇതുപ്രകാരം തീരുവാ വേണ്ടെന്നു വെയ്ക്കുകയും കച്ചവടാഭിവൃദ്ധിയ്ക്കുള്ള ചില നിബന്ധനകൾ ഏർപ്പെടുത്തുകയും ചെയ്തു. പത്തൊമ്പതുകൊല്ലം ദിവാൻ പദം വഹിച്ച ശേഷം ദേഹാസ്വാസ്ഥ്യം നിമിത്തം അദ്ദേഹം 1879-ൽ ഉദ്യോഗത്തിൽനിന്നും പിരിഞ്ഞു.

ജ്യേഷ്ഠൻ കഴിഞ്ഞ രാജ്യഭാരം അനുജൻ ഗോവിന്ദമേനോൻ കൈയേററു. 1879 മുതൽ 1989വരെ പത്തുകൊല്ലമാണ് ഇദ്ദേഹത്തിൻെറ ഉദ്യോഗകാലം. ഇദ്ദേഹം പൊല്ലീസ് വകുപ്പു പരിഷ്ക്കരിച്ചു; അപ്പീൽകോടതി സ്ഥാപിച്ചു; സിവിൽ, ക്രിമിനൽ എന്നീ വകുപ്പുകളിലെ നടവടിയ്ക്കു വേണ്ട നിശ്ചയങ്ങളടങ്ങിയ "കോഡുകൾ" പ്രസിദ്ധപ്പെടുത്തി; പെൺപള്ളിക്കൂടങ്ങൾ സ്ഥാപിച്ചു. ഇതിനും പുറമേ ഇന്ന് എത്രയോ വദ്ധിച്ചിരിയ്ക്കുന്ന ഗ്രാൻറ് സ്കൂൾ സമ്പ്രദായം തുടങ്ങിവെച്ചു. ഇങ്ങിനെ ശങ്കരവാരിയരും അദ്ദേഹത്തിൻെറ രണ്ടു പുത്രന്മാരും കൂടി 46 കൊല്ലം കൊച്ചിരാജ്യം ഭരിച്ച് പുരാതനകൊച്ചിയെ ആധുനികകൊച്ചിയാക്കിത്തീത്തു.

## അദ്ധ്യായം 26

### 19-ാം ശതകത്തിലെ രാജാക്കന്മാരും മന്ത്രിമാരും (തുടച്ച)

ശങ്കരവാരിയർ നാലു മഹാരാജാക്കന്മാരുടെ കീഴിൽ ഭരണം നടത്തി. ആദ്യത്തെ ആളായ രാമവമ്മ രാജാവു് ദിവാനു പല പ്രോത്സാഹനങ്ങളും നൽകി. അദ്ദേഹം 1838 മുതൽ 1844വരെയാണു നാടു വാണതു്. അദ്ദേഹത്തിൻെറ പിൻഗാമിയായ മഹാരാജാവും ശങ്കരവാരിയരും തമ്മിൽ വലിയ നീരസമായിട്ടാണു 1851-ൽ അദ്ദേഹം തീപ്പെട്ടതുവരെ കഴിഞ്ഞു കൂടിയതു്. ശങ്കര

വാരിയരും ബ്രിട്ടീഷു ഗവമ്മേണ്ടുമായി പ്രത്യേകം സ്നേഹമായി പെരുമാറി. പക്ഷേ ബ്രിട്ടീഷുകാർ മഹാരാജാക്കന്മാരുടെ അധികാരത്തെ നിയന്ത്രിയ്ക്കുവാൻ ചെയ്ത ശ്രമം സ്വാതന്ത്ര്യനും സ്വാഭിമാനിയുമായ മഹാരാജാവിന്നു് ഒട്ടും തന്നെ ഇഷ്ടമായില്ല.

1851-ൽ വീരകേരളവമ്മ രാജാവായി. ഇദ്ദേഹം യഥാത്ഥത്തിൽ വലിയ 'വീരൻ' തന്നേയായിരുന്നു. ചെറുപ്പക്കാരനും ഇംഗ്ലിഷുവിദ്യാഭ്യാസം സിദ്ധിച്ച ആളും ശൂരനുമായ ഈ "യുവരാജാവു്" ശങ്കരവാരിയരെ സഹായിച്ചിരുന്നു. പക്ഷെ ഈ രാജാവു് അല്പായുഷ്മാനായി ഭവിച്ചു. അദ്ദേഹത്തിൻെറ ഉത്തരേന്ത്യാപയ്യടനകാലത്തു് കാശിയിൽവെച്ചു് 1853-ൽ അദ്ദേഹംകാലഗതി പ്രാപിച്ചു. പിന്നിട്ട 11 കൊല്ലം രാജ്യം വാണതു രവിവമ്മരാജാവാണ്. ശങ്കരവാരിയരായിരുന്നു ഇദ്ദേഹത്തിൻെറ ഒന്നാമത്തെ ദിവാൻ; ശങ്കുണ്ണിമേനോൻ ഒടുവിലത്തെ ദിവാനും. 1864-ൽ ഈ മഹാരാജാവു തീപ്പെട്ടപ്പോൾ സർ രാമവമ്മസിംഹാസനാരോഹണം ചെയ്തു.

രാമവമ്മരാജാവു് രണ്ടു പന്തീരാണ്ടുകാലം രാജ്യം ക്ഷേമത്തോടുകൂടി പാലിച്ച ശേഷം 1888-ൽ തീപ്പെട്ടു.

സർ വീരകേരളവമ്മ 1888-ൽ സ്ഥാനാരോഹണം ചെയ്തു. ഇദ്ദേഹം ഏഴു കൊല്ലമേ രാജ്യം ഭരിച്ചുള്ളു. ഇദ്ദേഹത്തിൻെറ ആദ്യത്തെ ദിവാൻ ഗോവിന്ദമേനോനായിരുന്നു. അദ്ദേഹം പിരിഞ്ഞപ്പോൾ തൃശ്ശിവപേരൂർ അന്നത്തെ ജില്ലാജഡ്ജിയായിരുന്ന തിരുവെങ്കിടാചായ്യർ ദി

വാനായി. പ്രാഥമികവിദ്യാലയങ്ങൾ ഏൎപ്പെടുത്തി വിദ്യാവിതരണത്തെ പ്രോത്സാഹിപ്പിച്ചതാണു് ഈ ദിവാൻെറ മുഖ്യപ്രവൃത്തി. മൂന്നുകൊല്ലം ദിവാൻ പണി നോക്കിയ ശേഷം അദ്ദേഹം ആ സ്ഥാനം വഹിച്ചുകൊണ്ടു തന്നെ 1892-ൽ അന്തരിച്ചു.

അപ്പീൽ കോടതിയിൽ ഒന്നാം ജസ്റ്റിയായിരുന്ന വി. സുബ്രഹ്മണ്യൻ പിള്ളയാണു് പിന്നീടു ദിവാനായതു്. ഇദ്ദേഹം വൈദ്യവകുപ്പു പരിഷ്കരിച്ചു. ഒന്നാമത്തെ "ചീഫ് മെഡിക്കൽ ആഫീസ"രെ നിയമിച്ചതു് ഇദ്ദേഹമാണു്. മഹാരാജാവു് ഉത്തരേന്ത്യാപൎയ്യടനം കഴിഞ്ഞു മടങ്ങി അധികം താമസിയാതെ 1895-ൽ തീപ്പെട്ടു. അദ്ദേഹത്തെ പിന്തുടൎന്നതു് വാഴ്ചയൊഴിഞ്ഞ തമ്പുരാൻ എന്നു പറഞ്ഞുവരുന്ന സർ രാമവൎമ്മ ജി. സി. എസ്. ഐ ഇ. ആണു്.

ഇദ്ദേഹം 1895മുതൽ 1914വരെയാണു് രാജ്യം ഭരിച്ചതു്. ഇദ്ദേഹത്തിൻെറ കീഴിൽ ആദ്യത്തെ ദിവാൻ സുബ്രഹ്മണ്യൻപിള്ളയായിരുന്നു. ഈ ദിവാൻ 1896-ൽ പെൻഷൻ പററി പിരിഞ്ഞു. പിന്നീടു ദിവാൻപദത്തിൽ വന്നതു ബ്രിട്ടീഷു സെർവീസ്സിൽ പേരെടുത്തിരുന്ന സർ പി. രാജഗോപാലാചാരിയായിരുന്നു. രാജ്യകാൎയ്യങ്ങൾ നിഷ്പക്ഷതയോടും കാൎയ്യക്ഷമതയോടുംകൂടി നടത്തുവാൻ നാട്ടുകാരല്ലാത്ത ദിവാന്മാരായിരിക്കും അധികം നല്ലതെന്നായിരുന്നു ഈ മഹാരാജാവിൻെറ പക്ഷം.

# അദ്ധ്യായം 27

## കൊച്ചി ഇരുപതാംനൂററാണ്ടിൽ

ക്രിസ്താബ്ദം ഇരുപതാംനൂററാണ്ടു തുടങ്ങുമ്പോൾ വാഴ്ചയൊഴിഞ്ഞ വലിയ തമ്പുരാനാണ് കൊച്ചിരാജ്യം ഭരിച്ചിരുന്നത്. രാജാവിന്നും മന്ത്രിമാർക്കും ഒരുപോലെയുള്ള പ്രാപ്തിയും കർമ്മകുശലതയും ഈ ഭരണകാലത്ത് തെളിഞ്ഞുകാണുന്നുണ്ട്. 1896-ൽ നിയമിതനായ പി. രാജഗോപാലാചാരി 1902വരെ ദിവാനായിരുന്നു. ഇദ്ദേഹം സർക്കാർ കണക്കെഴുത്തുസമ്പ്രദായത്തെ ബ്രിട്ടീഷുരീതിയനുസരിച്ചു പരിഷ്കരിച്ചു. കൊച്ചിയിൽ തീവണ്ടി ആദ്യമായി നടപ്പാക്കി. മലവക വകുപ്പിലും ചില പരിഷ്കാരങ്ങൾ വരുത്തി. കാട്ടിലെ ഉല്പന്നങ്ങൾ,—പ്രത്യേകിച്ച്, മരത്തടികൾ,—കൊണ്ടുവരുന്നതിന്നായുള്ള ട്രാംവേക്കുള്ള ഏർപ്പാടുകളും ചെയ്തു. ഈ ദിവാൻ 'സ്റ്റേറ്റ് സർവ്വേവകുപ്പും തുടങ്ങിവെച്ചു.

പിന്നത്തെ ദിവാൻ പട്ടാഭിരാമറാവു ആയിരുന്നു. ഇദ്ദേഹം 1902മുതൽ 1907വരെയാണ് ഉദ്യോഗം ഭരിച്ചത്. ഇദ്ദേഹത്തിൻെറ കാലത്ത് ട്രാംവേപണി മുഴുവനായി. പിന്നീടു ദിവാൻപദം അലങ്കരിച്ചത് സർ എ. ആർ. ബാനർജിയാണ്. ചെറുപ്പക്കാരനും ധീരനുമായ ഈ ബ്രിട്ടീഷു 'സിവിലിയൻ' രാജാവിന്നൊത്ത മന്ത്രിതന്നെയായിരുന്നു. ഇവർ രണ്ടു പേരുംകൂടി ആലോചിച്ച് രാജ്യത്തു വരുത്തിട്ടുള്ള പരിഷ്കാരങ്ങളുടെ സൽഫലങ്ങൾ ഇന്നും നാം അനുഭവിച്ചുവരുന്നു.

ഡിസ്ട്രിക്ട് മജിസ്ട്രേട്ട്, സബ്ബ് മജിസ്ട്രേട്ടമാർ, സാനിട്ടറി ഇൻസ്പെക്ടർമാർ മുതലായവരുടെ ഉദ്യോഗസ്ഥികകൾ അന്നാണു നിർമ്മിക്കപ്പെട്ടതു്. അതിന്നും പുറമെ ദേവസ്വങ്ങൾ ഊരാളന്മാരിൽനിന്നും ഏറ്റെടുക്കുക, കൃഷി, കരകൌശലം എന്നീ വകുപ്പുകൾ പരിഷ്കരിക്കുക, പ്രദൎശനങ്ങൾ നടത്തുക, മുനിസിപ്പാൽ റഗുലേഷൻ പാസ്സാക്കുക എന്നീ പ്രവൃത്തികളും ബാനർജി ദിവാൻെറ കാലത്താണു് ഉണ്ടായതു്. ഉദ്യോഗസ്ഥന്മാരുടെ കാൎയ്യക്ഷമത വൎദ്ധിപ്പിക്കുന്നതിലും അക്രമങ്ങളും അഴിമതികളും ഉടനടി അമൎത്തികളയുന്നതിലും രാജാവും മന്ത്രിയും ഒരുപോലെ ബദ്ധശ്രദ്ധരായിരുന്നു. ആകപ്പാടെ ഈ മന്ത്രിയുടെ കാലത്തു രാജ്യമൊട്ടുക്കു് ഒരു പുതിയ ജീവൻ വന്നതുപോലെ തോന്നിയിരുന്നു. ഇദ്ദേഹം 1914 വരെയാണു് ദിവാനായിരുന്നതു്.

1914 മുതൽ ജെ. ബബ്ളിയു ഭോർ ദിവാൻപദത്തിൽ വന്നു. ആ കൊല്ലംതന്നെ മഹാരാജാവു വാഴ്ചയൊഴിഞ്ഞു. പിന്നീട്ടു് ഏകദേശം 18 കൊല്ലത്തെ സ്വൈരജീവിതത്തിന്നുശേഷം ഇദ്ദേഹം തൃശ്ശിവപേരൂർ വെച്ചു് അന്തരിച്ചു.

സർ രാമവൎമ്മ മഹാരാജാവാണു് പിന്നീടു സിംഹാസനാരോഹണം ചെയ്തതു്. ഇദ്ദേഹത്തിൻെറ കാലത്താണു് കൊച്ചിരാജാവിന്നു "മഹാരാജാവു്" എന്ന സ്ഥാനം ബ്രിട്ടീഷ്ചക്രവൎത്തി കല്പിച്ചു നൽകിയതു്.

അദ്ദേഹത്തിൻെറ ദിവാനായി ഭോർ തന്നെ തുടൎന്നു രാജ്യം ഭരിച്ചു. ഭോറിൻെറ കാലത്തുണ്ടായ മറെറാരു



സ്ഥാനത്യാഗം ചെയ്ത മഹാരാജാവു്

പ്രധാന സംഭവം പരസ്പരസഹായവകുപ്പു രൂപീകരിച്ച താണ്.

1919മുതൽ 1922വരെ ദിവാനായിരുന്നത് സർ ടി. വിജയരാഘവാചാരിയായിരുന്നു. ഇദ്ദേഹത്തിൻെറ കാലത്തുണ്ടായ ഒരു പ്രധാന സംഭവം തൃശ്ശിവപേരൂര് ഹിന്തുക്കളും ക്രിസ്ത്യാനികളും തമ്മിൽ നിർഭാഗ്യവശാൽ ഉണ്ടായ ഒരു ലഹളയാണ്.

റാവുബഹദൂർ പരുവക്കാട്ടു നാരായണമേനോനാ ണ് പിന്നീടു ദിവാനായത്. അദ്ദേഹം 1925-ൽ നിയ മനിർമ്മാണസഭ ഉൽഘാടനം ചെയ്തു. ആ കൊല്ലത്തിൽ തന്നെയാണ് എറണാകുളം കാളേജ് ഒന്നാംഗ്രേയ്ഡായി ഉയത്തിയതും. മൂന്നു കൊല്ലത്തെ ഭരണശേഷം ആദ്ദേഹം 1925-ൽതന്നെ ഉദ്യോഗമൊഴിഞ്ഞു.

പിന്നീട് ദിവാൻ ബഹദൂർ ടി. എസ്സ്. നാരായണ യ്യർ 1925മുതൽ 1930വരെ ദിവാനായിരുന്നു. മഹാരാ ജാവ് ധനശാസ്ത്രവിദഗ്ദ്ധനായിരുന്നു എങ്കിൽ അദ്ദേഹ ത്തിൻെറ ദിവാൻ മിതവ്യയശീലത്തിൽ അദ്വിതീയനാ യിരുന്നു. പരസ്പരസഹായം, കൈത്തൊഴിൽ മുതലായ സാമ്പത്തികവകുപ്പുകളിൽ വലിയ പരിഷ്കാരങ്ങൾ ഇക്കാ ലത്തു വരുത്തുകയുണ്ടായി. ഇതിന്നും പുറമെ കൃഷിപരി ഷ്കരണത്തിൻെറ പ്രോത്സാഹനത്തിനായി 'കൃഷിവായ്പ' ഏപ്പെടുത്തി. എറണാകുളത്തു 'താത്താ' കമ്പനിയ്ക്കും തൃശ്ശി വപേരൂര് 'സീതാറാം' കമ്പനിയ്ക്കും പ്രോത്സാഹനം നല്കി. അധഃകൃതരെന്നും അവണ്ണരെന്നും പറയപ്പെടുന്നവരുടെ

ഉന്നമനത്തിന്നു പല ഏൎപ്പാടുകളും ഈ കാലത്തു് ആരം ഭിച്ചു. വിദ്യാഭ്യാസവിഷയത്തിൽ പ്രത്യേകം പ്രോത്സാഹനങ്ങൾ നൽകിയും കോളണികൾ സ്ഥാപിച്ചും അവരുടെ ഉന്നമനത്തിന്നു സഹായം നൽകി.

നാരായണയ്യൎക്കുശേഷം അഞ്ചു കൊല്ലം ദിവാനായിരുന്നതു മി. സി. ജി. ഹെർബർട്ടു് ഐ. സി. എസ്. ആണ്. കൊച്ചി തുറമുഖപ്പണി ജാഗ്രതയായി നടന്നതും തീവണ്ടിപ്പാത മീററർഗേജിൽനിന്നു ബ്രോഡ്ഗേജ് ആക്കിയതും, വെള്ളച്ചാട്ടങ്ങളിൽനിന്നു വിദ്യുച്ഛക്തി നിൎമ്മിയ്ക്കുവാനുള്ള കഴിവുകളെപ്പററി അന്വേഷണങ്ങൾ നടന്നതും ഇദ്ദേഹത്തിൻെറ കാലത്താണ്.

ഇങ്ങിനെ അഭിവൃദ്ധികരങ്ങളായ പല പ്രവൃത്തികളും ചെയ്തശേഷം മഹാരാജാവു് മദിരാശിയിൽവെച്ചു് 1932 മാൎച്ച് 25-ാംനു- തീപ്പെട്ടു.

## അദ്ധ്യായം 28

### നാടുവാഴുന്ന മഹാരാജാവു്

1861 ഡിസമ്പർ 30-ാംനു- തിരുവവതാരം ചെയ്ത സർ ശ്രീരാമവൎമ്മ ജി. സി. ഐ. ഇ. മഹാരാജാവു തിരുമനസ്സുകൊണ്ടു് ഇപ്പോൾ രാജ്യം ഭരിച്ചുവരുന്നു. അവിടേയ്ക്കു മൂപ്പു കിട്ടിയതു് 1932 മാർച്ചു് 25-ാംനു-യ്ക്കു ശരിയായ 1107 മീനം 12-ാംനു-യാണ്.



മദിരാശിയിൽ വച്ചു തീപ്പെട്ട മഹാരാജാവു്

ഋഷിതുല്യനായ ഈ മഹാരാജാവു വാഴ്ച തുടങ്ങിയ ശേഷം രാജ്യത്തിൽ ക്ഷേമവും സംതൃപ്തിയും വളൎന്നുവരത്തക്കവണ്ണം പല പരിഷ്കാരങ്ങളും സംഭവിച്ചിട്ടുണ്ടു്.

അന്നുമുതൽ ഇതുവരെയായി കൊച്ചി മുമ്പുണ്ടായിട്ടില്ലാത്ത വേഗതയോടുകൂടിയാണു് അഭിവൃദ്ധിപ്പെട്ടു വരുന്നതു്. രാജ്യത്തിൻെറ മുതലെടുപ്പും ജനക്ഷേമത്തിന്നു വേണ്ടിയുള്ള പദ്ധതികളും ഇക്കാലത്തു് വളരെ വൎദ്ധിച്ചിട്ടുണ്ടു്.

കൊല്ലവൎഷം 1110 മീനംവരെ മി. സി. ജി. ഹെർബർട്ടു് ദിവാനായി തുടൎന്നുവന്നു. 1109-ൽ അന്നു വൈസരോയിയായിരുന്ന വില്ലിംഗ്ഡൺപ്രഭുവും പത്നിയും കൊച്ചിരാജ്യം സന്ദർശിച്ചു.

1110 മീനം 25-ാംനു- മി. ഹെർബെട്ടിനെ തുടൎന്നു് സർ ഷൺമുഖംചെട്ടി ദിവാനായി വന്നു. ദിവാനായ ഉടനെതന്നെ അദ്ദേഹം ഭരണകൂടത്തെ കൂടുതൽ കാൎയ്യക്ഷമമാക്കുവാനായി ഹജൂരാപ്പീസ്സു പരിഷ്കരിയ്ക്കുകയും ഭരണത്തിൽ കൂടുതൽ ചിട്ട വരുത്തുകയും ചെയ്തു. ഒരു പ്രസിദ്ധീകരണവകുപ്പും ഹജൂരാപ്പീസ്സിനോടു സംബന്ധിച്ചു് ഏൎപ്പെടുത്തി. രാജ്യത്തുള്ള പല സമുദായങ്ങളുടേയും ഇടയിൽ ഉദ്യോഗവിതരണത്തെ സംബന്ധിച്ചു് സമാധാനവും സംതൃപ്തിയും ഉണ്ടാക്കുവാനായി ഒരു സ്റ്റാഫ് സിലക്ഷൻബോർഡും അതിനെ നിയന്ത്രിയ്ക്കുവാനുള്ള നിബന്ധനകളും ഏൎപ്പെടുത്തപ്പെട്ടു. കൃഷിക്കാരുടെ സാമ്പത്തികരക്ഷയ്ക്കായി ഇക്കാലത്തു് പല പരിശ്രമങ്ങളും നടന്നിട്ടുണ്ടു്. ഋണരഞ്ജനബോർഡു്, ഭൂപണയബാങ്കു്, കാൎഷികാശ്വാസനിയമം എന്നിവ ഇവയിൽ പ്രധാനപ്പെട്ടവ

യാണ്. എറണാകുളത്തും തൃശ്ശിവപേരൂരും വിദ്യുച്ഛക്തി ഏൎപ്പെടുത്തിയതും, മട്ടാഞ്ചേരിയിലേയ്ക്കു കുഴൽവെള്ളം എത്തിച്ചതും ഇക്കാലത്താണ്. എറണാകുളത്തേയും തൃശ്ശിവപേരൂരിനേയും കൂടുതൽ അധിവാസയോഗ്യമാക്കത്തക്കവണ്ണം പല പരിഷ്കാരങ്ങളും ഇക്കാലത്തു നടത്തിയിട്ടുണ്ട്. മനോഹരങ്ങളായ രാംമോഹൻ പാലസ്സും, തൃശ്ശിവപേരൂർ ടൌൺഹാളും, ഇരിങ്ങാലക്കുടയ്ക്കുള്ള ഷൺമുഖം തോടും ഇക്കാലത്തു പണിയിച്ചിട്ടുള്ളതാണ്. ഈ ഭരണകാലത്ത് ആയുൎവ്വേദസമ്പ്രദായത്തിൽ സൌജന്യചികിത്സയ്ക്കുള്ള സൌകൎയ്യങ്ങൾ ഗവൎമ്മേണ്ടിൽനിന്നും വളരെ വൎദ്ധിപ്പിയ്ക്കുകയും അതിന്നായി വളൎന്നുവരുന്ന ഒരു ഡിപ്പാൎട്ടുമെണ്ടുതന്നെ ഏൎപ്പെടുത്തുകയും ചെയ്തു. കൊച്ചിയിലെ നിയമങ്ങളേയും നിയമനടപടികളേയും ബ്രിട്ടീഷിന്ത്യയിലെപ്പോലെയാക്കി പരിഷ്കരിയ്ക്കുകയും, മുനിസിപ്പാലിററികളുടെ ഭരണത്തെ നവീകരിയ്ക്കുകയും ഇക്കാലത്തു ചെയ്തിട്ടുണ്ട്.

മേൽ വിവരിച്ച പല ഭരണപദ്ധതികൾക്കും പുറമെ ഇക്കാലത്തുണ്ടായിട്ടുള്ള രണ്ടു പ്രധാന സംഗതികൾ കൊച്ചിരാജ്യത്തെ ഏററവും സുപ്രസിദ്ധമാക്കുകയും ശോഭനവും സമൃദ്ധികരവുമായ ഒരു ഭാവിയിലേയ്ക്കു കൊച്ചിയ്ക്കു വഴി കാണിയ്ക്കുകയും ചെയ്യുന്നുണ്ട്. അവയിൽ ആദ്യത്തേതു് കൊച്ചിത്തുറമുഖത്തിൻെറ പരിഷ്കരണവും മറേറതു് മഹാരാജാവു തിരുമനസ്സുകൊണ്ടു ദിവാൻജിയുടെ ഉപദേശപ്രകാരം ഏൎപ്പെടുത്തിയ ഭരണപരിഷ്കാരവുമാണ്.

വളരെക്കാലം മുമ്പുമുതൽ പരിഷ്കരണം ആരംഭിച്ച് പല വിഷമഘട്ടങ്ങളേയും കടന്ന്, ഇപ്പോൾ കൊച്ചി



ഇപ്പോഴത്തെ ദിവാൻ
സർ ഷൺമുഖം ചെട്ടി

ത്തുറമുഖം ലോകത്തിലുള്ള ഏററവും നല്ല തുറമുഖങ്ങളിൽ ഒന്നായിത്തീന്നിരിയ്ക്കുന്നു. ബ്രിട്ടീഷിന്ത്യയ്ക്കും തിരുവിതാംകൂറിന്നും പങ്കുള്ള ഈ തുറമുഖത്തിൻെറ പരിഷ്കരണകാര്യത്തിൽ നിയമപരമായും അവകാശപരമായുമുള്ള പല കുഴപ്പങ്ങളും തീൎന്ന് അതിൻെറ അവസാനഘട്ടത്തിൻെറ പണി പൂൎത്തിയാക്കപ്പെട്ടതു് സർക്കാർ ഷൺമുഖത്തിൻെറ നയവൈദഗ്ദ്ധ്യംകൊണ്ടാണെന്നു് സൎവ്വരും സമ്മതിയ്ക്കുന്നുണ്ടു്. അതോടുകൂടി തീവണ്ടിപ്പാത തുറമുഖംവരെ നീട്ടുകയും ചെയ്തു. ഇന്ത്യയും ബാഹ്യലോകവുമായുള്ള വ്യാപാരത്തിൽ ദിനംപ്രതി വൎദ്ധിച്ചുവരുന്ന ഒരു പങ്കു വഹിയ്ക്കുന്ന ഈ തുറമുഖം കൊച്ചിയുടെ പ്രശസ്തിയ്ക്കെന്നപോലെ മുതലെടുപ്പിൻെറ വൎദ്ധനയ്ക്കും വലിയ സഹായമായിത്തീന്നിട്ടുണ്ടു്.

രാജ്യഭരണത്തിൽ ജനപ്രതിനിധികൾക്കു പ്രത്യക്ഷമായും നേരിട്ടുമുള്ള ഒരു പങ്കു നൽകുവാൻവേണ്ടി ഏൎപ്പെടുത്തിയ നിയമനിൎമ്മാണസഭയുടെ അധികാരപരിധിയെ ഇന്ത്യയിൽ മറേറതു നാട്ടുരാജ്യത്തിലും ഉണ്ടായിട്ടില്ലാത്ത ഒരു നിലയിൽ എത്തിച്ചതും ഒരു വലിയ ചരിത്രസംഭവമാണു്. നിയമസഭയിലേയ്ക്കുള്ള വോട്ടവകാശവും നിയമസഭയുടെതന്നെ അധികാരവും ഇതിന്നു മുമ്പു പലപ്പോഴുമായി വിപുലമായിക്കഴിഞ്ഞിരുന്നു. എന്നാൽ 1938 ജൂൺമാസം 17-ാംനു- മഹാരാജാവു തിരുമനസ്സിലെ തിരുനാൾ സംബന്ധിച്ചു് കല്പിച്ചുണ്ടാക്കിയ കൊച്ചി ഭരണനിയമം ഒരു പരിവൎത്തനംതന്നെ ഉണ്ടാക്കി. അതനുസരിച്ചു് ഏതാനും ഡിപ്പാർട്ടുമെൻറുകളുടെ ഭരണം ദിവാൻജിയോടൊപ്പം പ

ഭേിയുള്ള ഒരു തിരഞ്ഞെടുക്കപ്പെട്ട മന്ത്രിയെ ഏല്പിക്കു വാൻ വ്യവസ്ഥ ചെയ്തു. കൃഷി, പരസ്പരസഹായം, പഞ്ചായത്തു, പൊതുജനാരോഗ്യം, വ്യവസായം, അധഃകൃതോദ്ധാരണം, ആയുർവ്വേദം എന്നീ ഗ്രാമോദ്ധാരണവകുപ്പുകളുടെ ഭരണം ഗ്രാമോദ്ധാരണമന്ത്രി എന്നു പേരുള്ള ഒരു മന്ത്രിയെ ഏല്പിക്കുവാൻ തീരുമാനിച്ചു. നിയമസഭയിലെ ഭൂരിപക്ഷകക്ഷിയുടെ നേതാവിനെയാണ് ഇങ്ങനെ മന്ത്രിയായി നിയമിക്കുക എന്ന നടപ്പു സ്വീകരിച്ചു കൊണ്ട് കൊച്ചിൻ കോൺഗ്രസ്സുകക്ഷിയുടെ നേതാവായ അമ്പാട്ടു ശിവരാമമേനോനെ ആദ്യത്തെ മന്ത്രിയായി നിയമിച്ചു. ഏതാനും മാസത്തെ ഭരണത്തിനുശേഷം ശ്രീ. ശിവരാമമേനോൻ അന്തരിക്കുകയും ആ സ്ഥാനത്തേക്കു കൊച്ചിൻ കോൺഗ്രസ്സുകക്ഷിയുടെ പിന്നത്തെ നേതാവായ ഡാക്ടർ എ. ആർ. മേനോനെ നിയമിക്കുകയു ചെയ്തു. ഗ്രാമോദ്ധാരണസംബന്ധമായ മേൽപ്രസ്താവിച്ച വകുപ്പുകളുടെ സംഘടിതമായ പ്രവൎത്തനത്തിന്നായി ചേർപ്പിൽ ഒരു ഗ്രാമോദ്ധാരണകേന്ദ്രവും ഏർപ്പെടുത്തപ്പെട്ടു. പുതിവു ചിലവുകൾക്കു പുറമെ ഗ്രാമോദ്ധാരണത്തിന്ന് ഒരു പദ്ധതിയനുസരിച്ചു പ്രത്യേകം ഓരോ ലക്ഷം ഉറുപ്പിക കഴിഞ്ഞ രണ്ടുകൊല്ലമായി ചിലവുചെയ്തുവരികയും ചെയ്യുന്നു. മേൽപറഞ്ഞ ഭരണനിയമത്തിലെ വ്യവസ്ഥയനുസരിച്ചു കൊച്ചി ചീഫ്കോടതിയെ ഹൈക്കോടതിയായി ഉയൎത്തുകയും ചെയ്തു.

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. M900 Acc. No. 19664

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 1 NOV 2022 | | |
| 11 DEC 2022 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

M900
NAR-K

19664

നാരായണ മേനോൻ

കൊച്ചി രാജ്യ ചരിത്രം

KOTTAYAM PUBLIC LIBRARY
Call No M 900 Acc. No 19664
Author നാരായണ മേനോൻ
Title കൊച്ചി രാജ്യ ചരിത്രം

Indic Digital Archive Foundation
gpura.org